# പഞ്ചഗ്രന്ഥങ്ങൾ

# (PENTATEUCH)

By

SAMSON HENRY, KOLLAM

# പഞ്ചഗ്രന്ഥങ്ങൾ

## (PENTATEUCH)



**SAMSON HENRY**

**KOLLAM**

*FIRST EDITION* : AUGUST 2024

*SECOND EDITION* : NOVEMBER 2024

*PREPARED BY:*

SAMSON HENRY
ZION
ARADHANA NAGAR -22
BEHIND SANKER'S HOSPITAL
KOLLAM - 691 001

Mb: 94474 10769
E-mail : biblegoodnews@gmail.com
Web: biblegoodnews.com

PUBLISHED FOR :

**BIBLE TRAINING CENTRE, KOTTARAKARA**

(SH FILE FOLIO - G / 20-11-2024)

(Updated on 03-12-2024)

# പഞ്ചഗ്രന്ഥങ്ങൾ

# (PENTATEUCH)

## ആമുഖം:

## ബൈബിൾ (BIBLE )

ബൈബിൾ ദൈവവചനമാണ്. ദൈവീകഅരുളപ്പാടുകൾ പരിശുദ്ധാത്മസഹായത്താൽ എഴുതപ്പെട്ടിരിക്കുന്നു. ഇതു ലോകചരിത്രത്തെയോ, മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയെയോ, സംസ്കാരത്തെയോ വിശദീകരിക്കുന്ന ഒരു ഗ്രന്ഥമല്ല. എന്നാൽ ലോകത്തെയും മനുഷ്യരെയും ഏറ്റവുമധികം സ്വാധീനിക്കുന്ന ഒരു ഗ്രന്ഥമാണ്. ഇതിൽ മനുഷ്യരെക്കുറിച്ചുള്ള ദൈവീകോദ്ദേശ്യവും, മനുഷ്യന്റെ രക്ഷയ്ക്കുള്ള കാര്യങ്ങളും അടങ്ങയിരിക്കുന്നു. ദൈവം എന്ന സർവ്വശക്തനായ ആളത്വത്തെ തെളിയിക്കുവാനൊരുങ്ങാതെ ദൈവത്തിന്റെ പ്രവർത്തനങ്ങളെയും മനുഷ്യരോടുള്ള ദൈവസ്നേഹത്തെയും ബൈബിൾ പ്രദർശിപ്പിക്കുന്നു. *"ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ"* എന്നു ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു (എബ്രായർ 11:6). ദൈവത്തിന്റെ ആസ്തിത്വത്തെ ഉറപ്പിച്ച്, ആരംഭിക്കുന്ന ബൈബിൾ, വായിക്കുന്തോറും പുതുമ വർദ്ധിക്കുന്നു; ദൈവത്തിൽ ആശ്രയം വെച്ച് ദൈവഹിതപ്രകാരം ജീവിക്കുന്നതിനു സാധിക്കുന്നു. ബൈബിളിൽ 66 വ്യത്യസ്തങ്ങളായ പുസ്തകങ്ങളും മുപ്പതിനായിരത്തിൽപരം വാക്യങ്ങളും അടങ്ങിയിരിക്കുന്നുവെങ്കിലും ആദ്യം മുതൽ അവസാനം വരെ ഒരു വിഷയം പരാമർശിക്കപ്പെടുന്നു — ദൈവവും മനുഷ്യനുമായുള്ള ബന്ധം. മനുഷ്യവർഗ്ഗത്തോടുള്ള ദൈവസ്നേഹം പുസ്തകങ്ങളിലുടനീളം നിറഞ്ഞു നിൽക്കുന്നു. 119-ാം സങ്കീർത്തനത്തിൽ *യഹോവയുടെ ന്യായപ്രമാണം, സാക്ഷ്യങ്ങൾ, പ്രമാണങ്ങൾ, ചട്ടങ്ങൾ, കൽപ്പനകൾ, വിധികൾ, വാഗ്ദത്തങ്ങൾ, വചനം, സത്യത്തിന്റെ വചനം, വഴികൾ* തുടങ്ങിയ വിവിധ പേരുകളിൽ ദൈവവചനത്തിന്റെ ശ്രേഷ്ഠത, ഉന്നതി, ആവശ്യകത, പ്രയോജനങ്ങൾ എന്നിവ വ്യക്തമാക്കുന്നു.

മനുഷ്യന്റെ അടിസ്ഥാനപരമായ സകലചോദ്യങ്ങൾക്കും ഉത്തരം ബൈബിളിൽ പ്രതിപാദിച്ചിട്ടുണ്ട് എന്നുള്ളതു ലോകത്തിൽ മറ്റൊരു ഗ്രന്ഥത്തിനും ഇല്ലാത്ത സവിശേഷതയാണ്. ഉദാഹരണം —

**(1) ഞാനാരാണ് ? ഞാൻ എവിടെ നിന്നു വരുന്നു?**

ഉത്തരം —>

**ഉല്പ.1:26,27** — *"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതികളിന്മേലും വാഴട്ടെ എന്നു കല്പിച്ചു. ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു."*

**ഉല്പ.2:7** — *"യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു."*

**(2) ഞാൻ ഇവിടെ ആയിരിക്കുന്നതു എന്തിനാണ്?**

ഉത്തരം —>

**സഭാ.12:13** — *"എല്ലാറ്റിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നതു."*

**(3) ഞാൻ എവിടേക്കു പോകുന്നു?**

ഉത്തരം —>

**ലൂക്കൊ.16:22,23** — *"ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടു പോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തു നിന്നു അബ്രഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു."*

**യോഹ.3:16–18 —** *"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്ക പ്പെടുവാനത്രേ. അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു."*

**സങ്കീ.23:1,6 —** *"യഹോവ എന്റെ ഇടയൻ ആകുന്നു; എനിക്കു മുട്ടുണ്ടാകയില്ല. പച്ചയായ പുല്പു റങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു."*

**വെളി.20:15 —** *"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളി യിടും."*

**(4) മരണശേഷം എനിക്ക് എന്തു സംഭവിക്കുന്നു?**

ഉത്തരം —>

**സഭാ.12:5, 7 —** *"........ മനുഷ്യൻ തന്റെ ശാശ്വതഭവനത്തിലേക്കു പോകും;.....പൊടി പണ്ടു ആയി രുന്നതുപോലെ ഭൂമിയിലേക്കു തിരികെച്ചേരും; ആത്മാവു അതിനെ നല്കിയ ദൈവത്തിന്റെ അടുക്ക ലേക്കു മടങ്ങിപ്പോകും."*

**യോഹ.11:25,26 —** *"യേശു അവളോടു: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല."*

**(5) നിത്യമരണത്തിൽ നിന്നു എന്നെ ആർ വിടുവിക്കും?**

ഉത്തരം —>

**റോമ.7:2425 —** *"അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിന്നു അധീനമായ ശരീര ത്തിൽ നിന്നു എന്നെ ആർ വിടുവിക്കും? നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു."*

**അപ്പൊ.4:12 —***"മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല."*

ലോകത്തിന്റെ കാലഗതിയനുസരിച്ച് മാറ്റമില്ലാത്തതായി ഒരു ഗ്രന്ഥം ഉണ്ടെങ്കിൽ അതു ദൈവ വചനമായ ബൈബിൾ തന്നെയാണ്. **സങ്കീ.119:89 —***"യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു."* സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനം പരിശുദ്ധാത്മനിയോ ഗത്താൽ ദൈവദാസന്മാരാൽ എഴുതപ്പെട്ടു നമുക്കു ലഭിച്ചിരിക്കുന്നു. കാലങ്ങൾ ഏറെ കഴിഞ്ഞിട്ടും, ശാസ്ത്രം പുരോഗമിച്ചിട്ടും, ആധുനികയുഗത്തിലും മാറ്റമില്ലാതെ, തെറ്റുകളില്ലാതെ, പുതുമയോടെ നില നിൽക്കുന്നതു ഇതു ദൈവത്തിന്റെ വചനം ആയതിനാലാണ്. മനുഷ്യർ സ്വാർത്ഥതാത്പര്യങ്ങൾക്കും, തങ്ങളുടേതായ ഉപദേശങ്ങൾ ന്യായീകരിക്കുന്നതിനും ഇതിലെ ഉപദേശങ്ങൾക്കു മാറ്റം വരുത്താൻ ശ്രമിക്കാറുണ്ട്. എന്നാൽ ദൈവശ്വാസീയമായ തിരുവചനത്തിൽ മാറ്റം വരുത്തുവാൻ പാടില്ല എന്നു ബൈബിളിന്റെ ആരംഭത്തിലും, മദ്ധ്യഭാഗത്തും, അവസാനഭാഗത്തും ദൈവാത്മാവ് രേഖപ്പെടുത്തിയി രിക്കുന്നു. അങ്ങനെ ആരെങ്കിലും ചെയ്താൽ ശിക്ഷിക്കപ്പെടും എന്ന മുന്നറിയിപ്പും ഉണ്ട്.

**ആവ.4:2 —** *"ഞാൻ നിങ്ങളോടു കല്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പന കളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോടു കല്പിക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽ നിന്നു കുറെക്കയോ ചെയ്യരുതു."*

**സദൃ.30:6—***"അവന്റെ വചനങ്ങളോടു നീ ഒന്നും കൂട്ടരുതു."*

**വെളി.22:18,19 —** *"ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീ കരിക്കുന്നതെന്തെന്നാൽ : അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധ കളെ ദൈവം അവന്നു വരുത്തും. ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽ നിന്നും ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗ രത്തിലും അവന്നുള്ള അംശം ദൈവം നീക്കിക്കളയും."*

-----------------------------------

## ബൈബിൾ എന്ന പേരിന്റെ ഉത്ഭവം —

BIBLE എന്ന പേരിന്റെ ഉത്ഭവം ബിബ്ളോസ് (biblos), ബിബ്ളിയോൺ (biblion) എന്നീ രണ്ടു ഗ്രീക്കു പദങ്ങളിൽ നിന്നു വന്നിട്ടുള്ളതാണ്. ബിബ്ളോസ് എന്ന ഗ്രീക്കു പദത്തിനർത്ഥം പുസ്തകം (books)അഥവാ എഴുത്തുകൾ (writings) എന്നാണ്. പാപ്പിറസ്സു (Papyrus) ചെടിയിൽ നിന്നും രൂപപ്പെടുത്തി എടുത്തിട്ടുള്ള ചുരുളുകളാണ് പ്രാചീനകാലത്തു എഴുതുവാൻ ഉപയോഗിച്ചിരുന്നത്. ഈ പാപ്പിറസ്സു ചുരുളുകളെ ബിബ്ളോസ് ( biblos) അഥവാ പുസ്തകങ്ങൾ (the books) എന്നു ഫ്രഞ്ചുഭാഷയിൽ അറിയപ്പെട്ടിരുന്നു. എ.ഡി. രണ്ടാം നൂറ്റാണ്ടിൽ തിരുവെഴുത്തുകൾക്ക് റ്റാബിബ്ളിയാ (TA BIBLIA) എന്നു പേരു വിളിച്ചിരുന്നതായി സഭാചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. വേദപുസ്തകം ഇംഗ്ളീഷ് ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയ വിക്ളിഫ് (Wycliffe), വേദപുസ്തകത്തിനു ബൈബിൾ (Bible) എന്നു നാമകരണം ചെയ്തിരുന്നതായും കാണുന്നു.

ബൈബിൾ (BIBLE) എന്നതിലുള്ള ഇംഗ്ലീഷ് അക്ഷരങ്ങൾക്ക് രണ്ടു ദൈവദാസന്മാർ ഇപ്രകാരം നിർവ്വചനം നൽകിയിരിക്കുന്നു

I

| | | |
|---|---|---|
| BIBLE | B | BLESSED |
| | I | INFORMATIONS |
| | B | BRINGING |
| | L | LIFE |
| | E | ETERNAL |
| നിത്യജീവനിലേക്ക് നയിക്കുന്ന അനുഗ്രഹസന്ദേശങ്ങൾ<br>(Blessed Infomations Bringing Life Eternal) | | |

II

| | | |
|---|---|---|
| BIBLE | B | BASIC |
| | I | INFORMATIONS |
| | B | BEFORE |
| | L | LEAVING |
| | E | EARTH |
| ഭൂമിയിൽ നിന്നു പോകുന്നതിനു മുമ്പു അറിഞ്ഞിരിക്കേണ്ട അടിസ്ഥാന പ്രമാണങ്ങൾ<br>(Blessed Infomations Before Leaving Earth) | | |

## ബൈബിൾ എഴുതിയിരുന്ന ഭാഷ —

**പഴയനിയമം** എബ്രായഭാഷയിലും **പുതിയനിയമം** ഗ്രീക്കുഭാഷയിലുമാണ് എഴുതിയിരുന്നത്. മറ്റു ഭാഷകളായ അരാമ്യ, ഈജിപ്ഷ്യൻ ഭാഷകൾക്കും സ്വാധീനമുണ്ട്.

## ബൈബിളിന്റെ എഴുത്തുകാർ, കാലം, സ്ഥലം —

ഹോരേബിൽ വച്ച് സകലത്തിന്റെയും സൃഷ്ടികർത്താവായ, സർവ്വശക്തനായ യഹോവയാം ദൈവം തന്റെ തിരുവിരലുകളാൽ എഴുതി ബൈബിളിനു ആരംഭം കുറിച്ചു (പുറ. 24:12/31:18). തുടർന്നു മോശെ പഞ്ചഗ്രന്ഥങ്ങൾ (ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യാ, ആവർത്തനം), ദൈവം പറഞ്ഞ വാക്കുകളാൽ എഴുതി (പുറ.34:27). ദൈവീകവെളിപ്പാടുകൾ പരിശുദ്ധാത്മസഹായത്താൽ ദൈവദാസന്മാർ എഴുതി. 66 വ്യത്യസ്ഥപുസ്തകങ്ങൾ ആണെങ്കിലും അവ തമ്മിലുള്ള ഐക്യത നിമിത്തം **"തിരുവെഴുത്ത് "** എന്ന ഒററവാക്കിൽ വേദപുസ്തകത്തെ നാമകരണം ചെയ്യാം.

ഏകദേശം ബി.സി.1500 മുതൽ എ.ഡി. 100 വരെയുള്ള (BC= Before Christ --- ക്രിസ്തുവിനു മുമ്പ് / AD = Anno Domini = In the year of our LORD —നമ്മുടെ കർത്താവിന്റെ വർഷം — ക്രിസ്തുവിനു ശേഷം) 1600 വർഷങ്ങൾ കൊണ്ടു നാൽപതോളം എഴുത്തുകാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വെച്ചു പരിശുദ്ധാത്മസഹായത്താൽ വിശുദ്ധബൈബിളിലെ പുസ്തകങ്ങൾ എഴുതി. രാജാക്കന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഗായകന്മാർ, മുക്കുവർ, വേദശാസ്ത്രികൾ, വൈദ്യൻ തുടങ്ങി ജീവിതത്തിലെ വിവിധ തുറകളിലുള്ളവർ എഴുത്തുകാരിൽ ഉൾപ്പെടുന്നു. ബൈബിൾ എഴുതപ്പെട്ട സ്ഥലങ്ങളും വിഭിന്നങ്ങളായിരുന്നു. സീനായ് മരുഭൂമി, പാലസ്റ്റീനിലെ മലകളും പട്ടണങ്ങളും, ദൈവാലയത്തിന്റെ പ്രാകാരം, പേർഷ്യൻ തലസ്ഥാനമായ ശൂശൻ, ബാബിലോണിലെ കേബാർ നദീതീരം, രാജകൊട്ടാരം, റോമിലെ കാരാഗൃഹം, കരിമ്പാറകൂട്ടങ്ങളാൽ നിബിഡവും ഏകാന്തവുമായ പത്മൊസ്ദ്വീപ് ഒക്കെ ഇതിൽ ഉൾപ്പെടുന്നു. വെട്ടുകുഴിയിൽ വെച്ചുതന്നേ കുറവുതീർത്ത കല്ലുകൊണ്ടു (ശലോമോൻ) ആലയം പണിതതിനാൽ അതു പണിയുന്ന സമയത്തു ചുറ്റിക, മഴു മുതലായ യാതൊരു ഇരുമ്പായുധത്തിന്റെയും ഒച്ച ആലയത്തിങ്കൽ കേൾപ്പാനില്ലായിരുന്നു എന്നു 1.രാജാ.6:7-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇന്നും യാതൊരു തിരുത്തലും ആവശ്യമില്ലാതെ ദൈവിക തിരുവചനമായ ബൈബിൾ മാറ്റമില്ലാത്തതായി പരിലസിക്കുന്നു. പരസ്പരധാരണയോ, ബന്ധമോ ഇല്ലാതെ നാൽപതോളം എഴുത്തുകാർ, വിവിധ സ്ഥലങ്ങളിൽ വെച്ചു എഴുതിത്തീർത്ത 66 പുസ്തകങ്ങളുടെ ഒരു കൂട്ടമാണ് (bunch) ബൈബിൾ. അവസാനഎഴുത്തുകാരൻ ജനിക്കുന്നതിനു നൂറുകണക്കിനു വർഷങ്ങൾക്കു മുമ്പുതന്നെ ആദ്യഎഴുത്തുകാരൻ അന്തരിച്ചിരുന്നു. എന്നിട്ടും ഒരു എഴുത്തുകാരന്റെ കൃതി എന്നപോലെ അന്യൂനമായിരിക്കുന്നതിന്റെ കാരണം ദൈവാത്മാവാണ് എഴുത്തുകാരെ ഒരുക്കിയതും, ദൈവീകഅരുളപ്പാടുകളാണ് അവർ എഴുതിയതും എന്നതാണ്. ഇതു**"യഹോവയുടെ പുസ്തകം"** ആണെന്നു യെശയ്യാവു. 34:16-ൽ കാണുന്നു. ബൈബിളിലെ എല്ലാ തിരുവെഴുത്തുകളും ദൈവശ്വാസീയവും, പരിശുദ്ധാത്മപ്രേരണയാൽ എഴുതപ്പെട്ടിട്ടുള്ളതുമാണ് (2.തിമൊ.3:16/2.പത്രൊ.1:21).

## ബൈബിളിലെ മുഖ്യപ്രമേയം —

ബൈബിളിലെ മുഖ്യപ്രമേയം യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിലൂടെയാണ് ദൈവത്തിന്റെ സമ്പൂർണ്ണവെളിപ്പാട് മനുഷ്യവർഗ്ഗത്തിനു ലഭിച്ചിരിക്കുന്നത് (എബ്രാ.1:1-4). ലോകരക്ഷിതാവും ദൈവവുമായ യേശുക്രിസ്തു ഭൂമിയിൽ മനുഷ്യനായി ജനിക്കും എന്നു പ്രവാചകന്മാർ പ്രവചിച്ചതുമുതൽ യേശുക്രിസ്തു തന്നേ തന്റെ രണ്ടാം വരവിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാവികാര്യങ്ങൾ ഉൾപ്പെടെയുള്ളവ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പാപം മൂലം ദൈവസന്നിധിയിൽ നിന്നും അകന്നുപോയ മനുഷ്യവർഗ്ഗത്തിനു യേശുക്രിസ്തുവിലൂടെ പാപമോചനവും, വീണ്ടെടുപ്പും, നീതീകരണവും ലഭിച്ചു ഭാവിപ്രത്യാശയും, സ്വർഗ്ഗീയ അനുഗ്രഹങ്ങളും പങ്കിടുന്നതും വിശദീകരിച്ചിരിക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കുന്നവർക്കു നിത്യജീവനും സ്വർഗ്ഗഭാഗ്യവും ഒരുക്കിയിരിക്കുമ്പോൾ സുവിശേഷത്തിൽ വിശ്വസിക്കാതെ മറുതലിക്കുന്നവർക്കു നിത്യമരണവും നിത്യനരകവും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭൂതം ഭാവി വർത്തമാനകാലങ്ങളിൽ മനുഷ്യരോടുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങളെ ബൈബിൾ വിശദീകരിക്കുന്നു.

## ബൈബിളിന്റെ പ്രത്യേകത —

ലോകത്തെയും ലോകജനതയെയും ഇത്രയേറെ സ്വാധീനിച്ചിട്ടുള്ള മറ്റൊരു ഗ്രന്ഥമില്ല. ബൈബിൾചരിത്രത്തെയും അതിലടങ്ങിയിരിക്കുന്ന ദൂതുകളെയും മനസ്സിലാക്കാതെ ലോകജനതയെയും അവരുടെ സംസ്കാരത്തെയും പറ്റി മനസ്സിലാക്കുവാൻ പ്രയാസമാണ്. തിരുവെഴുത്തു ദൈവശ്വാസീയമാകയാൽ ഇതൊരു ആധികാരികഗ്രന്ഥമായി എടുക്കാം. ലോകത്തിൽ ഏറ്റവും കൂടുതൽ വില്പനയുള്ള പുസ്തകം, ഏറ്റവും കൂടുതൽ ഭാഷകളിലേക്കു പരിഭാഷപ്പെടുത്തിയ പുസ്തകം, ഏറ്റവും അധികം അച്ചടിക്കപ്പെടുന്ന പുസ്തകം എന്നീ നിലകളിലും ബൈബിൾ മുന്നിലാണ്. ബൈബിളിലെ ഓരോ പുസ്തകത്തെക്കുറിച്ചും, അതിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളെക്കുറിച്ചും എഴുതപ്പെട്ടുകൊണ്ടിരിക്കുന്ന പ്രസിദ്ധീകരണങ്ങളും എണ്ണമറ്റതാണ്.

ഇത്രയേറെ പരാമർശിക്കപ്പെടുകയും, എഴുതപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന മറ്റൊരു ഗ്രന്ഥവും ഇല്ല. ഇതിന്റെ എഴുത്തുകാരായ ദൈവദാസന്മാർ, പരിഭാഷപ്പെടുത്തിയവർ, അച്ചടിച്ചവർ, വിതരണം ചെയ്തവർ, ആശയം പങ്കുവെച്ചവർ എന്നിങ്ങനെ ഈ ഗ്രന്ഥത്തോടു ബന്ധപ്പെട്ടവർ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും രക്തസാക്ഷിമരണം കൈവരിക്കപ്പെടുകയും ചെയ്ത വിവരങ്ങളും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണകർത്താക്കൾ ഈ ഗ്രന്ഥത്തെ ഭൂമിയിൽ നിന്നു ഉന്മൂലനം ചെയ്യുവാൻ തീയ്ക്കു ഇരയാക്കിയിട്ടുണ്ട്. സകലവിധ എതിർപ്പുകളെയും അതിജീവിച്ച് പ്രാധാന്യത്തോടെ നിൽക്കുന്നത് ഇതു ദൈവത്തിന്റെ വചനം ആയതിനാലാണ്.

## ബൈബിളിന്റെ പ്രാധാന്യം:

(1) ദൈവിക വിശ്വാസത്തിന്റെ ആധാരം

(2) ദൈവം മനുഷ്യനോട് സംസാരിക്കുന്ന മാദ്ധ്യമം

(3) മനുഷ്യന് ദൈവത്തെ അറിയുവാനുള്ള മാദ്ധ്യമം

(4) മാറ്റമില്ലാത്തതും, ദൈവശ്വാസീയവും (2 തിമോ. 3:16)

(5) മനുഷ്യന്റെ രക്ഷയും, വീണ്ടെടുപ്പും, നിത്യജീവനും രേഖപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥം

(6) രക്ഷയ്ക്കുള്ള ദൈവശക്തിയായ സുവിശേഷം അടങ്ങിയിരിക്കുന്നു (റോമ.1:16,17)

(7) രക്ഷ പ്രാപിപ്പാനുള്ള ജ്ഞാനം ലഭിക്കുന്നു (2.തിമൊ.3:14)

(8) വിശ്വാസജീവിതത്തിലെ ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസത്തിനുമുള്ള കാര്യങ്ങൾ അടങ്ങിയിരിക്കുന്നു (2.തിമൊ.3:17)

(9) വിശ്വാസികൾക്കു ഭാവിപ്രത്യാശ നൽകുന്നു (റോമ.15:4)

(10) ദൈനംദിനജീവിതത്തിനു മാർഗ്ഗനിർദ്ദേശം ലഭിക്കുന്നു (സങ്കീ.119:105/യോശു.1:8).

---

# പഞ്ചഗ്രന്ഥങ്ങൾ (PENTATEUCH)

ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളായ ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യാ, ആവർത്തനം എന്നിവ മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ (PENTATEUCH) എന്നറിയപ്പെടുന്നു. അഞ്ചു ചുരുളുകൾ എന്നർത്ഥമുള്ള പെന്ററൂക്കൊസ് (PENTATEUCHOS) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് പെന്ററൂക്ക് (PENTATEUCH) എന്ന പേര് ലഭിച്ചത്. മോശെയുടെ ഈ അഞ്ചു പുസ്തകങ്ങളെ ഒരുമിച്ച് പെന്ററൂക്ക് (PENTATEUCH = five books / five volumes / five scrolls) എന്നറിയപ്പെടുന്നു. പെന്റെ (PENTE) എന്നാൽ അഞ്ച് എന്നും റ്റൂക്കോസ് (TEUCHOS) എന്നാൽ പുസ്തങ്ങൾ എന്നുമാണർത്ഥം. ഈ രണ്ടു ഗ്രീക്കു പദങ്ങൾ ചേർത്തു പഞ്ചപുസ്തകങ്ങൾ അഥവാ പഞ്ചഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്നു.

പഞ്ചഗ്രന്ഥങ്ങളെ ന്യായപ്രമാണപുസ്തകങ്ങൾ അഥവാ നിയമഗ്രന്ഥങ്ങൾ എന്നും അറിയപ്പെടുന്നു. മോശെ മുഖാന്തരം ദൈവം യിസ്രായേലിനോടു ചെയ്ത നിയമങ്ങളും ഉടമ്പടികളുമായതിനാലാണ് ഇതിനെ നിയമഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നത്. യഹൂദന് ഈ പഞ്ചഗ്രന്ഥങ്ങൾ തോറാ (Torah) എന്ന പേരിൽ അറിയപ്പെടുന്നു. മോശെയുടെ മരണത്തെക്കുറിച്ചു പറയുന്ന ആവർത്തനപുസ്തകത്തിലെ അവസാനഭാഗമൊഴിച്ചുള്ളതെല്ലാം (ആവ.34) ഉൾക്കൊള്ളുന്ന പഞ്ചഗ്രന്ഥം മോശെ എഴുതിയതാണ്. യിസ്രായേൽ ദൈവത്തിന്റെ ജനവും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരുമാണ്. അവർക്കാണ് ന്യായപ്രമാണവും നിയമങ്ങളും വാഗ്ദത്തങ്ങളും ലഭിച്ചത്. അവരിലൂടെയാണ് വാഗ്ദത്ത മശീഹായും ലോകത്തിനു ലഭിച്ചത് (റോമ.3:1/റോമ.9:4,5).

**പഞ്ചഗ്രന്ഥങ്ങളുടെ ഉള്ളടക്കം —**

പ്രപഞ്ചസൃഷ്ടി, അബ്രഹാമിനോടുള്ള ഉടമ്പടി, അബ്രഹാമിന്റെ സന്തതിയോടുള്ള ദൈവീക ഇടപെടലും കരുതലും, മോശെയുടെ മരണം വരെയുള്ള കാര്യങ്ങളും പഞ്ചഗ്രന്ഥത്തിൽ കാണുന്നു.

**(1) ഉല്പത്തി** : സകലത്തിന്റെയും ആരംഭം കുറിക്കുന്നു. സർവ്വശക്തനും, സർവ്വജ്ഞാനിയും, സൃഷ്ടികർത്താവുമായ ദൈവം സൃഷ്ടിയെക്കുറിച്ചുള്ള സകലതും മോശെക്കു വെളിപ്പെടുത്തിക്കൊടുത്തു. മോശെ ജനിക്കുന്നതിനു മുമ്പുള്ള പ്രപഞ്ചസൃഷ്ടിയുൾപ്പെടെയുള്ള സകലതും ദൈവം പറഞ്ഞു കൊടുത്തപ്രകാരം മോശെ എഴുതി. സൃഷ്ടിയിൽ പ്രപഞ്ചത്തിന്റെയും, സകലജീവജാലങ്ങളുടെയും മനുഷ്യന്റെയും സൃഷ്ടി ഉൾപ്പെടുന്നു. കൂടാതെ മനുഷ്യന്റെ വീഴ്ച, ജലപ്രളയം, ബാബേൽ ഗോപുരം എന്നിവയെയും കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു. അബ്രഹാമിന്റെ വിളി, അബ്രഹാമിനോടു ചെയ്ത ഉടമ്പടി, യിസ്ഹാക്ക്, യാക്കോബ്, യോസേഫ് എന്നിവരുടെ ജീവചരിത്രം, യിസ്രായേൽ മിസ്രയീമിൽ പാർത്തത് എന്നിവയെല്ലാം ഇവിടെ കാണുന്നു. യെഹൂദാജാതിയുടെ ആരംഭം ഇതിൽ കാണുന്നു.

**(2) പുറപ്പാട്** : യെഹൂദാജാതി (യിസ്രയേൽ ജനം) ഈജിപ്ററിൽ (മിസ്രയിമിൽ) അടിമകളായി കഴിയേണ്ടി വന്നു. ദൈവം അവരെ അടിമത്വത്തിൽ നിന്നും മോശെയിലൂടെ വിടുവിക്കുന്ന ചരിത്രമാണിത്. മോശെ മിസ്രയീമിൽ നിന്നു പുറപ്പെടുന്നു. സീനായിൽ വെച്ചു ദൈവം തന്റെ ജനത്തിനു മോശെയിലൂടെ ന്യായപ്രമാണം നല്കുന്നു. ദൈവം അവരുടെ മദ്ധ്യേ വസിക്കുന്നതിനു സമാഗമനകൂടാരം നിർമ്മിക്കുവാൻ മോശെയോടു കല്പിക്കുന്നു.

**(3)ലേവ്യപുസ്തകം:** ദൈവജനം ദൈവത്തെ ആരാധിക്കുവാനും, സേവിക്കുവാനും ആവശ്യമായ കല്പനകൾ ഇതിൽ വിവരിക്കുന്നു. ലേവ്യപൗരോഹിത്യം, വിവിധയാഗങ്ങൾ, ഉത്സവങ്ങൾ, പെരുന്നാളുകൾ, വിശുദ്ധീകരണ കല്പനകൾ ഇവയെല്ലാം അടങ്ങിയിരിക്കുന്നു.

**(4)സംഖ്യാപുസ്തകം:** യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണിത്. ജനസംഖ്യാനിർണ്ണയം, മരുപ്രയാണം, ദൈവത്തോടുള്ള മറുതലിപ്പ് ഇവ അടങ്ങിയിരിക്കുന്നു. അവിശ്വാസത്താലുള്ള അലഞ്ഞുതിരിയൽ, വാഗ്ദത്തദേശം പ്രാപിക്കുവാനുള്ള പുതിയ തലമുറയുടെ ഒരുക്കം എന്നിവയും ഉൾപ്പെടുന്നു.

**(5) ആവർത്തനപുസ്തകം** : മോശെയുടെ അന്ത്യവാക്കുകൾ, ദൈവമുമ്പാകെ ജനത്തിന്റെ പുനഃപ്രതിഷ്ഠയ്ക്കുള്ള ആഹ്വാനം എന്നിവ കാണാം. മോശെ പിസ്ഗാപർവ്വതത്തിൽ നിന്നു വാഗ്ദത്ത ദേശം കാണുന്നു, മോശെയുടെ മരണം എന്നിവ ഉൾപ്പെടുന്നു. മോശെക്കു മുമ്പുള്ള സൃഷ്ടിവിവരങ്ങൾ ദൈവാത്മ പ്രേരണയാൽ മോശെ എഴുതിയതാണ്.

## പഞ്ചഗ്രന്ഥങ്ങൾ — (PENTATEUCH)

| | | |
|---|---|---|
| 1 | ഉല്പത്തി<br>GENESIS | ആരംഭങ്ങളുടെ പുസ്തകം<br>Book of Beginnings |
| 2 | പുറപ്പാട്<br>EXODUS | വീണ്ടെടുപ്പിന്റെ പുസ്തകം<br>Book of Redemption |
| 3 | ലേവ്യപുസ്തകം<br>LEVITICUS | വിശുദ്ധിയുടെ പുസ്തകം<br>Book of Holiness |
| 4 | സംഖ്യാപുസ്തകം<br>NUMBERS | മരുഭൂമിയിലെ യാത്ര<br>Book of Wandering / Wilderness Life |
| 5 | ആവർത്തനപുസ്തകം<br>DEUTERONOMY | ഓർമ്മയുടെയും<br>തിരിഞ്ഞു നോട്ടത്തിന്റെയും<br>സമർപ്പണത്തിന്റെയും പുസ്തകം<br>Book of Remembrance, Looking back and Surrender |

## പഞ്ചഗ്രന്ഥങ്ങൾ പ്രധാനവാക്കുകളും വിഷയവും
(KEY WORDS AND THEME OF PENTATEUCH)

| | പുസ്തകം<br>BOOK | പ്രധാന വാക്ക്<br>KEY WORD | വിഷയം<br>THEME | മനുഷ്യൻ<br>MAN |
|---|---|---|---|---|
| 1 | ഉല്പത്തി<br>GENESIS | ആരംഭം<br>BEGINNING | രാഷ്ട്രത്തിന്റെ ആരംഭം<br>ORIGIN OF THE NATION | പാപത്തിൽ<br>UNDER SIN |
| 2 | പുറപ്പാട്<br>EXODUS | വീണ്ടെടുപ്പ്<br>REDEMPTION | രാഷ്ട്രത്തിന്റെ വീണ്ടെടുപ്പ്<br>REDEMPTION OF THE NATION | വീണ്ടെടുത്തു<br>REDEEMED |
| 3 | ലേവ്യാപുസ്തകം<br>LEVITICUS | വിശുദ്ധി<br>HOLINESS | രാഷ്ട്രത്തിന്റെ വിശുദ്ധീകരണം<br>SANCTIFICATION OF THE NATION | ആരാധിക്കുന്നു<br>WORSHIPPING |
| 4 | സംഖ്യാപുസ്തകം<br>NUMBERS | അലഞ്ഞു തിരിയൽ<br>WANDERING | രാഷ്ട്രത്തിന്റെ അവിശ്വാസം<br>UNBELIEF OF THE NATION | പിറുപിറുക്കുന്നു<br>MURMURING |
| 5 | ആവർത്തനപുസ്തകം<br>DEUTERONOMY | തിരിഞ്ഞുനോട്ടം ഓർമ്മ<br>REVIEW REMEMBER | രാഷ്ട്രത്തോടുള്ള ഉപദേശം<br>ADVICE TO THE NATION | പുതിയ തീരുമാനം<br>NEW DECISION |

# (1) ഉല്പത്തി — GENESIS

ഉല്പത്തി എന്നാൽ ആരംഭം (Beginning / Origin) എന്നർത്ഥം. സകലത്തിന്റെയും ഉത്ഭവം അഥവാ ആരംഭങ്ങളുടെ വിവരണപുസ്തകമാണിത്. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന പ്രസ്താവനയോടെയാണ് ബൈബിൾ ആരംഭിക്കുന്നത് (ഉല്പ.1:1). ലോകസൃഷ്ടിയുടെ വിവരങ്ങൾ ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. എബ്രായഭാഷയിലെ ബൈബിൾ ആരംഭിക്കുന്നത് *'ബരേഷിത്ത്'* (Bereshit = in the begining) എന്ന പദത്തോടെയാണ്. ബരേഷിത്ത് എന്നാൽ ഉല്പത്തി അഥവാ ആദിയിൽ എന്നർത്ഥം. മൂലകൈയ്യെഴുത്തുപ്രതികളിലെ ഈ പ്രയോഗമാണ് ഉല്പത്തി എന്നു പേരു വരുവാൻ കാരണം. ഉല്പത്തി എന്ന സംസ്കൃതപദത്തിന് സൃഷ്ടി, ജനനം, ആരംഭം, ഉറവിടം എന്നൊക്കെ അർത്ഥം. സകലത്തിന്റെയും ഉത്ഭവത്തെപ്പററി പറയുന്നതു കൊണ്ടാണ് ഉല്പത്തി എന്ന പേരു വന്നത്. തുടർന്നുള്ള 65 പുസ്തകങ്ങളിൽ കാണപ്പെടുന്ന സംഭവങ്ങളുടെ മൂലം അഥവാ അടിസ്ഥാനം ഇതിലാണുള്ളത്.

ആദിയിൽ ദൈവം എന്ന വാക്കുകളോടെ ഉല്പത്തിപുസ്തകം ആരംഭിക്കുകയും (ഉല്പ.1:1), യോസേഫിനെ മിസ്രയീമിൽ ഒരു ശവപ്പെട്ടിയിൽ വെച്ചു (ഉല്പ.50:26) എന്ന വാക്കുകളോടെ അവസാനിക്കുകയും ചെയ്യുന്നു. അൻപതു അദ്ധ്യായങ്ങളുള്ള ഉല്പത്തിപുസ്തകം ലോകസൃഷ്ടി മുതൽ യോസേഫിന്റെ മരണം വരെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഈ അദ്ധ്യായങ്ങളിൽ ദൈവത്തെ കുറിച്ചും, മനുഷ്യരെക്കുറിച്ചും, മനുഷ്യരുടെ പാപം, മറുതലിപ്പ്, ദൈവത്തിന്റെ ന്യായവിധി, ദൈവത്തിന്റെ കൃപ, കരുണ എന്നിവയെപ്പററിയും പ്രതിപാദിച്ചിരിക്കുന്നു. ആദാം, ഹവ്വാ, അബ്രഹാം, സാറാ, യാക്കോബ്, ഏശാവ്, യോസേഫ്, മുതലായ പല പ്രധാന വ്യക്തികളെയും അവരുടെ ജീവിതത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു. യാക്കോബ്, റാഹേൽ ഇവരുടെ സ്നേഹം, കയീന്റെ അസൂയ, അബ്രഹാമിന്റെ വിശ്വാസം, ലോത്തിന്റെ തിരഞ്ഞെടുപ്പും തോൽവിയും, അബ്രഹാം സാറാ ദമ്പതികളുടെ അവിശ്വാസം, അബ്രഹാമിന്റെ ദാസനായ എല്യേസറിന്റെ വിശ്വസ്തത, യോസേഫിന്റെ സത്യസന്ധതയും നിർമ്മലജീവിതവും ഒക്കെ വിശദീകരിച്ചിരിക്കുന്നു.

ഉല്പത്തി പുസ്തകം സൃഷ്ടിയുടെയും സകലത്തിന്റെയും ആരംഭങ്ങളെയും കുറിക്കുന്നു (Genesis is the book of Creation and all Beginnings)– —— പ്രപഞ്ചസൃഷ്ടി (ഉല്പ.1:125), മനുഷ്യന്റെ സൃഷ്ടി (ഉല്പ.1:26–31/2:7–8), സ്ത്രീയുടെ സൃഷ്ടിയും വിവാഹത്തിന്റെ ആരംഭവും (ഉല്പ.2:18–25), സാത്താനാലുള്ള പരീക്ഷണം (ഉല്പ.3:1–5), പാപത്തിന്റെ ആരംഭം (ഉല്പ.3:6–8), ന്യായവിധി അഥവാ ശിക്ഷയുടെ ആരംഭം (ഉല്പ.3:14–19), പ്രവചനവും വാഗ്ദത്തവും (ഉല്പ.3:15), യാഗവും വീണ്ടെടുപ്പും (ഉല്പ.3:21), കൊലപാതകത്തിന്റെ ആരംഭം (ഉല്പ.4:4–14), ലഹരിയുടെ ആരംഭം (ഉല്പ.9:20,21), ദൈവീക ഉടമ്പടിയുടെ ആരംഭം (ഉല്പ.12:1–3), ദശാംശം (ഉല്പ.14:18–20).

ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപം ചെയ്തു ദൈവതേജസ്സു നഷ്ടപ്പെടുത്തിയെങ്കിലും കരുണാസമ്പന്നനായ ദൈവം, മനുഷ്യനു പാപമോചനം നൽകുവാനും, നഷ്ടപ്പെട്ട തേജസ്സു പ്രാപിക്കുവാനുമായി വ്യവസ്ഥയുണ്ടാക്കുന്നതായി ഈ ആരംഭ പുസ്തകത്തിൽ കാണുന്നു. സാത്താന്റെ വഞ്ചനയാൽ പാപത്തിലേക്കു വീണുപോയ മനുഷ്യനു ദൈവം വീണ്ടെടുപ്പു പ്രഖ്യാപിക്കുന്നു (ഉല്പ. 3:15). വീണ്ടെടുപ്പു ഒരു തിരഞ്ഞെടുക്കപ്പെട്ട ജനതയിലൂടെ നടപ്പാക്കുകയും ചെയ്യുന്നു (ഉല്പ.12:1–3). അബ്രഹാമിന്റെ ജീവിതം ഒരു വിശ്വാസി വിശ്വാസത്തിൽ നടക്കുന്നതിനു ഉദാഹരണമായിരിക്കുമ്പോൾ ലോത്ത് കാഴ്ചയാൽ നടക്കുന്ന ഒരുവനെ വെളിപ്പെടുത്തുന്നു (2.കൊരി.5:7).

ഉല്പത്തിയിൽ ആരംഭിച്ച കാര്യങ്ങൾ തുടർന്നുള്ള പുസ്തകങ്ങളിലൂടെ പ്രവർത്തികമാകുകയും അവസാനപുസ്തകമായ വെളിപ്പാടിൽ നിവർത്തിയാകുകയും ചെയ്യുന്നു. ഉല്പത്തിയിൽ മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ചയാൽ പറുദീസാ നഷ്ടപ്പെട്ടു. എന്നാൽ ഉല്പത്തിയിൽ പറയുന്ന വാഗ്ദത്ത സന്തതിയായ വീണ്ടെടുപ്പുകാരനിലൂടെ പറുദീസാ തിരികെ ലഭിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഉല്പത്തിയിൽ പറുദീസാ നഷ്ടപ്പെടുന്നു; വെളിപ്പാടിൽ പറുദീസാ തിരികെ ലഭിക്കുന്നു (Genesis > Paradise lost / Revelation > Paradise regained).

ഉല്പത്തി പുസ്തകം രണ്ടു പ്രധാന സന്ദേശം നല്കുന്നു —

(1) അനുഗ്രഹം (2) ശാപം. അനുസരണത്തിനു ഏദെൻ തോട്ടത്തിലെന്നപോലെ അനുഗ്രഹവും, അനുസരണക്കേടിനു ശാപവും ലഭിക്കുന്നു. ഉല്പത്തിയിൽ ദൈവം അബ്രഹാമിലൂടെ ഒരു രാഷ്ട്രത്തെ (യിസ്രായേൽ) തിരഞ്ഞെടുത്തു അബ്രഹാമിനോടു ദൈവം ഉടമ്പടി ചെയ്യുന്നു (ഉല്പ.12:1-3/ഉല്പ.15:1-21).

**ആർക്കെഴുതി** : യിസ്രയേൽ ജനതയ്ക്ക് **എഴുതിയ കാലം** : 1450 - 1410 ബി.സി

**എഴുതിയത്** : മോശെ **എഴുതിയ സ്ഥലം** : മൊവാബ്യസമഭൂമി

**താക്കോൽ വാക്ക്** : ഉല്പത്തി (ആരംഭം)

**താക്കോൽ വാക്യങ്ങൾ** : 1:27, 3:15, 12:2,3

**മുഖ്യഅദ്ധ്യായം** : 15 — അബ്രഹാമിന്റെ പരിചയും പ്രതിഫലവുമായ ദൈവം

**വിഷയം** : സൃഷ്ടി, മനുഷ്യന്റെ തോൽവി, ദൈവകരുണ

**പ്രധാനസംഭവങ്ങൾ** : സൃഷ്ടി,മനുഷ്യന്റെ വീഴ്ച, പാപത്തിന്റെ പരിണതഫലം, മനുഷ്യവർഗ്ഗത്തിന്റെ വംശാവലി, ജലപ്രളയം, ഭാഷകലക്കൽ (ബാബേൽ), അബ്രഹാമിന്റെ വിളി, സോദോമിന്റെ നാശം, യിസ്രായേൽ മിസ്രയീമിലേക്കുള്ള പലായനം.

| പുസ്തകവിഭജനം: (50 അദ്ധ്യായങ്ങൾ) | | | |
|---|---|---|---|
| (1) | സൃഷ്ടി | | : ഉല്പ.അദ്ധ്യാ. 1 — 2 |
| (2) | മനുഷ്യന്റെ വീഴ്ചയും വീണ്ടെടുപ്പും | | : ഉല്പ. അദ്ധ്യാ. 3 — 5 |
| (3) | പാപവും ദൈവികന്യായവിധിയും നോഹക്കും കുടുംബത്തിനും ലഭിച്ച രക്ഷയും | | : ഉല്പ. അദ്ധ്യാ. 6 — 10 |
| (4) | ബാബേൽ ഗോപുരം | | : ഉല്പ. അദ്ധ്യാ. 11 |
| (5) | ദൈവത്തിനായി വേർതിരിക്കപ്പെട്ട കുടുംബം | | : ഉല്പ. അദ്ധ്യാ. 12 — 50 |
| | | അബ്രഹാം | : ഉല്പ. അദ്ധ്യാ. 12 — 23 |
| | | യിസ്ഹാക്ക് | : ഉല്പ. അദ്ധ്യാ. 23 — 26 |
| | | യാക്കോബ് | : ഉല്പ. അദ്ധ്യാ. 27 — 36 |
| | | യോസേഫ് | : ഉല്പ. അദ്ധ്യാ. 36 — 50 |

**പ്രത്യേകവിഷയങ്ങൾ** :

(1) ദൈവസൃഷ്ടിയുടെ വിവരണം — (ഉല്പ.1:1 -2:23)

> *1. ഒന്നാം ദിവസം* — വെളിച്ചം —> വെളിച്ചം ഉണ്ടാക്കി വെളിച്ചവും ഇരുളും തമ്മിൽ വേർതിരിച്ചു (ഉല്പ.1:3-5)

> *2. രണ്ടാം ദിവസം* — ആകാശവും വെള്ളവും —> വെള്ളങ്ങൾ തമ്മിൽ വേർതിരിച്ചു(ഉല്പ.1:6-8)

> *3. മൂന്നാം ദിവസം* — കരയും, സമുദ്രവും, സസ്യങ്ങളും —> ആകാശത്തിൻ കീഴുള്ള വെള്ളം ഒരിടത്തു കൂട്ടി ഉണങ്ങിയ നിലമുണ്ടാക്കി സമുദ്രവും ഭൂമിയും എന്നു പേരിട്ടു (ഉല്പ.1:9-13)

> *4. നാലാം ദിവസം* — സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ —> പകലും രാത്രിയും വെളിച്ചം നൽകുവാനും, കാലം, ദിവസം, വർഷം എന്നിവ അറിയുവാനും (ഉല്പ.1:14-19).

> *5. അഞ്ചാം ദിവസം* — മത്സ്യങ്ങളും, പറവജാതികളും —> സമുദ്രത്തിലും ആകാശവിതാന ത്തിലും നിറയുവാൻ (ഉല്പ.1:20-2:23).

> 6. *ആറാം ദിവസം* — മൃഗങ്ങൾ, മനുഷ്യൻ —> മൃഗങ്ങൾ ഭൂമിയിൽ നിറയുവാനും, മനുഷ്യൻ ഭൂമിയിലുള്ള സകലത്തിന്മേലും വാഴുവാനും, ദൈവത്തോടു കൂട്ടായ്മ പുലർത്തുവാനും (ഉല്പ.1:24-31)

> 7. *ഏഴാം ദിവസം* — വിശ്രമവും, ശുദ്ധീകരണവും —> വിശ്രമിച്ചു ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു (ഉല്പ.2:1-3).

(2) സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം മനുഷ്യനു നൽകിയ അനുഗ്രഹങ്ങൾ (ഉല്പ.1:28) —

> സന്താനപുഷ്ടിയുള്ളവരാകുക

> അടക്കി (വിവേകത്തോടെ നിയന്ത്രിച്ചു) ജീവിക്കുക

> ഭൂമിയിൽ സകലത്തിന്മേലും വാഴുക

(3) ആദാമിന്റെയും ഹവ്വായുടെയും സൃഷ്ടി (ഉല്പ.2)

(4) ഏദെനിലെ നദികൾ (ഉല്പ.2:10-14)

(5) ഏദെനിലെ ഉടമ്പടി (ഉല്പ.1:7-29/2:16,17)

(6) ആദാമും ഹവ്വായും സാത്താനാൽ വഞ്ചിക്കപ്പെടുന്നു (3:1-7)

(7) പാപത്തിൽ വീണ ആദാമിനോടുള്ള ഉടമ്പടി (ഉല്പ.3:14-19)

(8) ദൈവക്രോധത്തിങ്കൽ കരുണ (ഉല്പ.3:20,21)

(9) ആദികുടുംബം ഏദെനിൽ നിന്നു പുറത്താക്കപ്പെടുന്നു (3:22-24)

(10) ആദ്യആരാധന, ആദ്യകൊലപാതകം, ശപിക്കപ്പെട്ട കയീൻ (4)

(11) മുന്നൂറ് (300) സംവത്സരം ദൈവത്തോടുകൂടെ നടന്നു മരണം കാണാതെ എടുക്കപ്പെട്ട ഹാനോക്ക് (ഉല്പ.5:21-24)

(12) യഹോവയുടെ കൃപ ലഭിച്ച നോഹ (ഉല്പ.6)

(13) ജലപ്രളയം (ഉല്പ.7)

(14) മഴവില്ല് (ഉല്പ.9:8,17)

(15) ദൈവത്തിനെതിരായുള്ള ആദ്യ സംഘംചേരൽ — ബാബേൽ ഗോപുരം (ഉല്പ.11)

(16) അബ്രഹാമിന്റെ വിളിയും ഉടമ്പടിയും (ഉല്പ.12)

(17) ലോത്തിന്റെ തിരഞ്ഞെടുപ്പ് (ഉല്പ.13)

(18) യുദ്ധത്തിനായിട്ടുള്ള ആദ്യസംഘടനാരൂപീകരണം (ഉല്പ.14:1-12)

(19) അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതൻ — മൽക്കീസേദെക്ക് (ഉല്പ.14:18-20)

(20) 400 വർഷത്തെ മിസ്രയീമ്യ അടിമത്വത്തിനുശേഷം ദൈവജനം ഏറിയ സമ്പത്തോടു കൂടി പുറപ്പെട്ടു പോരും എന്ന വാഗ്ദത്തം (ഉല്പ.15:14/പുറ.11)

(21) അബ്രഹാം ദൈവത്തിന്റെ സ്നേഹിതൻ (ഉല്പ.18:17-32)

(22) സോദോം ദഹനം (ഉല്പ.19)

(23) യിസ്ഹാക്കിന്റെ യാഗം (ഉല്പ.22)

(24) ഹാരാനിലേക്കുള്ള യാക്കോബിന്റെ ഓട്ടം (ഉല്പ.28)

(25) മഹനയിം (ഉല്പ.32:2)

(26) യാക്കോബ് യിസ്രായേൽ ആകുന്നത് - പെനീയേൽ (ഉല്പ.32)

(27) യോസേഫ് കാരഗൃഹത്തിൽ (ഉല്പ.39)

(28) യോസേഫ് മിസ്രയിമിലെ അധികാരപദവിയിലേക്ക് (ഉല്പ.41)

(29) യോസേഫിനെ ഒരു മിസ്രയീമ്യനാക്കുവാൻ ഫറവോന്റെ ഏഴു വിധ പ്രവർത്തനങ്ങൾ (ഉല്പ.41:42-45)

(30) യാക്കോബ് പുത്രന്മാരെ അനുഗ്രഹിക്കുന്നു (ഉല്പ.49)

(31) യാക്കോബിന്റെ മരണം (ഉല്പ.49:33)

(32) യോസേഫിന്റെ മരണം (ഉല്പ.50)

## ഏദെനിൽ ദൈവം കൊടുത്ത നിയമം —

(1) സന്താനപുഷ്ടിയുള്ളവരാകുക (ഉല്പ.1:28)

(2) അടക്കി (വിവേകത്തോടെ നിയന്ത്രിച്ചു) ജീവിക്കുക (ഉല്പ.1:28)

(3) ഭൂമിയിൽ സകലത്തിന്മേലും വാഴുക (ഉല്പ.1:28)

(4) വിത്തുള്ള സസ്യങ്ങൾ, ഫലങ്ങൾ എന്നിവ ആഹാരമായിരിക്കണം (ഉല്പ.1:29)

(5) ഏദെൻ തോട്ടത്തിൽ വേലചെയ്തു അതിനെ കാക്കുക (ഉല്പ.2:15)

(6) അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത് (ഉല്പ.2:17)

(7) തിന്നുന്ന നാളിൽ മരിക്കും (ഉല്പ.2:17)

**പത്തു തലമുറകൾ** — (ഉല്പ.5/ലൂക്കൊ.3:36-38)

(1) ആദാം = ചുവന്നവൻ, മണ്ണിൽനിന്നുള്ളവൻ (ഉല്പ.5:1)

(2) ശേത്ത് = സ്ഥാപകൻ (ഉല്പ.5:3)

(3) എനോശ് = മരണമുള്ള, മണ്ണായ മനുഷ്യൻ (ഉല്പ.5:6)

(4) കേനാൻ = കൊല്ലൻ, കൈവശക്കാരൻ (ഉല്പ.5:9)

(5) മഹലേൽ = ദൈവസ്തുതി (ഉല്പ.5:12)

(6) യാരെദ് = പിൻതുടർച്ച (ഉല്പ.5:15)

(7) ഹാനോക്ക് = സമർപ്പിക്കപ്പെട്ടവൻ (ഉല്പ.5:18/ യൂദാ.14)

(8) മെഥൂശലഹ് = അവൻ മരിക്കുമ്പോൾ അത് ഭവിക്കും (ഉല്പ.5:21)

(9) ലാമേക്ക് = ശക്തൻ, ബലവാനായ മനുഷ്യൻ (ഉല്പ.5:25)

(10) നോഹ = വിശ്രമം (ഉല്പ.5:29).

## വാഴ്ചയുടെ ഏഴു യുഗങ്ങൾ

(ആദാമ്യസൃഷ്ടി മുതൽ പുതിയ ആകാശവും പുതിയഭൂമിയും സൃഷ്ടിക്കപ്പെടുന്നതുവരെയുള്ള കാലയളവിന്റെ വിഭജനം)

**1. നിഷ്പാപയുഗം (Man innocent)** — (ഉല്പ.1:28-3:6/ 3:22-24)

മനുഷ്യൻ ദൈവത്തോടൊപ്പം ഏദെനിൽ വസിച്ച കാലം. നിഷ്പാപയുഗത്തിൽ എഴുതപ്പെട്ട കല്പനകളൊന്നുമില്ലായിരുന്നു. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നരുതെന്ന കല്പന കൊടുത്തിരുന്നു. നിഷ്പാപയുഗം എന്നത് മനുഷ്യന്റെ സൃഷ്ടി മുതൽ ദൈവകല്പന ലംഘിച്ചു പാപം ചെയ്കയാൽ ഏദെനിൽ നിന്നു പുറത്താക്കപ്പെട്ടതുവരെയുള്ള കാലഘട്ടത്തെ കുറിക്കുന്നു.

**2. മനഃസാക്ഷിയുഗം (Man under conscience)** — (ഉല്പ.3:7-8:14)

ഏദെനിൽ നിന്നു പുറത്താക്കപ്പെട്ടതു മുതൽ നോഹെയുടെ കാലത്തെ ജലപ്രളയം വരെയുള്ള കാലഘട്ടം. ദൈവസന്നിധിയിൽ നിന്നു പുറത്താക്കപ്പെട്ട മനുഷ്യൻ സ്വന്തമനസാക്ഷി അനുസരിച്ചു ജീവിക്കുന്നു. എഴുതപ്പെട്ട കല്പനകളൊന്നും മനഃസാക്ഷിയുഗത്തിൽ ഇല്ലായിരുന്നു.

**3. മാനുഷികഭരണയുഗം (Man in authority over the earth)** — (ഉല്പ.8:15-11:32) —

നോഹെയുടെ കാലത്തെ ജലപ്രളയത്തിനു ശേഷവും വിശ്വാസവീരനായ അബ്രഹാമിന്റെ വിളിക്കു മുമ്പുവരെയുമുള്ള കാലഘട്ടം മാനുഷികഭരണയുഗത്തിൽ ഉൾപ്പെടുന്നു. ജലപ്രളയാനന്തരം നോഹെയും കുടുംബവും പെട്ടകത്തിൽ നിന്നു പുറത്തു വരുന്നു. ശുദ്ധീകരിക്കപ്പെട്ടവരെന്ന നിലയിൽ അവരുമായി ദൈവം ഉടമ്പടിചെയ്തു അവരെ അനുഗ്രഹിക്കുന്നു. ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ തമ്മിൽ തമ്മിൽ സ്നേഹത്തോടെ ജീവിക്കണമെന്നും അന്യോന്യം രക്തം ചൊരിയിക്കാൻ പാടില്ലെന്നും കല്പിച്ചു. മാംസം ഭക്ഷിക്കുവാനുള്ള അനുവാദം കൊടുക്കുന്നതോടൊപ്പം രക്തത്തോടെ മാംസം ഭക്ഷിക്കരുതെന്നും കല്പിക്കുന്നു (ഉല്പ.9:3).

**4. വാഗ്ദത്തയുഗം (Man under Promise)** — (ഉല്പ.12:1- പുറ.18:33) —

ഗോത്രപിതാവായ അബ്രഹാമിനെ വിളിക്കുന്നതു മുതൽ സീനായ് പർവ്വതത്തിൽ വെച്ചു മോശെയിലൂടെ ന്യായപ്രമാണം നൽകുന്നതിനു മുമ്പുവരെയുമുള്ള കാലഘട്ടം വാഗ്ദത്തയുഗത്തിൽ ഉൾപ്പെടുന്നു. അബ്രഹാമിനോടു ഉടമ്പടിചെയ്തു വാഗ്ദത്തങ്ങൾ നൽകിയതിനാലാണ് വാഗ്ദത്തയുഗം എന്നറിയപ്പെടുന്നത്.

**5. ന്യായപ്രമാണയുഗം (Man under law)** — (പുറ.19:1 - അപ്പൊ.1:26) —

സീനായ്പർവ്വതത്തിൽ വെച്ചു പത്തുകല്പനകൾ അടങ്ങിയ ന്യായപ്രമാണം നൽകിയതു മുതൽ സഭയുടെ ആരംഭം കുറിക്കുന്ന പരിശുദ്ധാത്മാവിന്റെ വരവുവരെയുള്ള കാലഘട്ടം ന്യായപ്രമാണയുഗത്തിൽ ഉൾപ്പെടുന്നു.

**6. കൃപായുഗം (Man under grace)** —(അപ്പൊ.2:1– വെളി.19:10) കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം പരിശുദ്ധാത്മാവു ഭൂമിയിലേക്കു വരുന്നതു മുതൽ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാൻ ക്രിസ്തു മദ്ധ്യാകാശത്തിലേക്കു വരുന്നതുവരെയുള്ള കാലഘട്ടം കൃപായുഗത്തിൽ ഉൾപ്പെടുന്നു. കൃപയാൽ രക്ഷപ്രാപിക്കാമെന്നതിനാൽ കൃപായുഗം എന്നും, പുതിയനിയമസഭയുടെ കാലമായതിനാൽ സഭായുഗം എന്നും, ഭൂമിയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നടക്കുന്നതിനാൽ പരിശുദ്ധാത്മയുഗം എന്നും ഈ കാലഘട്ടം അറിയപ്പെടുന്നു.

**7. സഹസ്രാബ്ദയുഗം (Man under the personal reign of Christ)** — (വെളി.19:11–20:15)

ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയായ രണ്ടാം വരവിൽ 1000 ആണ്ടു ക്രിസ്തു തന്റെ വിശുദ്ധന്മാരുമൊത്തു ഭൂമിയിൽ വാഴും. ആയിരമാണ്ടുവാഴ്ചയുടെ കാലഘട്ടത്തെ സഹസ്രാബ്ദയുഗം എന്നറിയപ്പെടുന്നു. സഹസ്രാബ്ദയുഗത്തിനു മില്ലെനിയം (Millennium) എന്നും പേരുണ്ട്. മില്ലെ (= ആയിരം Mille = thousand) എന്നും ആനം (= ആണ്ട് — Annum = year) എന്നും രണ്ടു ലാറ്റിൻ പദങ്ങളിൽ നിന്നാണ് മില്ലിനിയം എന്ന പദം വന്നിട്ടുള്ളത്.

## ഉല്പത്തിയിൽ ദൈവം മനുഷ്യനോടു ചോദിച്ച മൂന്നു ചോദ്യങ്ങൾ —

**(1) നീ എവിടെ?** (പാപിയോട്) — ഉല്പ.3:9

ഉത്തരം — ഉല്പ.3:10 — "തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ടു ഞാൻ നഗ്നനാകകൊണ്ടു ഭയപ്പെട്ടു ഒളിച്ചു."

**(2) നിന്റെ സഹോദരനായ ഹാബേൽ എവിടെ?** (നിന്റെ സഹോദരൻ എവിടെ?) — (കൊലപാതകനോട്) ഉത്തരം — "ഞാൻ അറിയുന്നില്ല; ഞാൻ എന്റെ അനുജന്റെ കാവല്കാരനോ?"

**(3) നിന്റെ ഭാര്യ സാറാ എവിടെ?**- ഉല്പ.18:9 (വിശ്വാസിയോട്) ഉത്തരം — "കൂടാരത്തിൽ ഉണ്ടു."

## ആദാം സ്വർഗ്ഗത്തിലോ നരകത്തിലോ?

ദൈവകല്പന ലംഘിച്ചു പാപം ചെയ്തതിനാൽ ആദാമിനെയും ഹവ്വായെയും ഏദെൻ തോട്ടത്തിൽ നിന്നു പുറത്താക്കി. പാപത്താൽ അവർ ഇരുവരും മരണത്തിനധീനരായിത്തീർന്നു(ഉല്പ.2:17). എങ്കിൽ അവർ സ്വർഗ്ഗത്തിലോ നരകത്തിലോ എവിടെയായിരിക്കും കാണുക? സൃഷ്ടിയുടെ വേളയിൽ മനുഷ്യൻ ഉൾപ്പെടെ തന്റെ സകല സൃഷ്ടികളെയും ദൈവം നോക്കി നല്ലതെന്നു വിലയിരുത്തി. കൂടാതെ മനുഷ്യനെ ദൈവസ്വരൂപത്തിലാണ് സൃഷ്ടിച്ചത്. എന്നാൽ ആദാമും ഹവ്വായും പാപത്തിൽ അകപ്പെട്ടശേഷം അവർ പിന്നീട് പാപമോചനം അഥവാ രക്ഷപ്രാപിച്ചതായി വ്യക്തമായ രേഖയില്ല.

എന്നാൽ പാപമോചനം ലഭിച്ചു നീതീകരിക്കപ്പെട്ടെന്നു മനസ്സിലാക്കാവുന്ന രണ്ടു ഭാഗങ്ങൾ കാണുന്നുണ്ട്.

(1) ഉല്പ.3:21 — *"യഹോവയായ ദൈവം ആദാമിന്നും അവന്റെ ഭാര്യെക്കും തോൽകൊണ്ടു ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു"* — മനുഷ്യന്റെ പാപത്തിനു പകരം ഒരു സാധുമൃഗം കൊല്ലപ്പെടുന്നതും, രക്തം ചിന്തുന്നതും, അതിന്റെ തോലിനാൽ ഉടുപ്പു ധരിപ്പിക്കുന്നതും രക്ഷയെയും നീതീകരണത്തെയും കുറിക്കുന്നു.

(2) ഉല്പ.4:4- ൽ ഹാബേൽ യാഗം കഴിച്ചപ്പോൾ രക്തം ചൊരിഞ്ഞുള്ള വഴിപാടാകയാൽ ദൈവം ഹാബേലിന്റെ യാഗത്തിൽ പ്രസാദിക്കുന്നു. രക്തത്താൽ നീതീകരണവും ദൈവപ്രസാദവും ലഭിക്കുമെന്ന ആശയം ഹാബേലിനു തന്റെ മാതാപിതാക്കളായ ആദാമിലും ഹവ്വായിലും നിന്നു ലഭിച്ചതായിരിക്കണം. അങ്ങനെയെങ്കിൽ അവരും യാഗങ്ങളിലൂടെ ദൈവത്തെ പ്രസാദിപ്പിച്ചു നീതീകരിക്കപ്പെട്ടവരാകയാൽ സ്വർഗ്ഗത്തിനവകാശികളുമാണ്.

## ഉല്പത്തിയിലെ പ്രധാന സംഭവങ്ങൾ ——

(1) സാത്താന്റെ പരീക്ഷയും മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ചയും (ഉല്പ.3)

(2) ജലപ്രളയവും പെട്ടകവും (ഉല്പ.7)

(3) ബാബേൽ ഗോപുരവും മനുഷ്യന്റെ ചിതറിപ്പോക്കും (ഉല്പ.11)

(4) സോദോം ഗോമോറായുടെ മേൽ സ്വർഗ്ഗത്തിൽ നിന്നുള്ള അഗ്നി (ഉല്പ.19)

(5) വലിയ ക്ഷാമം (ഉല്പ.41)

## ഉല്പത്തി പുസ്തകം — പ്രത്യാശയുടെയും വിശ്വാസത്തിന്റെയും പുസ്തകമാണ് —

**(Genesis is a Book of Hope and Faith) —**

(1) ഹാബേൽ വിശ്വാസത്താൽ ദൈവത്തിനു ഉത്തമമായ യാഗം കഴിച്ചു

(2) ഹാനോക്ക് വിശ്വാസത്താൽ ദൈവത്തോടൊപ്പം നടന്നു

(3) നോഹ വിശ്വാസത്താൽ ദൈവത്തിൽ വിശ്വസിച്ചു ഒരു പെട്ടകം പണിതു

(4) അബ്രഹാം വിശ്വാസത്താൽ വാഗ്ദത്തനാടിനെ നോക്കി തനിക്കുള്ള സകലതും ത്യജിച്ചു

(5) അബ്രഹാമും സാറായും ദൈവത്തിൽ വിശ്വസിച്ചു വാർദ്ധക്യത്തിൽ ഒരു മകനെ ലഭിച്ചു

(6) അബ്രഹാം വിശ്വാസത്താൽ ദൈവംശില്പിയായ നഗരത്തെ നോക്കി യാത്ര ചെയ്തു

(7) യാക്കോബ് വിശ്വാസത്താൽ ദൈവത്തോടു മല്ലിട്ടു യിസ്രായേൽ എന്ന പേര് ലഭിച്ചു

(8) യോസേഫ് ദൈവത്തിൽ വിശ്വസിച്ചു വിശുദ്ധജീവിതം നയിക്കുകയും തന്റെ കുടുംബത്തിനും രാഷ്ട്രത്തിനും അനുഗ്രഹമായിത്തീർന്നു

## ഉല്പത്തി പുസ്തകം — ദൈവത്തോടൊപ്പമുള്ള നടപ്പിന്റെയും കൂട്ടായ്മയുടെയും പുസ്തകമാണ് (Genesis is a Book of Walking and Fellowship with God) —

(1) ആദാമും ഹവ്വായും ഏദെൻ തോട്ടിൽ ദൈവത്തോടൊപ്പം നടക്കുകയും കൂട്ടായ്മ പങ്കിടുകയും ചെയ്തു (ഉല്പ.2,3).

(2) ഹാനോക്ക് ദൈവത്തോടൊപ്പം കൂട്ടായ്മ പങ്കിട്ടു 300 സംവത്സരം നടന്നു (ഉല്പ.5:24).

(3) നോഹ ദൈവത്തോടൊപ്പം കൂട്ടായ്മ പങ്കിട്ടു നടന്നു (ഉല്പ.6:9).

(4) അബ്രഹാമും ദൈവവും നിരന്തരമായ കൂട്ടായമയിൽ നടന്നു (ഉല്പ.12-23).

(5) യോസേഫും ദൈവവും കൂട്ടായ്മ പങ്കിട്ടു. യഹോവ യോസേഫിനോടു കൂടെ (ഉല്പ.39:2,21,23).

## ഏഴു പൂർവ്വപിതാക്കന്മാരെയും അവരുടെ ജീവിതത്തെയും ഈ പുസ്തകത്തിൽ പ്രതി പാദിച്ചിരിക്കുന്നു.

**(1) ആദാം** (Adam) —

ആദിപിതാവായ ആദാം ജീവന്റെയും മരണത്തിന്റെയും അവസ്ഥകളെ പ്രദർശിപ്പിക്കുന്നു (ഉല്പ.1-4). മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധി എന്ന നിലയിൽ ആദാമിനു ക്രിസ്തുവിനോടു സാമ്യമുണ്ട്. ദൈവ ത്തിൽ നിന്നു ജീവൻ ലഭിച്ച ഒന്നാം ആദാം (ഉല്പ.2:7/സെഖ.12:1) പാപം ചെയ്തു മരണത്തിനടിമ പ്പെട്ടപ്പോൾ മരണത്തെ ജയിച്ചു ജീവൻ പ്രാപിച്ച ക്രിസ്തു ഒടുക്കത്തെ ആദാമായി നിലകൊള്ളുന്നു (റോമ.5:12-21/1.കൊരി.15:20-23).

**(2) ഹാനോക്ക്** (Enoch) —

ഹാനോക്കിന്റെ ജീവിതം ദൈവത്തോടുകൂടെയുള്ള നടപ്പും, എടുക്കപ്പെടലും പ്രദർശിപ്പിക്കുന്നു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതായി (ഉല്പ.5:24). കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിൽ അഥവാ ഉത്പ്രാപണത്തിൽ എടുക്കപ്പെടുന്ന വിശുദ്ധന്മാരെ ഹനോക്ക് പ്രതിനിധാനം ചെയ്യുന്നു (1.തെസ്സ.4:16,17/ എബ്രാ.11:5).

**(3) നോഹ** (Noah) —

നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടു കൂടെ നടന്നു (ഉലപ.6:9). നോഹ നീതിമാൻ എന്നു ദൈവം സാക്ഷ്യം നല്കി (ഉല്പ.7:1). പെട്ടകത്തിലൂടെ നോഹെക്കും കുടുംബത്തിനും രക്ഷ ലഭിച്ചു (ഉല്പ.6-9). പെട്ടകം ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. ജലപ്രളയത്താലുള്ള നാശം പാപികളോടുള്ള ദൈവത്തിന്റെ ന്യായവിധിയെ കുറിക്കുന്നു. നോഹെക്കും കുടുംബത്തിനും പെട്ടകത്തിലൂടെ ലഭിച്ച രക്ഷ, മനുഷ്യവർഗ്ഗത്തിനു യേശുക്രിസ്തുവിലൂടെ വിശ്വാസ ത്താൽ ലഭിക്കുന്ന രക്ഷയെ പ്രകടമാക്കുന്നു.

**(4) അബ്രഹാം** (Abraham) —

അബ്രഹാമിന്റെ ജീവിതം വിശ്വാസത്തെയും വേർപാടിനെയും (Faith and Separation) വെളിപ്പെടുത്തുന്നതോടൊപ്പം ഒരു വിശ്വാസിയുടെ വിശ്വാസത്താലുള്ള നടപ്പിനെയും (Walking by faith and not by sight) കുറിക്കുന്നു. അബ്രഹാമിന്റെ ജീവിതത്തിലെ യാഗപീഠം സ്തോത്രം, ആരാധന, സാക്ഷ്യം (Altar > Praise, Worship, Testimony) എന്നിവയെ വെളിപ്പെടുത്തുന്നു (ഉല്പ.12-25). അബ്രഹാമിന്റെ ജീവിതത്തിലെ കൂടാരം ഈ ലോകത്തിൽ താൻ ഒരു പ്രവാസിയും പരദേശിയുമാണെന്നു വിളിച്ചറിയിക്കുന്നു ( Tent = Pilgrim and Stranger in this world). ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്ന അബ്രഹാമിന്റെ ജീവിതം ( Eternal City founded by God) വിശ്വാസികൾക്കു മാതൃകയായിരിക്കുന്നു (എബ്രാ.11:8-10).

**(5) യിസ്ഹാക്ക്** (Isaac) —

യിസ്ഹാക്കിന്റെ ജീവിതം സമർപ്പണത്തെയും അനുസരണത്തെയും കുറിക്കുന്നു. യിസ്ഹാക്ക് ആഴത്തിൽ കുഴിച്ച കിണറുകൾ വിശ്വാസിയുടെ പ്രാർത്ഥനാ ജീവിതത്തെ വെളിപ്പെടുത്തുന്നു (ഉല്പ.26).

## യിസ്ഹാക്ക് കുഴിച്ച കിണറുകൾ —

(1) എശെക് = ശണ്ഠ /കലഹം (യിസ്ഹാക്കിന്റെ ദാസന്മാർ കുഴിച്ച കിണറിനു വേണ്ടി ഗെരാർദേശത്തിലെ ഇടയന്മാർ ശണ്ഠയിട്ടപ്പോൾ ആ കിണറിനു യിസ്ഹാക്ക് നല്കിയ നാമം — ഉല്പ.26:20) — (Esek = quarrel (quarreled by the servants of Gerar natives with the servants of Isaac) > Gen.26:20).

(2) സിത്നാ = വിദ്വേഷം / വെറുപ്പ് (ഗെരാർദേശത്തിലെ ഇടയന്മാർ യിസ്ഹാക്കിന്റെ ദാസന്മാരോടു കിണറിനെച്ചൊല്ലി വീണ്ടും ശണ്ഠയിട്ടപ്പോൾ നല്കിയ നാമം — ഉല്പ.26:21) — (Sitnah = hatred (quarreled again by the servants of Gerar natives with the servants of Isaac) > Gen.26:21).

(3) ശിബാ = ബേർ-ശേബ = ഉടമ്പടിയുടെ കിണർ ( യിസ്ഹാക്കും അബീമേലെക്കു തമ്മിലുള്ള ഉടമ്പടിയുടെ കിണറ് — ഉല്പ.26:32,33) — (Shebah (Beersheba) = well of covenant (between Isaac and Abimelech) > Gen.26:32,33)

(4) രെഹോബോത്ത് = വിശാലമായത് ( യിസ്ഹാക്കിന്റെ ദാസന്മാർ കുഴിച്ച കിണറിനെക്കുറിച്ചു ആരും ശണ്ഠയിട്ടില്ല. ദൈവം ഇടമില്ലാത്തിടത്ത് വിശാലമായ ഇടം കൊടുത്തു — ഉല്പ.26:22) — (Rehaboth = broad place or room enough (not quarreled by anybody for digging this well) > Gen.26:22).

യിസ്ഹാക്ക് ആഴത്തിൽ വീണ്ടും വീണ്ടും കുഴിച്ചുണ്ടാക്കിയ കിണറുകൾ ഒരു വിശ്വാസിയുടെ പ്രാർത്ഥനാജീവിതത്തെ (Believer's Prayer Life) കുറിക്കുന്നു. ശത്രുക്കൾ വന്നു ശണ്ഠയിട്ടു താൻ കുഴിച്ച കിണറുകളിൽ മണൽ, കല്ല്, ചെളി എന്നിവയാൽ മൂടിയപ്പോൾ അവിടെ നിന്നു മാറി മറ്റൊരിടത്തു കിണർ കുഴിച്ചു. യഹോവ ഇപ്പോൾ നമുക്കു ഇടം ഉണ്ടാക്കി നാം ദേശത്തു വർദ്ധിക്കുമെന്നു പറഞ്ഞു അവസാനം കുഴിച്ച കിണറിനു രെഹോബോത്ത് എന്നു യിസ്ഹാക്ക് പേരിട്ടു (Rehaboth which means a well given by God in a broad place or a room enough). ആയതുപോലെ സാത്താനും അവന്റെ കൂട്ടാളികളും നമ്മെ എതിർക്കുന്ന ലോകക്കാരും വന്നു കർത്താവിലുള്ള നമ്മുടെ പ്രവർത്തനങ്ങളെ കല്ല്, മണ്ണ്, ചെളി എന്നിങ്ങനെയുള്ള വിവിധ നാശവസ്തുക്കളാൽ മൂടുമ്പോൾ നാം നിരാശപ്പെടരുത്. അപ്പോൾ ദൈവസന്നിധിയിൽ പ്രാർത്ഥനെക്കായി മുട്ടിന്മേൽ നില്ക്കുക. ഇതിലൂടെ കിണറിൽ ശത്രു നിക്ഷേപിച്ച സകല പാഴ്വസ്തുക്കളും മാറ്റി ശുദ്ധീകരിച്ചു വിശ്വാസിയുടെ ജീവിതത്തിൽ സമൃദ്ധമായ നീരുറവയുണ്ടാകുവാനിടയാകും.

**(6) യാക്കോബ്** (Jacob) —

യാക്കോബിന്റെ ജീവിതം സൂത്രങ്ങളും, വഞ്ചനകളും നിറഞ്ഞതെങ്കിലും ദൈവത്തിലുള്ള പ്രത്യാശെക്കും അനുഗ്രഹത്തിനും കുറവുണ്ടായിരുന്നില്ല. യാക്കോബ് തന്റെ സഞ്ചാരവേളകളിൽ നാട്ടിയ തൂണുകൾ വിശ്വാസിയുടെ സാക്ഷ്യജീവിതത്തെക്കുറിക്കുന്നു (ഉല്പ.25-50). തൂണുകൾ സകലരും കാണുന്നു. (ആഴത്തിലും ഉയരത്തിലും = ദൈവകൃപയിൽ വേരൂന്നിയുള്ള സാക്ഷ്യജീവിതം).

**(7) യോസേഫ്** (Joseph) —

കഷ്ടതയും ഉയർച്ചയും (Sufferings and exaltation) യോസേഫിന്റെ ജീവിതം പ്രകടിപ്പിക്കുന്നു (ഉല്പ.30-50). ദൈവത്തോടുള്ള നിരന്തരമായ കൂട്ടായ്മയും നടപ്പും ഭയഭക്തിയും യോസേഫിനെ നീതിയും വിശുദ്ധിയുള്ളവനായി ജീവിക്കുവാൻ ഇടയാക്കി. ഒരു വിശ്വാസിക്ക് ലോകത്തിൽ തനിക്കു ചുറ്റുമുള്ള സകലരും എതിരാകുമ്പോഴും സാഹചര്യങ്ങളെല്ലാം വിപരീതമാകുമ്പോഴും ദൈവത്തോടൊപ്പം നടന്നാൽ എല്ലാം ദൈവം അനുകൂലമാക്കി മാറ്റിത്തരും എന്ന പാഠം യോസേഫിന്റെ ജീവിതം വെളിപ്പെടുത്തുന്നു.

ലോകത്തിനനുരൂപനാകാതെ ദൈവത്തെ സ്നേഹിച്ചു വിശ്വസ്തതയോടെ ജീവിച്ച യോസേഫിനെ യാക്കോബ് അനുഗ്രഹിച്ചത് ഫലപ്രദമായ വൃക്ഷത്തോടുപമിച്ചാണ്. — ***"യോസേഫ് ഫലപ്രദമായൊരു വൃക്ഷം, നീരുറവിന്നരികെ ഫലപ്രദമായൊരു വൃക്ഷം തന്നേ; അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു"*** (ഉല്പ.49:22). പിതാവിന്റെ അനുഗ്രഹം പിൽക്കാലത്ത് അവനിൽ നിറവേറുവാൻ ഇടയായി. യോസേഫിന്റെ ജീവിതത്തിലെ മൂന്നു പ്രത്യേകതകൾ ഇവിടെ കാണുന്നു. (1) ഫലപ്രദമായൊരു വൃക്ഷം (2) നീരുറവിന്നരികെ വേരൂന്നിയിരിക്കുന്നു (3) കൊമ്പുകൾ മതിലിന്മേൽ പടരുന്നു. മിസ്രയിമിൽ ജീവിച്ചെങ്കിലും അവർക്കനുരൂപനാകാതെ ദൈവത്തോടൊപ്പം വസിച്ച യോസേഫിന്റെ ഈ മുന്നു പ്രത്യേകതകളും എല്ലാ വിശ്വാസികളിലും ഉണ്ടാകണം.

(1) ഫലപ്രദമായൊരു വൃക്ഷം > യോസേഫ് ദൈവത്തിന്റെ തോട്ടത്തിലെ ഫലം പുറപ്പെടുവിക്കുന്ന ഒരു വൃക്ഷമായിരുന്നു. ദൈവത്തിൽ മാത്രം ആശ്രയിച്ച യോസേഫ് നല്ല ഫലം പുറപ്പെടുവിച്ചു; ആത്മഫലം. ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം.

(2) നീരുറവിന്നരികെ വേരൂന്നിയിരിക്കുന്നു > ദൈവകൃപകളുടെയും അനുഗ്രഹങ്ങളുടെയും നീരുറവയിൽ വേരൂന്നിയവനായിരുന്നു യോസേഫ്. ഏതു സാഹചര്യങ്ങളിലും ദൈവികപ്രമാണങ്ങൾ വിട്ടു സഞ്ചരിച്ചില്ല.

(3) കൊമ്പുകൾ മതിലിന്മേൽ പടരുന്നു > ദൈവകൃപയിൽ വേരൂന്നിയ യോസേഫ് വളർന്നു അവന്റെ കൊമ്പുകൾ മതിലിന്മേൽ പടർന്നു. വിശാലമായി പടർന്ന കൊമ്പുകൾ അനേകർക്കു ആശ്വാസവും, തണലുമായി. കൊമ്പുകൾ പുറപ്പെടുവിച്ച ഫലം മതിലിനകത്തും പുറത്തുമുള്ളവർക്കു യഥേഷ്ടം ഭക്ഷിച്ചു തൃപ്തി പ്രാപിക്കുവാനും ഇടയായി. മതിലിനകത്തും പുറത്തും എന്നത് തന്റെ സ്നേഹനിധിയായ പിതാവിനും, ഇരുപതു വെള്ളിക്കാശിനു യിശ്മായേല്യർക്കു വിറ്റുകളഞ്ഞ സഹോദരന്മാർക്കും മാത്രമല്ല മിസ്രയീമിലെ സകല ജനങ്ങൾക്കും യോസേഫ് ഒരു ഫലവൃക്ഷം തന്നെയായിരുന്നു എന്നർത്ഥമാക്കുന്നു.

## യോസേഫിന്റെ സാക്ഷ്യവും തീരുമാനവും —

**ഉല്പ.39:9 —** *"അതുകൊണ്ടു ഞാൻ ഈ മഹാദോഷം പ്രവർത്തിച്ചു ദൈവത്തോടു പാപം ചെയ്യുന്നതു എങ്ങനെ എന്നു പറഞ്ഞു"*

യാക്കോബിന്റെ പ്രിയപുത്രനായ യോസേഫ് യേശുക്രിസ്തുവിന്റെ നിഴലായി അറിയപ്പെടുന്നു. സ്വന്തസഹോദരന്മാരാൽ വിൽക്കപ്പെട്ട യോസേഫ് മിസ്രയീമിൽ ഫറവോന്റെ അകമ്പടി നായകനായ പോത്തിഫറിന്റെ ഭവനത്തിൽ ഗൃഹവിചാരകനായി നിയമിക്കപ്പെട്ടു. പോത്തിഫറിന്റെ ഭാര്യയുടെ കണ്ണു യോസേഫിന്മേൽ പതിച്ചു. ജഡാഭിലാഷത്തിനു വഴങ്ങാത്ത യോസേഫ് കാരഗ്രഹത്തിൽ അടെക്കപ്പെട്ടു. സാഹചര്യങ്ങൾ യോസേഫിനെ പാപത്തിലേക്കു നയിക്കുന്നതായിരുന്നു. ഏതു പാപവും ദൈവത്തോടു പാപം ചെയ്യുന്നു എന്നുള്ള ചിന്ത യോസേഫിനുണ്ടായിരുന്നു. തന്റെ ശരീരം പാപത്തിനു അടിമപ്പെടാതിരിപ്പാൻ യോസേഫ് ശ്രദ്ധിച്ചു. ദൈവമുമ്പാകെ യോസേഫിന്റെ തീരുമാനം അവനെ ഏറ്റവും ഉയർത്തുവാൻ കാരണമാക്കി. അനേക കഷ്ടനഷ്ടങ്ങൾ സഹിച്ചുവെങ്കിലും ദൈവം യോസേഫിനോടുകൂടെ ഉണ്ടായിരുന്നു.

വിശ്വാസികളും ലോകത്തിൽ ജീവിതവിശുദ്ധി പാലിച്ചു ജീവിക്കണം. അപ്പൊസ്തലനായ പൗലൊസ് തിമൊഥെയോസിനു എഴുതിയിരിക്കുന്നത് വിശ്വാസികളായവരെല്ലാം മാതൃകയാക്കണം. **1. തിമൊ.4:12 —** *"ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃക ആയിരിക്ക."*

**യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാർ** (Twelve Sons of Jacob) — **ഉല്പ.49 —**

(1) രൂബേൻ — ഉല്പ.49:3 (2) ശിമെയോൻ — ഉല്പ.49:5

(3) ലേവി — ഉല്പ.49:5 (4) യഹൂദാ — ഉല്പ.49:9

(5) സെബുലൂൻ —ഉല്പ.49:13 (6) യിസ്സാഖാർ — ഉല്പ.49:14

(7) ദാൻ — ഉല്പ.49:16 (8) ഗാദ് — ഉല്പ.49:19

(9) ആശേർ — ഉല്പ.49:20 (10) നഫ്താലി — ഉല്പ.49:21

(11) യോസേഫ് — ഉല്പ.49:22 (12) ബെന്യാമിൻ — ഉല്പ.49:27

**അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരുടെ ജീവിതത്തിൽ നിന്നുള്ള ആത്മികപാഠം —**

(1) അബ്രഹാം — ഉല്പ.12:8 — അവൻ അവിടെ നിന്നു ബേഥേലിന്നു കിഴക്കുള്ള മലെക്കു പുറപ്പെട്ടു; ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി കൂടാരം അടിച്ചു; അവിടെ അവൻ യഹോവെക്കു ഒരു യാഗപീഠം പണിതു യഹോവയുടെ നാമത്തിൽ ആരാധിച്ചു.

(2) യിസ്ഹാക്ക് — ഉല്പ.26.25 — അവിടെ അവൻ ഒരു യാഗപീഠം പണിതു, യഹോവയുടെ നാമത്തിൽ ആരാധിച്ചു. അവിടെ തന്റെ കൂടാരം അടിച്ചു. അവിടെയും യിസ്ഹാക്കിന്റെ ദാസന്മാർ ഒരു കിണറ് കുഴിച്ചു.

(3) യാക്കോബ് — ഉല്പ.28:18 — യാക്കോബ് അതികാലത്തു എഴുന്നേറ്റു തലയണയായി വെച്ചിരുന്ന കല്ലു എടുത്തു തൂണായി നിർത്തി; അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥലത്തിന്നു ബേഥേൽ എന്നു പേർ വിളിച്ചു.

**(1) അബ്രഹാം കൂടാരം അടിച്ചു** — പരദേശിയെന്നുള്ള പ്രഖ്യാപനം — വേർപാട് (Separation)

അബ്രഹാമിന്റെ ജീവിതത്തിൽ എവിടെയായാലും കൂടാരമടിച്ചു പാർക്കുന്നതു കാണുന്നു. കൂടാരം താല്ക്കാലിക വാസത്തെ കുറിക്കുന്നു. ദൈവം വിളിക്കുന്ന ഏതു സ്ഥലത്തും ഏതുസമയത്തും പോകുവാനുള്ള തയ്യാറെടുപ്പാണ് താല്കാലിക കൂടാരം. നമ്മുടെ പിതാക്കന്മാർ കൂടാരങ്ങളിൽ പാർത്തു. ഇവിടെ നാം പരദേശികൾ — അല്പകാല വാസം— നമ്മുടെ ഭവനം സ്വർഗ്ഗത്തിൽ — കർത്താവു സ്ഥലം ഒരുക്കുവാൻ പോയിരിക്കുന്നു. കൂടാരം - വേർപെട്ട ജീവിതം — എവിടെയായിരുന്നാലും മിസ്രയീമ്യ, ബാബിലോണ്യ മാലിന്യങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടാകരുത്.

**(2) അബ്രഹാം യാഗപീഠം പണിതു** — സമ്പൂർണ്ണ സമർപ്പണം, ആരാധന (Surrender / Worship)

അബ്രഹാമിന്റെ ജീവിതത്തിൽ കൂടാരത്തിനു പുറമേ എവിടെയായാലും യാഗപീഠം പണിതു ദൈവത്തെ ആരാധിക്കുന്നതു കാണുന്നു. നമ്മുടെ ജീവിതത്തിലും സമ്പൂർണ്ണസമർപ്പണവും ആരാധനയും ഉണ്ടായിരിക്കണം. പൗലൊസ് പറയുന്നത് — റോമ.12.1 -- *“സഹോദരന്മാരേ, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ.”* അതിനായി ലോകത്തിനു അനുരൂപരാകാതെ യാഗപീഠം തയ്യാറാക്കണം. ഇടിഞ്ഞുകിടക്കുന്ന, അവഗണിക്കപ്പെട്ട യാഗപീഠങ്ങൾ ഒരുക്കപ്പെടണം. കർമ്മേലിൽ പ്രവാചകൻ ബാലിന്റെ പുരോഹിതരുമായി ഏറ്റുമുട്ടുന്നു. ബാലിന്റെ പുരോഹിതന്മാർ തോറ്റു മാറിയപ്പോൾ ഏലിയാവു ചെയ്തത് — അവൻ ഇടിഞ്ഞു കിടന്ന യഹോവയുടെ യാഗപീഠം നന്നാക്കി (1.രാജാ.18.30). അപ്പോൾ സ്വർഗ്ഗത്തിൽ നിന്നു തീ ഇറങ്ങുവാൻ ഇടയായി. ഇന്നു ചിലരുടെ ജീവിതങ്ങളിൽ യാഗപീഠമേ ഇല്ല. ചിലരുടേതു അവണിക്കപ്പെട്ടു — ഇടിഞ്ഞു കിടക്കുന്നു.

**(3) യിസ്ഹാക്ക് കിണറ് കുഴിച്ചു** — സമ്പൂർണ്ണ ആശ്രയം — ദൈവാശ്രയവും പ്രാർത്ഥനയും (Trust and Prayer)

യിസ്ഹാക്ക് തന്റെ പരദേശപ്രയാണത്തിൽ അനേക കിണറുകൾ കുഴിക്കുന്നതായി കാണുന്നു. വെള്ളം തിരുവചനത്തെ കാണിക്കുമ്പോൾ കിണറു കുഴിക്കുക എന്നത് പ്രാർത്ഥനാ ജീവിതത്തെയും വെളിപ്പെടുത്തുന്നു. യിസ്ഹാക്കു കുഴിച്ച കിണറൊക്കെയും ഫെലിസ്ത്യർ മൂടിക്കളഞ്ഞു. ഇന്നും സാത്തൻ നമ്മുടെ ആത്മീകജീവിതത്തെ ക്ഷീണിപ്പിക്കുന്ന അനേക മാലിന്യങ്ങളിട്ടു മൂടുവാൻ ശ്രമി

ക്കും. മാലിന്യങ്ങളൊക്കെ നീക്കേണ്ടത് ആഴത്തിലേക്കു കുഴിച്ചു അവയൊക്കെ എടുത്തു കളയുക എന്നതാണ് പരിഹാരം. വിശ്വാസിയുടെ ജീവിതത്തിനു തടസ്സമായ മാലിന്യങ്ങൽ നീക്കേണ്ടത് പ്രാർത്ഥ നയാലാണ്. അപ്പോൾ സമൃദ്ധിയായി ജലം ലഭിക്കും. നമ്മുടെ ജീവിതം ദൈവവചനത്തിലും, പ്രാർത്ഥ നയിലും, കർത്താവിലുള്ള സമ്പൂർണ്ണ ആശ്രയിത്തിലുമായിരിക്കണമെന്നു കിണർ കുഴിക്കുന്നതിനോടു ചിന്തിക്കാം.

**(4) യാക്കോബ് കല്ലു എടുത്തു തൂണായി നിർത്തി —** സാക്ഷ്യജീവിതം (Testimony of Life)

യാക്കോബിന്റെ ജീവിതത്തിൽ അനേക കല്ത്തൂണുകൾ സ്ഥാപിക്കുന്നതായി കാണുന്നു. കല്ത്തൂൺ വിശ്വാസിയുടെ സാക്ഷ്യജീവിതത്തെ വെളിപ്പെടുത്തുന്നു. നമ്മുടെ ജീവിതം സകലരും കാണുകയും വായിക്കുകയും ചെയ്യുന്നതാണ്. തൂണ് ആഴത്തിലും ഉയരത്തിലുമാണ് നാട്ടുന്നത്. ഇത് ദൈവകൃപയിൽ ആഴത്തിൽ വേരൂന്നുകയും ഉയരത്തിൽ സകലരും കാണത്തക്ക സാക്ഷ്യത്തിന്റെ സന്ദേശവും നല്കുന്നു.

അബ്രഹാം — യാഗപീഠം — (മേലോട്ട്) > (സമ്പൂർണ്ണ സമർപ്പണം, ആരാധന).
കൂടാരം — (പരദേശി, വേർപാട്)
യിസ്ഹാക്ക് — കിണർ — (താഴോട്ട്) സമ്പൂർണ്ണ ആശ്രയം, പ്രാർത്ഥന
യാക്കോബ് — തൂണ് — (മേലോട്ടും താഴോട്ടും) — സാക്ഷ്യജീവിതം

## അബ്രഹാമും സോദോം രാജാവായ ബേരായും —

### സാത്താന് അവന്റെ പ്രവർത്തനങ്ങൾക്കായി മനുഷ്യരെയാണ് ആവശ്യം —

ഉല്പ.14:21 — *“സോദോംരാജാവു അബ്രാമിനോടു: ആളുകളെ എനിക്കു തരിക; സമ്പത്തു നീ എടുത്തു കൊൾക എന്നു പറഞ്ഞു.”*

സോദോമിൽ പാർത്തിരുന്ന ലോത്തിനെ യുദ്ധത്തിൽ ശത്രുക്കൾ ബദ്ധനാക്കിക്കൊണ്ടു പോയി. തന്റെ സഹോദരപുത്രനുണ്ടായ ആപത്തറിഞ്ഞ അബ്രഹാം ശത്രുരാജാക്കന്മാരെ പിന്തുടർന്നു തോല്പ്പി ച്ചിട്ട് ലോത്തിനെയും അവനുള്ള സകലത്തെയും വീണ്ടെടുത്തു മടങ്ങിവരുന്നു (ഉല്പ.14). യുദ്ധത്തിൽ ജയിച്ചുമടങ്ങി വരുന്ന അബ്രഹാമിനെ ഈ സന്ദർഭത്തിൽ രണ്ടു രാജാക്കന്മാർ എതിരേറ്റു ചെല്ലുന്നു. ഒന്നു അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനും ശാലേം രാജാവുമായ മൽക്കീസേദെക്ക്. മറ്റേത് സോദോംരാജാവായ ബേരാ. ഇവർ പ്രതിനിധീകരിക്കുന്നത് എന്താണ്? ഒന്നു ദൈവം; മറ്റേത് ലോകം. ആരെ തിരഞ്ഞെടുക്കേണം?, ആരുടെ സമ്മാനം വാങ്ങണം?, ആരെ ആദരിക്കണം?. വിശ്വാസവീര നായ അബ്രഹാമിനു മറ്റൊന്നും ആലോചിക്കേണ്ടതായി വന്നില്ല. സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ അത്യുന്നതനിലേക്കു തന്റെ കണ്ണുകളെ ഉയർത്തി ആശ്രയം വെച്ചു. മൽക്കീസേദെക്കിൽ നിന്നു അപ്പവും വീഞ്ഞും വാങ്ങി, അവനു സകലത്തിലും ദശാംശം കൊടുത്തു ആദരിച്ചു. ബേരായുടെ സമ്മാനങ്ങൾ നിരസിച്ചു. സോദോം എന്ന വാക്കിനർത്ഥം “കത്തുന്ന” (burning) എന്നും ബേരാ എന്നതിന്റെ അർത്ഥം “മേല്ത്തരമായ സമ്മാനം” (excellent gift) എന്നുമാണ്. കത്തുന്ന സോദോമിലെ മേത്തരമായ സമ്മാന ത്തേക്കാൾ അത്യുന്നതനായ ദൈവത്തിൽ നിന്നുള്ള സമ്പത്തിനാണ് അബ്രഹാം മുൻതൂക്കം കൊടു ത്തത്.

സോദോം രാജാവിന്റെ സമ്മാനവാഗ്ദാനവും അബ്രഹാമിന്റെ മറുപടിയും ശ്രദ്ധിക്കുക — ഉല്പ.14:21 —*“സോദോംരാജാവു അബ്രാമിനോടു: ആളുകളെ എനിക്കു തരിക; സമ്പത്തു നീ എടുത്തു കൊൾക എന്നു പറഞ്ഞു. അതിന്നു അബ്രാം സോദോം രാജാവിനോടു പറഞ്ഞതു: ഞാൻ അബ്രാ മിനെ സമ്പന്നനാക്കിയെന്നു നീ പറയാതിരിപ്പാൻ ഞാൻ ഒരു ചരടാകട്ടെ ചെരിപ്പു വാറാകട്ടെ നിനക്കു ള്ളതിൽ യാതൊന്നുമാകട്ടെ എടുക്കുകയില്ല.”* സോദോമിലെ സമ്പത്തിൽ നിന്നും ഒരു ചെരിപ്പിന്റെ വാറുപോലും തനിക്കു വേണ്ടാ എന്നു പറഞ്ഞുകൊണ്ടു അതൊക്കെ നിരസിക്കുന്നതിൽ അബ്രഹാ മിനു ലോകസമ്പത്തുക്കളോടുള്ള തന്റെ കാഴ്ചപ്പാടാണ് കാണുന്നത്. ചെരിപ്പിന്റെ വാറ് നിസ്സാരവും അതേസമയം കാലിൽ നിന്നു ചെരിപ്പ് ഊരിപ്പോകാതെ ശരിയായി നടക്കുന്നതിനും ആവശ്യമാണ്. നിസ്സാരവും അതേസമയം ആവശ്യമുള്ളതെങ്കിലും ലോകത്തിന്റെ സമ്മാനം തനിക്കു വേണ്ടായിരുന്നു. അബ്രഹാമിനു തന്റെ ജീവിതവും നടപ്പും ലോകരാണ് തന്നെ സമ്പന്നനാക്കിയതെന്നു പറയുവാൻ ആർക്കും അവസരം കൊടുക്കുന്നതായിരുന്നില്ല. ദൈവമായിരുന്നു അബ്രഹാമിന്റെ അതിമഹത്തായ സമ്പത്തും, പ്രതിഫലവും.

അബ്രഹാമിനോടു സോദോമിലെ രാജാവായ ബേരാ ആവശ്യപ്പെടുന്നതുപോലെ ഇന്നും ലോകത്തിന്റെ പ്രഭുവായ പിശാചു വിശ്വാസികളോടു ആവശ്യപ്പെടുന്നതും — *"ആളുകളെ എനിക്കു തരിക"* എന്നാണ്. ആളുകൾക്കു പകരമായി സകല ലോകസമ്പത്തുകളും വാഗ്ദാനം ചെയ്യുന്നു. തിരുവചനം പരിശോധിച്ചാൽ വിശ്വാസവീരനായ അബ്രഹാമുൾപ്പെടെ അനേക ദൈവമക്കളെ ഈ സൂത്രക്കാരൻ ലോകത്തിന്റെ സമ്മാനങ്ങളുമായി സമീപിച്ചിട്ടുണ്ട്.

**പിശാചിന്റെ തന്ത്രങ്ങളെ തോല്പിച്ചവർ —**

**(1) യോസേഫ് —**

യോസേഫ് കോമളനും മനോഹരരൂപിയും ആയിരുന്നതുകൊണ്ട് പോത്തീഫറിന്റെ ഭാര്യ യോസേഫിന്മേൽ കണ്ണു പതിച്ചു. അവളുടെ ജഡീകാഭിലാഷത്തിന്റെ പൂർത്തീകരണത്തിനായി ദിനം പ്രതി പ്രേരിപ്പിച്ചു. ഫലത്തിൽ പിശാചു ആവശ്യപ്പെട്ടത് നിന്നെത്തന്നെ അഥവാ നിന്റെ ശരീരത്തെ എനിക്കു തരിക പകരമായി നിന്നെ സകലത്തിനും അധികാരിയാക്കാമെന്നാണ്. തന്റെ ശരീരം ദൈവത്തിനായി സമർപ്പിച്ച യോസേഫ് — *"ഞാൻ ഈ മഹാദോഷം പ്രവർത്തിച്ചു ദൈവത്തോടു പാപം ചെയ്യുന്നതു എങ്ങനെ എന്നു പറഞ്ഞു"* (ഉല്പ.39:9).

**(2) ദാനീയേൽ —**

അടിമകളായി ബാബേലിലേക്കു പിടിച്ചുകൊണ്ടു വന്ന ദാനീയേലിനും മൂന്നു ബാലന്മാർക്കും കൊട്ടാരത്തിൽ അവരനുഭവിക്കേണ്ടി വന്നത് തങ്ങളുടെ ദൈവത്തിൽ നിന്നകറ്റുന്ന പിശാചിന്റെ സൂത്രങ്ങളായിരുന്നു. ഒന്നാമതായി പേരു മാറ്റം, രണ്ടാമതായി ആഹാരമാറ്റം, മൂന്നാമതായി ആരാധനമാറ്റം. മൂന്നിലൂടെയും പിശാച് ആവശ്യപ്പെട്ടത് അവന്റെ ദുഷിച്ച പ്രവർത്തനങ്ങൾക്കായി അവരെ തന്നെയായിരുന്നു. എന്നാൽ അശുദ്ധി നിറഞ്ഞ ബാബിലോണിൽ വിശുദ്ധജീവിതത്തിനുവേണ്ടി അവർ തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചുകൊണ്ടു പോരാടി. ഏറെ പ്രതികൂലതകൾ നേരിടേണ്ടി വന്നെങ്കിലും പിശാചിനടിമപ്പെട്ടില്ല. ബാബിലോണിലെ സമൃദ്ധിയുടെ നടുവിൽ പരിപ്പും പച്ചവെള്ളവും കൊണ്ടു ജീവിച്ച് അത്യുന്നതനായ ദൈവത്തെ മാത്രം നമസ്കരിച്ചതിനാൽ ദൈവം അവരോടൊപ്പം ഉണ്ടായിരുന്നു.

**പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങിയവർ —**

**(1) ബിലെയാം —**

മോവാബ് രാജാവായ ബാലാക്ക് യിസ്രായേലിനെ ശപിക്കുവാൻ പ്രവാചകനായ ബിലെയാമിനോടു ആവശ്യപ്പെട്ടതും അവനെ തന്റെ പക്ഷം ചേർക്കുവാനായിരുന്നു. ബാലാക്കിന്റെ സമ്മാനങ്ങളിൽ മതിമറന്നു പിശാചിന്റെ കരത്തിലമരുവാൻ കച്ചകെട്ടി പുറപ്പെട്ട പ്രവാചകനെ ദൈവം മുന്നറിയിപ്പു നല്കി. ഉരിയാടാക്കഴുതയെക്കൊണ്ടു സംസാരിപ്പിച്ചു ഹൃദയദൃഷ്ടി തുറപ്പിച്ചു നേർവഴിക്കു കൊണ്ടു വരുവാൻ ശ്രമിച്ചു. എന്നാൽ ലോകസമ്പത്തിന്മേൽ കണ്ണുറപ്പിച്ചു യാത്ര തുടർന്ന ബിലെയാം മോവാബ്യരോടൊപ്പം വാളിനിരയായി (സംഖ്യാ.22,23,24 /സംഖ്യാ 31:8).

**(2) ശിംശോൻ —**

യിസ്രായേൽ ജനത്തെ ഫെലിസ്ത്യരുടെ അടിമത്വത്തിൽ നിന്നു വിടുവിക്കുവാൻ ദൈവം തിരഞ്ഞെടുത്തു ശക്തി നല്കിയ നേതാവായിരുന്നു ശിംശോൻ. എന്നാൽ ജഡമോഹത്താൽ ദൈവീകപ്രമാണങ്ങൾ മറന്നു സോരേക്ക് താഴ്‌വരയിൽ ഒരു സ്ത്രീയുമായി പാപത്തിലും അശുദ്ധിയിലും മുങ്ങിക്കുളിച്ചതിനാൽ അവന്റെ ശക്തി ക്ഷയിച്ചു നശിക്കുവാനിടയായി (ന്യായാ.13-16).

**(3) ആഖാൻ, ഗേഹസ്സി —**

ദൈവകല്പനക്കെതിരായി പ്രവർത്തിച്ചു ലോകസമ്പത്തിന്മേൽ കണ്ണുറപ്പിച്ചു സ്വന്തമാക്കിയ ആഖാന്റെയും, ദ്രവ്യാഗ്രഹത്താൽ സകലതും മറന്ന ഗേഹസ്സിയുടെയും നാശം തിരുവചനം വെളിപ്പെടുത്തിയിട്ടുണ്ട് (യോശു.7/2.രാജാ.5).

**(4) ദാവീദ് —**

യിസ്രായേൽ സൈന്യം അമ്മോന്യരോടു യുദ്ധം ചെയ്തുകൊണ്ടിരുന്ന സമയം ദാവീദ് താൻ ഏകനായി തന്റെ രാജധാനിയുടെ മാളികമേൽ ഉലാവിക്കൊണ്ടിരിക്കുമ്പോഴാണ് പാപത്തിൽ വീഴുവാനിടയായത്. ദാവീദ് തന്റെ പാപം ആരും അറിയാതിരിക്കാൻ ഊരിയാവിനെ ചതിയിൽ കൊലപ്പെടുത്തി. വ്യഭിചാരം എന്ന തന്റെ ഒരു പാപം മൂടിവെയ്ക്കുവാൻ ശ്രമിക്കുമ്പോൾ കൊലപാതവും ചെയ്യുവാനിടയായി (2.ശമൂ.11). സാത്താൻ ദാവീദിനെ തോല്പിക്കുകയുണ്ടായി.

**(5) യൂദാ ഈസ്കര്യോത്താവു —**

യൂദാ കർത്താവിനെ ഒറ്റിക്കൊടുക്കുവാൻ സാത്താന്റെ ഇംഗിതത്തിനനുസരിച്ചു പ്രവർത്തിച്ചു (മത്താ.26:14,21-25). സാത്താനോടൊപ്പം പ്രവർത്തിച്ചതിനാൽ അവൻ നശിച്ചു പോകുവാൻ ഇടയായി.

*"ആളുകളെ എനിക്കു തരിക; സമ്പത്തു നീ എടുത്തു കൊൾക"* എന്നു പറഞ്ഞുകൊണ്ടു പിശാച് വിശ്വാസികളെ ലക്ഷ്യമാക്കിക്കൊണ്ടു ഊടാടി സഞ്ചരിക്കുന്നു. ദുഷ്പ്രവൃത്തികൾക്കു കൂട്ടാളികളാക്കുവാൻ, ദുഷിച്ച തലമുറകളെ വാർത്തെടുക്കുവാൻ, അനേകരെ വിശ്വാസത്തിൽ നിന്നു പിന്തിരിപ്പിച്ചു അവന്റെ ഇണങ്ങിയ ആയുധമായി ഉപയോഗിക്കുവാൻ, വിശ്വാസികളെ ലോകത്തിന്റെ മ്ളേച്ഛവഴികളിലെത്തിക്കുവാൻ പിശാചിനും സഹായികളായി ആളുകളെ ആവശ്യമായിരിക്കുന്നു. ഈ സൂത്രക്കാരന്റെ കണ്ണഞ്ചിപ്പിക്കുന്ന ലോകസമ്പാദ്യങ്ങളിലാകർഷിക്കപ്പെട്ട് ഇന്നു അനേകവിശ്വാസികൾ ആത്മീയ കാര്യങ്ങളിൽ പിൻമാറ്റക്കാരായിത്തീരുന്നു. ലോകസമ്പാദ്യങ്ങളെല്ലാം തീയ്ക്കു ഇരയാകും എന്നോർക്കുക.

ദൈവത്തിനും തന്റെ രക്ഷണ്യവേല പൂർത്തീകരിക്കുവാൻ വിശുദ്ധിയും വേർപാടുമുള്ള വിശ്വാസികളെയാണാവശ്യം. വിശ്വാസിയുടെ ശരീരത്തിൽ പിശാചു കർത്തൃത്വം നടത്തുവാൻ അനുവദിക്കരുത് (റോമ.6:12,13). അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ (യെശ.6:8) എന്നുള്ള സമ്പൂർണ്ണ സമർപ്പണത്തോടെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി നമ്മെ സമർപ്പിക്കണം (റോമ.12:1).

## ഒന്നാമത്തെ മനുഷ്യനായ ആദാമും, രണ്ടാമത്തെ ആദാമായ യേശുക്രിസ്തുവും —

| ഒന്നാം ആദാമിന്റെ പാപത്താൽ ഉണ്ടായവ | — പരിഹാരമായി യേശുക്രിസ്തു അനുഭവിച്ച ശിക്ഷ |
|---|---|
| (1) മരണം (ഉല്പ.2:17) | — മരണം അനുഭവിച്ചു (എബ്രാ.2:9/യോഹ.11:25) |
| (2) നഗ്നത (ഉല്പ.3:7) | — നഗ്നനായി - വസ്ത്രം പകുത്തെടുത്തു (യോഹ.19:23,24) |
| (3) മുള്ള് (ഉല്പ.3:14) | — മുൾക്കിരീടം ധരിച്ചു (യോഹ.19:5) |
| (4) ശാപം (ഉല്പ.3:17) | — ശാപമരണം അനുഭവിച്ചു (ഗലാ.3:13) |
| (5) കഷ്ടത (ഉല്പ.3:17) | — വ്യസനപാത്രമായി (യെശ.53:3) |
| (6) വിയർപ്പ് (ഉല്പ.3:19) | — വിയർപ്പ് ചോരത്തുള്ളിപോലെ (ലൂക്കൊ.22:44) |
| (7) വാൾ (ഉല്പ.3:24) | – കുന്തം കൊണ്ടു വിലാപ്പുറത്തു കുത്തി (യോഹ.19:34). |

## ഒന്നാമത്തെ ആദാമും, രണ്ടാമത്തെ ആദാമായ യേശുക്രിസ്തുവും — പ്രത്യേകതകൾ :

(1) ഒന്നാമത്തെ ആദാം കള്ളം പ്രവർത്തിച്ചതിനാൽ പറുദീസായിൽ (ഏദെൻതോട്ടത്തിൽ) നിന്നു പുറത്തായി. രണ്ടാമത്തെ ആദാമായ യേശുക്രിസ്തു ക്രൂശിൽ കിടന്നപ്പോൾ ഒരു കള്ളനു പറുദീസായിലേക്കു പ്രവേശനം നല്കി. *"പിന്നെ അവൻ: യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തു കൊള്ളേണമേ എന്നു പറഞ്ഞു. യേശു അവനോടു: ഇന്നു നീ എന്നോടുകൂടെ പരദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു"* (ലൂക്കൊ.23:42,43).

(2) ഒന്നാം മനുഷ്യനായ ആദാമിലൂടെ പാപവും പാപത്താൽ മരണവും ലോകത്തിൽ പ്രവേശിച്ചു. ആദാമിന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായി. എന്നാൽ രണ്ടാമത്തെ മനുഷ്യനായ യേശുക്രിസ്തുവിന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും (റോമ.5:12–19).

(3) ആദാം പഴയസൃഷ്ടിയുടെ തലയായിരിക്കുമ്പോൾ ക്രിസ്തു പുതിയ ആത്മീകസൃഷ്ടിയുടെ തലയായിരിക്കുന്നു.

(4) ആദാമിനു ഒരു ഗാഢനിദ്ര വരുത്തി അവന്റെ വാരിയെല്ലുകളിൽ ഒന്നു എടുത്തു തനിക്കു ഭാര്യയെ നല്കി (ഉല്പ.2:21,22). യേശുക്രിസ്തുവിന്റെ കാൽവറിയിലെ ഗാഢനിദ്രയിലൂടെ (മരണം) മണവാട്ടി സഭയുണ്ടാകുവാൻ ഇടയായി (യോഹ.19:33–37).

(5)ആദാമിനെ മണ്ണിൽ നിന്നു സൃഷ്ടിച്ചപ്പോൾ ഹവ്വായെ ആദാമിൽ നിന്നു സൃഷ്ടിച്ചു (മനുഷ്യനെ മണ്ണിൽ നിന്നു സൃഷ്ടിച്ചപ്പോൾ സ്ത്രീയെ മനുഷ്യനിൽ നിന്നു സൃഷ്ടിച്ചു).

## നീതി വസ്ത്രം (Cloth of Righteousness) —

—> മനുഷ്യൻ പാപം ചെയ്തപ്പോൾ നഗ്നത മറെക്കുവാൻ സ്വയം അത്തിയിലകൊണ്ടു വസ്ത്രം ഉണ്ടാക്കി ധരിച്ചു (ഉല്പ.3:7).

—> ദൈവം അവർക്കു തോൽ കൊണ്ടു ഉടുപ്പു ഉണ്ടാക്കി അവരെ ഉടുപ്പിച്ചു (ഉല്പ.3:21). അതു രക്ഷാവസ്ത്രത്തിനും നീതിയുടെ അങ്കിക്കും തുല്യവുമായിരുന്നു (യെശ.61:10).

—> മനുഷ്യന്റെ പാപത്താലുള്ള നഗ്നത മറെക്കുവാൻ ഒരു സാധു മൃഗം കൊല്ലപ്പെട്ടു (ഉല്പ.3:21). അതിലൂടെ ക്രോധത്തിങ്കൽ കരുണ പ്രദർശിപ്പിക്കപ്പെട്ടു (ഹബ.3:2).

—> ദൈവവുമായുള്ള കൂട്ടായ്മബന്ധം പുനനഃസ്ഥാപിക്കുവാനും പുതിയ ആരംഭം കുറിക്കുവാനും പാപപരിഹാരത്തിനു ഒരു സാധുമൃഗം കൊല്ലപ്പെട്ടു.

—> പാപിയായ മനുഷ്യനു നീതി വസ്ത്രം നല്കാനായി ക്രിസ്തു ക്രൂശിൽ മരിച്ചു (2.കൊരി.5:21).

## നോഹയുടെ പെട്ടകവും ക്രിസ്തുവും (ARK OF NOAH AND CHRIST) —

(1) നോഹയുടെ പെട്ടകം ക്രിസ്തുവിന്റെ നിഴൽ ആയിരിക്കുന്നു (ഉല്പ.6:13-22/ ഉല്പ.7:23/ഉല്പ.8:4).

(2) നോഹ എന്ന പേരിനർത്ഥം = വിശ്രമം (Rest) / ആശ്വാസം (Comfort)

(3) നോഹയുടെ പെട്ടകം > ആത്മീകാർത്ഥത്തിൽ യേശുക്രിസ്തുവിലൂടെയുള്ള പ്രവൃത്തിയും രക്ഷയും കുറിക്കുന്നു

(4) പെട്ടകം ദൈവത്തിന്റെ ശിക്ഷാവിധിയിൽ നിന്നു രക്ഷിച്ചു. ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല (റോമ.8:1).

(5) നോഹയുടെ പെട്ടകം യേശുക്രിസ്തുവിലുടെയുള്ള രക്ഷയുടെ മുൻകുറിയാണ്.

(6) ദൈവം കൊടുത്ത മാതൃകപ്രകാരമാണ് പെട്ടകം നിർമ്മിച്ചത്. ക്രിസ്തുവിനെ രക്ഷിതാവായി നല്കിയത് പിതാവായ ദൈവത്തിന്റെ ആലോചന പ്രകാരമായിരുന്നു.

അപ്പൊ.2:22,23 — *"യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടുകൊൾവിൻ. നിങ്ങൾ തന്നേ അറിയുംപോലെ ദൈവം അവനെക്കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായി നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ടു..."*

(7) പെട്ടകം മരം കൊണ്ടാണ് ഉണ്ടാക്കിയത്. ഇതു ക്രിസ്തുവിന്റെ മനുഷ്യത്വത്തെ കുറിക്കുന്നു. ((ഉല്പ.6:14)).

(8) പെട്ടകത്തിനു ഒരു വാതിൽ മാത്രം (ഉല്പ.6:16). ഇത് കാണിക്കുന്നത് കർത്താവായ യേശുക്രിസ്തു മാത്രം രക്ഷെക്ക് ഏക വാതിലും വഴിയും എന്നതാണ്.

അപ്പൊ.4:12 — *"മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല."*

യോഹ.10:9 — *"ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും; അവൻ അകത്തു വരികയും പുറത്തുപോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും."*

യോഹ.14:6 — *"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല."*

(9) ദൈവീകന്യായവിധിയുടെ പേമാരി പെട്ടകത്തിന്മേൽ ആർത്തടിച്ചു. രക്ഷ ഒരുക്കുന്നതിനായി ക്രിസ്തു ദൈവത്തിന്റെ ന്യായവിധി ഏറ്റു വാങ്ങി.

യെശ.53:5 — *"എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു."*

(10) പെട്ടകത്തിലൂടെയുള്ള യാത്ര വിശ്വാസ സ്നാനത്തിനു ഒരു മുൻകുറി. പെട്ടകം നാലു വശങ്ങളും വെള്ളത്തിൽ. ജലപ്രളയത്തിന്റെ പേമാരി പെട്ടകത്തിന്റെ *ഇരുവശങ്ങളിലും*, പെട്ടകത്തിനു *മുകളിലും* ആഞ്ഞടിച്ചു. *പെട്ടകത്തിനടിയിൽ* ഓളങ്ങളും തിരമാലകളും അടങ്ങിയ ജലം. അക്ഷരാർത്ഥത്തിൽ നോഹയും കുടുംബവും ജലത്തിലൂടെ പെട്ടകസ്നാനം വഴിയായി വിടുതൽ പ്രാപിച്ചു എന്നു പറയാം. ലോകത്തിലെ മ്ലേച്ഛതയിൽ നിന്നുള്ള വേർപാടും, രക്ഷയും ആയിരുന്നു നോഹയ്ക്കും കുടുംബത്തിനും ലഭിച്ചത്.

1.പത്രൊ.3:20,21 — *"ആ പെട്ടകത്തിൽ അല്പജനം എന്നു വെച്ചാൽ എട്ടുപേർ; വെള്ളത്തിൽ കൂടി രക്ഷ പ്രാപിച്ചു. അതു സ്നാനത്തിന്നു ഒരു മുൻകുറി."*

(11) പെട്ടകത്തിനകത്തുള്ള സകലരുടെയും ആവശ്യങ്ങൾക്കു പെട്ടകം മതിയായതായിരുന്നു. ക്രിസ്തു നമ്മുടെ സകല ആവശ്യങ്ങൾക്കും മതിയായവൻ.

ഫിലി.4:19 — *''എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധന ത്തിനനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും."*

# തിരുവചനത്തിലെ മൂന്നു മഴവില്ലുകൾ

ബൈബിളിൽ ഉല്പത്തി, യെഹെസ്കേൽ, വെളിപ്പാട് എന്നീ മൂന്നു പുസ്തകങ്ങളിലാണ് വില്ലിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. (1) നോഹ (2) യെഹെസ്കേൽ (3)യോഹന്നാൻ എന്നിവർക്കാണ് ഇതിനു ദർശനമുണ്ടായത്. ഇവ കണ്ടത് —(1) ഉല്പത്തിയിൽ ശുദ്ധീകരിക്കപ്പെട്ട ഭൂമിയിൽ (2) യെഹ സ്കേലിൽ ബാബിലോൺ പ്രവാസത്തിൽ (3) വെളിപ്പാടിൽ പത്മൊസിൽ നിന്നുള്ള സ്വർഗ്ഗീയ കാഴ്ച യിൽ. ഇതിന്റെ സന്ദർഭമോ — (1) ഉല്പത്തിയിൽ ജലപ്രളയത്തിനു ശേഷം (2) യെഹെസ്കേലിൽ കൊടുങ്കാറ്റിനു മദ്ധ്യേ (3) വെളിപ്പാടിൽ ന്യായവിധിയായ കൊടുങ്കാറ്റിനു മുമ്പേ.

**(1) നോഹ —**

ഉല്പത്തി പുസ്തകത്തിൽ ജലപ്രളയത്തിനു ശേഷം നോഹയോടു ദൈവം ചെയ്ത ഉടമ്പടിയെ (ഉല്പ.9:11-17) മഴവില്ലു ഓർമ്മിപ്പിക്കുന്നു. *"ഞാൻ എന്റെ വില്ലു മേഘത്തിൽ വെക്കുന്നു; അതു ഞാനും ഭൂമിയും തമ്മിലുള്ള നിയമത്തിന്നു അടയാളമായിരിക്കും"* (ഉല്പ.9:13).

ഉടമ്പടി ദൈവം നോഹയോടു അരുളിച്ചെയ്തെങ്കിലും ഭൂമിയിലെ സകലസൃഷ്ടികളോടുമുള്ള നിയമമായിരുന്നു മേഘത്തിലെ വില്ല്. നോഹയും കുടുംബവും പെട്ടകത്തിലൂടെ ജലപ്രളയത്തിൽ നിന്നു രക്ഷപ്പെട്ട ശേഷം അവർ കണ്ട മഴവില്ല് ദൈവത്തിന്റെ ഉടമ്പടി സന്ദേശമായിരുന്നു. മേഘത്തിൽ വെച്ച വില്ലു മനുഷ്യരോടുള്ള ദൈവത്തിന്റെ കൃപ, കരുണ, വിശ്വസ്തത വെളിപ്പെടുത്തുന്ന ഉടമ്പടിയാണ്. അവർ മഴവില്ലു ആകാശത്തു കാണുമ്പോൾ ഓർക്കേണ്ടത് ഇനി സകലജഡത്തെയും നശിപ്പിപ്പാൻ വെള്ളം ഒരു പ്രളയമായി തീരുകയില്ല (ഉല്പ.9:15) എന്നാണ്.

**(2) യെഹെസ്കേൽ പ്രവാചകൻ —**

ബാബേലിലെ കെബാർ നദീതീരത്തു പ്രവാസികളുടെ മദ്ധ്യേ ഇരിക്കുമ്പോഴാണ് ദിവ്യദർശനം. ദൈവമഹത്വം നിറഞ്ഞ യെരൂശലേം ദൈവാലയത്തിൽ നിന്നു അകലെ വിഗ്രഹാരാധികളായ ബാബി ലോണ്യരുടെ മദ്ധ്യേ വച്ചാണ് ദൈവദർശനം ലഭിച്ചത്. കെബാർ നദീതീരത്തു പ്രവാചകൻ ഇരിക്കുമ്പോൾ തുറന്നസ്വർഗ്ഗത്തിലൂടെ ചക്രങ്ങളും സിംഹാസനവും അടങ്ങിയ ദർശനത്തിലാണ് വില്ലു (യെഹെ.1:1-28) കണ്ടത്. *" .........അതിന്റെ ചുറ്റും പ്രകാശവും ഉണ്ടായിരുന്നു. അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ച പോലെ ആയിരുന്നു"*(യെഹെ.1:27,28). യോഹന്നാനെപ്പോലെ യെഹെസ്കേലും കണ്ടത് പൂർണ്ണവൃത്താകൃതിയിലുള്ള വില്ലായിരുന്നു

**(3) യോഹന്നാൻ —**

വെളിപ്പാടിൽ തുറന്നസ്വർഗ്ഗത്തിലൂടെ യോഹന്നാൻ സിംഹാസനത്തിനു ചുറ്റും വില്ലിനെ കാണുന്നു(വെളി.4.2,3). മരതകത്തോടു സദൃശമായ പച്ചവില്ല് ദൈവത്തിന്റെ കരുണ, കൃപ എന്നിവയോടൊപ്പം ജീവനെയും സമൃദ്ധിയെയും വെളിപ്പെടുത്തുന്നു. നോഹ കണ്ട മഴവില്ലു സപ്തവർണ്ണങ്ങൾ അടങ്ങിയിരിക്കുമ്പോൾ യോഹന്നാൻ കണ്ട വില്ല് പച്ചനിറമായിരുന്നു. നോഹയും ദൈവവുമായുള്ള ഉടമ്പടിയിൽ സപ്തവർണ്ണമായ മഴവില്ലു ദൈവകൃപയുടെ അടയാളമായിരുന്നു.

യോഹന്നാൻ കണ്ട പച്ചവില്ല് പാപത്താൽ ശാപം ഏറ്റുവാങ്ങി മുള്ളും പറക്കാരയും മുളെക്കുവാനിടയായ ഭൂമിയെ (ഉല്പ.3) ദൈവം പുനരുദ്ധരിച്ചു കണ്ണുനീരില്ലാത്ത, ദുഃഖവും മുറവിളിയും ഇല്ലാത്ത, കഷ്ടതയും മരണവുമില്ലാത്ത (വെളി.21) എന്നും സമൃദ്ധിയും ജീവനും നൽകുന്ന വ്യവസ്ഥിതിയിലെത്തിക്കും എന്നുള്ളതിന്റെ അടയാളമാണ്. സ്വർഗ്ഗസിംഹാസനത്തിനു ചുറ്റും വലയം ചെയ്തിരുന്ന വില്ലു പച്ചനിറമുള്ളതും സമ്പൂർണ്ണ വൃത്താകൃതിയിലുമായിരുന്നു.

**സാധാരണ മഴവില്ലു കാണുന്നത് മഴെക്കും കൊടുങ്കാറ്റിനും ശേഷമായിരിക്കും ——**

നോഹെക്കും, യെഹെസ്കേലിനും, യോഹന്നാനും മഴവില്ലിന്റെ ദർശനമുണ്ടായത് വ്യത്യസ്ത സാഹചര്യങ്ങളിലായിരുന്നു.

**(1) നോഹ പേമാരിക്കും കൊടുങ്കാറ്റിനും ശേഷമായിരുന്നു മഴവില്ല് കണ്ടത് (ഉല്പ.9:11).**

ഇതു കാണിക്കുന്നത് നമ്മുടെ വിശ്വാസജീവിത യാത്രയിൽ ആഞ്ഞടിക്കുന്ന ഈശാനമൂലൻ ഉൾപ്പെട്ട കഷ്ടത പ്രയാസങ്ങൾ എന്നിവയുടെ മദ്ധ്യേ ദൈവം നമ്മെ വിടുവിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. അതിനു ശേഷം നമുക്കു ദൈവത്തിന്റെ കരുണയുടെ സപ്തവർണ്ണങ്ങൾ ദർശിച്ചു ദൈവത്തെ സ്തുതിക്കുവാനും സാധിക്കും എന്നാണ്.

**(2) പ്രവാചകനായ യെഹെസ്കേൽ വില്ല് കണ്ടത് കൊടുങ്കാറ്റിനു മദ്ധ്യേയായിരുന്നു**

*“അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ച പോലെ ആയിരുന്നു”* (യെഹ.1:28). ഇതു കാണിക്കുന്നത് നമ്മുടെ ആപത്തുവേളകളിലും , കണ്ണുനീരിന്റെ ദിനങ്ങളിലും പ്രശ്നങ്ങളുടെ മദ്ധ്യേയും ദൈവം നമ്മോടൊപ്പം ഉണ്ടായിരിക്കും. ഈ അവസരത്തിൽ ദൈവകൃപയുടെ മനോഹരത്വം കണ്ടു നമുക്കു ആനന്ദിക്കുവാൻ ഇടയാകും എന്നാണ്.

**(3) യോഹന്നാൻ വില്ലു കാണുന്നത് ഭൂമിയിലേക്കു ആഞ്ഞടിക്കുവാൻ പോകുന്ന ദൈവക്രോധത്തിന്റെ കൊടുങ്കാറ്റിനു മുമ്പേയാണ്** (വെളി.4:3) — “സിംഹാസനത്തിന്റെ ചുറ്റും കാഴ്ചെക്കു മരതകത്തോടു സദൃശമായോരു പച്ചവില്ലു” —

ഇതു കാണിക്കുന്നത് ദൈവിക ന്യായവിധി ഭൂമിയിൽ പതിക്കുമ്പോൾ ജയാളികളായ ദൈവമക്കൾ ദൈവത്തിൽ സുക്ഷിതരായിരിക്കും എന്നതിനെയാണ്. യോഹന്നാൻ കണ്ട വില്ലിനു മറ്റൊരു പ്രത്യേകതയും കൂടി ഉണ്ടായിരുന്നു. മഴവില്ലു നാം കാണുന്നത് അർദ്ധവൃത്താകൃതിയെങ്കിൽ അപ്പൊസ്തലനായ യോഹന്നാൻ കണ്ടത് മുഴുവൃത്താകൃതിയിലുള്ള പച്ചവില്ലായിരുന്നു. ഒന്നാമത് പൂർണ്ണരൂപം സജീവവും സമൃദ്ധിയുമായ സമ്പൂർണ്ണദൈവകൃപയെ പ്രദർശിപ്പിക്കുന്നു. രണ്ടാമതായി ഇന്നു നാം സ്വർഗ്ഗീയ കാര്യങ്ങൾ ഭാഗികമായേ അറിയുന്നുള്ളു. എന്നാൽ ഒരിക്കൽ സ്വർഗ്ഗത്തിൽ നാം ആയിരിക്കുമ്പോൾ സകലവും അതിന്റെ തനിമയിൽ പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കും എന്നതിനെയും വില്ലിന്റെ പൂർണ്ണരൂപം പ്രകടമാക്കുന്നു.

## ക്രിസ്തു ഉല്പത്തിയിൽ - ക്രിസ്തു സ്ത്രീയുടെ സന്തതി

(1) സർപ്പത്തിന്റെ തല തകർക്കുന്ന സ്ത്രീയുടെ സന്തതി — ഉല്പ.3:15 (ഗലാ.4:4)

(2) മനുഷ്യന്റെ നഗ്നത മറയ്ക്കുവാൻ കൊലചെയ്യപ്പെട്ട മൃഗം — (ഉല്പ.3:21 /ഹബ.3:2)

(3) കൊല്ലപ്പെട്ട നിർദ്ദോഷിയായ ഹാബേൽ — ഉല്പ.4:8 /എബ്രാ.11:4

(4) ശേത്തിന്റെ വംശാവലിയിൽ ക്രിസ്തു — ഉല്പ.4:25

(5) നോഹയുടെ പെട്ടകം — ഉല്പ.6:13 — 22 / ഉല്പ.7:23/ ഉല്പ.8:4

(6) അബ്രഹാമിന്റെ സന്തതി -- Seed of Abraham — ( ഉല്പ.12:3, ഉല്പ.22:18).

(7) അത്യുന്നതനായ ദൈവത്തിന്റെപുരോഹിനായ മൽക്കീസേദെക്ക് (ഉല്പ.14:18/എബ്രാ.6:20/7:1- 3)

(8) വാഗ്ദത്ത പുത്രൻ — ഉല്പ.15:4

(9) യിസ്ഹാക്കിന്റെ അത്ഭുതജനനം — ഉല്പ.21:2,3

(10) മോറിയാമലയിൽ ഏകജാതന്റെ (യിസ്ഹാക്ക്) യാഗം — ഉല്പ.22:2

(11) മോറിയാ മലയിൽ യിസ്ഹാക്കിനു പകരം അർപ്പിക്കപ്പെട്ട ആട്ടുകൊററൻ — (ഉല്പ.22:8,13)

(12) മണവാട്ടിയായ റിബേക്കയെ സ്വീകരിക്കാൻ കാത്തിരിക്കുന്ന മണവാളനായ യിസ്ഹാക്ക് — (ഉല്പ.24:63,64/ വെളി.19:7,8).

(13) യാക്കോബിന്റെ സ്വപ്നത്തിലെ കോവണി (ഉല്പ.28:12). ഈ കോവണി സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു ഇറങ്ങി വന്ന ക്രിസ്തുവിനെയും, ക്രിസ്തുവിൽ കൂടിയുള്ള വിശ്വാസികളുടെ സ്വർഗ്ഗപ്രവേശനത്തെയും കാണിക്കുന്നു — (യോഹ.14:6/ അപ്പൊ.4:12/ യോഹ.1:51/ അപ്പൊ.7:56)

(14) യോസേഫിന്റെ ജീവിതം — യോസേഫ് പിതാവിനാൽ സ്നേഹിക്കപ്പെട്ടു; സ്വന്ത സഹോദരന്മാരാൽ ഉപേക്ഷിക്കപ്പെട്ടു; എങ്കിലും ദൈവം അവനെ ഉയർത്തി (ഉല്പ.37- 50). ഇതു സ്വന്തജനമായ യഹൂദന്മാരാൽ തള്ളപ്പെട്ട യേശുക്രിസ്തുവിനെ കാണിക്കുന്നു — (ഉല്പ.37:28/ഉല്പ.41:43/യോഹ.1:11/ ഫിലി.2:9—11)

(15) യോസേഫ് സ്വജനത്തിന്റെ രക്ഷകൻ (ഉല്പ.46-48)

(16) അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽ —ക്രിസ്തു യഹൂദാഗോത്രത്തിൽ — ഉല്പ.49:10/ വെളി.5:5.

---

# (2) പുറപ്പാടു — EXODUS

മോശെയുടെ പഞ്ചഗ്രന്ഥങ്ങളിൽ രണ്ടാമത്തേതാണ് പുറപ്പാടു പുസ്തകം. എബ്രായഭാഷയിൽ ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള മോശെയുടെ അഞ്ചു പുസ്തകങ്ങളും ഒറ്റ പുസ്തകമാണ്. എന്നാൽ ഓരോ പുസ്തകത്തിലെയും വിഷയങ്ങൾ തരംതിരിച്ചു അഞ്ചു പുസ്തകങ്ങളായി രൂപപ്പെടുത്തിയത് ഗ്രീക്കു ഭാഷയിലേക്കു വിവർത്തനം ചെയ്ത സെപ്റ്റുവജിന്റ് പരിഭാഷക്കാരാണ്.

"പുറപ്പാടു" എന്നതിന് അർത്ഥം *"വെളിയിലേയ്ക്കു പോകുക"* (going out / departutre) എന്നാണ്. ഗ്രീക്കിൽ EXODUS എന്ന പദത്തിൽ EX എന്നതിനു പുറത്തേക്കു (OUT) എന്നും, HODOS എന്നതിനു ഒരുവഴി (A WAY) എന്നുമർത്ഥം. മനുഷ്യവർഗ്ഗത്തിന്റെ പ്രധാനപ്പെട്ട യാത്രാ വിവരണമാണിത്. പ്രാരംഭ അദ്ധ്യായങ്ങളിൽ യിസ്രായേൽ എങ്ങനെ മിസ്രയിം അടിമത്വത്തിൽ അകപ്പെട്ടു എന്നും തുടർന്നുള്ള വിടുതലും കാണാം.

"ഞാൻ മരിക്കുന്നു; എന്നാൽ ദൈവം നിങ്ങളെ സന്ദർശിക്കുകയും ഈ ദേശത്തു നിന്ന്........ കൊണ്ടു പോകയും ചെയ്യും" (ഉല്പ.50:24) എന്നു പറഞ്ഞുകൊണ്ടു മരിക്കുന്ന യോസേഫിന്റെ ശ്രേഷ്ഠ വിശ്വാസത്തിലാണ് ഉല്പത്തി പുസ്തകം അവസാനിക്കുന്നത്. പുറപ്പാടു മിസ്രയിമിൽ നിന്നും തുടങ്ങുന്നു. വിടുതൽ അഥവാ വീണ്ടെടുപ്പ് എന്നതാണ് പുറപ്പാടിലെ പ്രധാന വിഷയം. ബൈബിളിൽ ഒന്നാമതായി "വീണ്ടെടുപ്പ് " എന്ന പദം വരുന്നത് ഈ പുസ്തകത്തിലാണ്. ആകയാൽ *"വീണ്ടെടുപ്പിന്റെ ഒന്നാം പുസ്തകം"* (The first book of Redemption) എന്നും ഇതിനെ വിളിക്കുന്നു.

ഉല്പത്തിയിൽ യോസേഫിന്റെ മരണശേഷം, യോസേഫിനെ അറിയാത്തതും, എബ്രായജനതയോടു സഖിത്വവും, സ്നേഹവും ഇല്ലാത്തതുമായ ഒരു പുതിയ രാജാവ് (ഫറവോൻ) അധികാരത്തിൽ വന്നു (പുറ.1:8). തുടർന്നു മിസ്രയീമിൽ യിസ്രായേൽ മക്കളെ അടിമകളാക്കി കഠിനജോലികൾ ചെയ്യിക്കുകയും, ക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു. ദൈവജനത്തിന്റെ നിലവിളി കേട്ട ദൈവം അവരെ ഫറവോനിൽ നിന്നും വിടുവിക്കുവാനായി മോശെയെ എഴുന്നേൽപ്പിച്ചു (പുറ.3). ജനത്തെ കനാനിലേക്കു പോകുവാൻ അനുവദിക്കണം എന്ന ദൈവീക അരുളപ്പാടു മോശെ ഫറവോനെ അറിയിച്ചു. ഫറവോൻ ദൈവകല്പന കൂട്ടാക്കിയില്ല എന്നു മാത്രമല്ല യിസ്രായേൽമക്കളെ വീണ്ടും അതികഠിനമായി പീഡിപ്പിച്ചു. ഇതിനെ തുടർന്നു ദൈവം ഫറവോന്റെയും, മിസ്രയീമിന്റെയും നേർക്കു പല ബാധകൾ അയച്ചു. എന്നിട്ടും ദൈവജനത്തെ വിട്ടയയ്ക്കാൻ കൂട്ടാക്കിയില്ല. ഒടുവിലത്തെയും പത്താമത്തെയും ബാധയായ കടിഞ്ഞൂൽ സംഹാരത്തിലൂടെ ദൈവം തന്റെ ജനത്തെ ഫറവോനിൽ നിന്നും വിടുവിച്ചു കനാനിലേക്കു നടത്തി (പുറ.12). ദൈവം തന്റെ ജനത്തെ ചെങ്കടൽ വിഭാഗിച്ചു ഉണങ്ങിയ നിലം എന്നപോലെ മറുകര എത്തിച്ചു. പിന്തുടർന്നു വന്ന ഫറവോനെയും, സൈന്യത്തെയും ദൈവം ചെങ്കടലിൽ മുക്കി കൊന്നു (പുറ.14).

മോശെയുടെ നേതൃത്വത്തിൽ ദൈവജനം ചെങ്കടൽ കടന്നു സീനായ് പർവ്വതത്തിന്റെ അടിവാരത്തിൽ എത്തി. അവിടെ വച്ച് ദൈവത്തിന്റെ പ്രമാണങ്ങൾ മോശെ മൂലം യിസ്രായേൽ ജനത്തിനു ലഭിച്ചു. പുറപ്പാട് 12-ാം അദ്ധ്യായത്തിൽ ആട്ടിൻകുട്ടിയുടെ രക്തം കുറെ എടുത്തു വീടുകളുടെ വാതിലിന്റെ കട്ടളക്കാൽ രണ്ടിന്മേലും കുറുമ്പടിമേലും പുരട്ടി രക്ഷ പ്രാപിക്കുന്നത് യേശുക്രിസ്തുവിന്റെ രക്തത്താലുള്ള വീണ്ടെടുപ്പിനെ കുറിക്കുന്നു. 14-ാം അദ്ധ്യായത്തിൽ ഫറവോനും സൈന്യവും ചെങ്കടലിൽ മുങ്ങിച്ചാകുന്നതും, യിസ്രായേൽ സുരക്ഷിതരായി ചെങ്കടൽ കടക്കുന്നതും, ശത്രുവായ പിശാചിന്മേൽ കർത്താവു വിജയം വരിച്ചതിനെയും ദൈവമക്കൾക്കു ലഭിക്കുന്ന വീണ്ടെടുപ്പിനെയും കുറിക്കുന്നു. 25 മുതലുള്ള അദ്ധ്യായങ്ങളിൽ സമാഗമനകൂടാരത്തിന്റെ നിർമ്മാണം, അതിലെ ഉപകരണങ്ങൾ, കൂടാരത്തിലെ ശുശ്രൂഷകൾ എന്നിവ വിവരിക്കുന്നു. മനുഷ്യരോടൊപ്പം ദൈവം വസിക്കുന്നതിനെ സമാഗമനകൂടാരം വെളിപ്പെടുത്തുന്നു.

**എഴുത്തുകാരൻ** : മോശെ **എഴുതിയ കാലം** : 1450 — 1410 ബി.സി

**എഴുതിയ സ്ഥലം** : മരുഭൂമിയിൽ സീനായ് ഭൂപ്രദേശം

**പശ്ചാത്തലം** : മിസ്രയീമിൽദൈവജനം അടിമകളായിരിക്കുന്നു. ദൈവം അവർക്കു സ്വാതന്ത്ര്യം നൽകുന്നു

**പ്രധാന വാക്യങ്ങൾ** : പുറ.3:7,10 / പുറ.6:6 / പുറ.19:5,6

**പ്രധാന അദ്ധ്യായങ്ങൾ**: പുറ.12 മുതൽ 14 വരെ. **താക്കോൽ വാക്ക്** : വീണ്ടെടുപ്പ്

**പ്രധാന വ്യക്തികൾ** :

**(1) മോശെ (Moses )**—മിസ്രയീമ്യ അടിമത്വത്തിൽ നിന്നും ദൈവജനത്തെ വിടുവിച്ചവൻ (പുറ.2 — പുറ.40)

**(2) മിര്യാം (Miriam)** — മോശെയുടെ സഹോദരിയും പ്രവാചകിയും (പുറ.2:7/പുറ.15:20,21)

**(3) ഫറവോൻ ( Pharaoh)** — ദൈവജനത്തിന്റെ അടിമത്വത്തിൽ മിസ്രയീമിലെ അധികാരി (പുറ.5-14)

**(4) ഫറവോന്റെ പുത്രി (Daughter of Pharaoh)** — പൈതലായ മോശെയെ വെള്ളത്തിൽ നിന്നു രക്ഷിച്ചു മകനായി വളർത്തിയ രാജകുമാരി (പുറ.2:5-10)

**(5) അഹരോൻ (Aaron )** — മോശെയുടെ സഹോദരനും യിസ്രായേലിന്റെ ആദ്യത്തെ മഹാപുരോഹിതനും (പുറ.4:14-പുറ.40:31)

**(6) യോശുവാ (Joshua)**—മോശെയുടെ സഹായി- വാഗ്ദത്തനാട് കൈവശമാക്കുവാൻ യിസ്രായേലിനെ നയിച്ചവൻ (പുറ.17:9-14/പുറ.24:13/പുറ.32:17/പുറ.33:11)

**വിഷയം** : മിസ്രയീമിൽ നിന്നുള്ള പുറപ്പാട്, യിസ്രായേലുമായുള്ള ഉടമ്പടി — നിയമം

**പ്രധാനസംഭവങ്ങൾ** : മോശെയുടെ വിളി, ബാധകൾ, പെസഹ, പുറപ്പാട്, ചെങ്കടൽ തരണം, പത്തു കല്പനകൾ, സമാഗമനകൂടാര നിർമ്മാണം.

**പുസ്തക വിഭജനം**: (40 അദ്ധ്യായങ്ങൾ)—

(1) വിമോചനം — 1 —18 — മിസ്രയീമ്യരുടെ മേൽ ദൈവം ജയം നേടുന്നു. ദൈവീകശക്തിയാൽ തന്റെ ജനത്തെ വിടുവിക്കുന്നു.

(2) വേർപാട് — 19 — 24 — സീനായ്യിൽ വച്ച് ഉടമ്പടി നൽകി. സകല ജാതികളിലും നിന്നു വേർപെട്ടു ദൈവത്തിനു സ്വന്തമായിരിക്കണം. ഊന്നൽ കൊടുക്കുന്നത് ദൈവത്തിന്റെ വിശുദ്ധി.

(3) ദൈവത്തിന്റെ വാസം — 25—40 — ഉല്പത്തിയിൽ ദൈവം അവരോടൊപ്പം നടന്നു. പുറപ്പാടിൽ ദൈവം അവരുടെ മദ്ധ്യേ വസിക്കാൻ ആഗ്രഹിച്ചു. ഊന്നൽ കൊടുക്കുന്നത് ദൈവത്തിന്റെ ഭവനം (സമാഗമനകൂടാരം). പുരോഹിതന്മാർ അവിടെ ശുശ്രൂഷ ചെയ്തു.

**ശ്രദ്ധേയവിഷയങ്ങൾ** —

**(1) മിസ്രയീമ്യരുടെ മേൽ ദൈവം മോശെ മൂലം അയച്ച പത്തു ബാധകൾ —**

1. വെള്ളം രക്തമായിത്തീർന്നു— water into blood — (പുറ.7:20)
2. തവളയുടെ ആക്രമണം — frog invasion — (പുറ.8:6)
3. പേൻ — lice — (പുറ.8:17)
4. നായീച്ച — flies -- (പുറ.8:24)
5. കന്നുകാലികൾക്കുള്ള വ്യാധി—cattle diseases — (പുറ.9:6 )
6. പുണ്ണ് — boils — (പുറ.9:10)
7. കല്മഴയും തീയും — hail with fire —(പുറ.9:24)
8. വെട്ടുക്കിളി — locusts -- (പുറ.10:14)
9. മൂന്നുദിവസത്തെ കൂരിരുൾ—three-day darkness—(പുറ.10:22)
10 കടിഞ്ഞൂൽസംഹാരം — slaying of the first born (പുറ.12:29)

**(2) മിസ്രയീം ദേശത്തു ബാധകളുണ്ടായപ്പോൾ ഫറവോൻ മോശെക്കു നൽകിയ നിർദ്ദേശങ്ങടങ്ങിയ നാലു ഉറപ്പുകൾ — യാഗത്തോടു ബന്ധത്തിൽ — വേർപാടും ആരാധനയും നിയന്ത്രിക്കുന്ന നിർദ്ദേശങ്ങൾ —**

(1) ദേശം വിട്ടു പോകരുത്, മിസ്രയീമിൽവെച്ചു തന്നേ നിങ്ങളുടെ ആവശ്യം നടത്തുക —

**പുറ.8:25 —** *"നിങ്ങൾ പോയി ദേശത്തുവെച്ചു തന്നേ നിങ്ങളുടെ ദൈവത്തിന്നു യാഗം കഴിപ്പിൻ എന്നു പറഞ്ഞു."*

(2) പോകുക എന്നാൽ അതിദൂരം പോകരുത് —

**പുറ.8:28 —** *"നിങ്ങളുടെ ദൈവമായ യഹോവെക്കു മരുഭൂമിയിൽവെച്ചു യാഗം കഴിക്കേണ്ട തിന്നു നിങ്ങളെ വിട്ടയക്കാം; അതിദൂരം മാത്രം പോകരുതു."*

(3) പോകുക, എന്നാൽ നിങ്ങളുടെ കുട്ടികളും, സ്ത്രീകളും, കന്നുകാലികളും ഇവിടെ നിൽക്കട്ടെ —

**പുറ.10:10,11 —** *"ഞാൻ നിങ്ങളെയും നിങ്ങളുടെ കുഞ്ഞുകുട്ടികളെയും വിട്ടയച്ചാൽ യഹോവ നിങ്ങളോടുകൂടെ ഇരിക്കട്ടെ; നോക്കുവിൻ; ദോഷമാകുന്നു നിങ്ങളുടെ ആന്തരം. അങ്ങ നെയല്ല, നിങ്ങൾ പുരുഷന്മാർ പോയി യഹോവയെ ആരാധിച്ചുകൊൾവിൻ."*

(4) പോകുക, എന്നാൽ ആടുകളും കന്നുകാലികളും ഇല്ലാതെ പോകുക —

**പുറ.10:24 —** *"നിങ്ങൾ പോയി യഹോവയെ ആരാധിപ്പിൻ; നിങ്ങളുടെ ആടുകളും കന്നുകാ ലികളും മാത്രം ഇങ്ങു നിൽക്കട്ടെ."*

**(3) മിര്യാം പ്രവാചകി** — മോശെയുടെ സഹോദരിയായ മിര്യാം പ്രവാചകിയായിരുന്നു (പുറ.2:7/20,21).

## പ്രവാചകൻ/ പ്രവാചകി — (Prophets /Prophetess) —

Prophet (പ്രവാചകൻ) എന്ന ഇംഗ്ളീഷ് പദം ഗ്രീക്കുഭാഷയിലെ Prophetess (പ്രോഫറ്റെസ്) എന്ന പദത്തിൽ നിന്നു വന്നിട്ടുള്ളതാണ്. ഈ ഗ്രീക്കു പദത്തിൽ PRO എന്നാൽ മുമ്പേ എന്നും PHEMI എന്നാൽ സംസാരിക്കുക (Pro = forth , Phemi = to speak) എന്നുമാണർത്ഥം. അതായതു മുമ്പേ സംസാരിക്കുന്നവൻ അഥവാ മുൻകൂട്ടി സംസാരിക്കുന്നവൻ (One who speaks forth). ഈ വാക്കിനു FOR അഥവാ വേണ്ടി എന്നു മറ്റൊരു അർത്ഥവും കൂടിയുണ്ട്. ദൈവത്താൽ അയക്കപ്പെട്ടവൻ (മീഖാ.6:4) എന്ന നിലയിലും ദൈവത്തിനു വേണ്ടി സംസാരിക്കുന്നവൻ (സംഖ്യാ.12:2) എന്ന നിലയിലും പ്രവാച കനായി അറിയപ്പെടുന്നു.

**ബൈബിളിലെ പ്രവാചകിമാർ —**

(1) മിര്യാം (പുറ.15:20)

(2) ദെബോരാ (ന്യായാ.4:4)

(3) ഹുൽദാ (2.രാജാ.22:14)

(4) നോവദ്യാ (നെഹെ.6:14)

(5) യെശയ്യാവിന്റെ ഭാര്യ (യെശ.8:3)

(6) ഹന്നാ (ലൂക്കൊ.2:36)

(7) ഫിലിപ്പോസിന്റെ നാലു പുത്രിമാർ (അപ്പൊ.21:9)

(8) ഈസബേൽ എന്ന കള്ളപ്രവാചകി (വെളി.2:20)

**(4) അബീമേലേക്കും ഫറവോനും —**

അബീമേലേക്ക്, ഫറവോ എന്നീ പേരുകൾ പൊതുവേ വ്യക്തിപരമായ പേരുകളല്ല. അബീ മേലേക്ക് എന്നത് ഫെലിസ്ത്യരാജാക്കന്മാരുടെയും, ഫറവോ എന്നത് മിസ്രയീം രാജക്കന്മാരു ടെയും സ്ഥാനപ്പേരുകളാണ്.

## പുറപ്പാട് — അദ്ധ്യായ ഉള്ളടക്കം —

(1) യോസേഫിനെ അറിയാത്ത മിസ്രയീമിലെ രാജാവ് (പുറ.1:8)

(2) സംഭാരനഗരങ്ങൾ (Supply Cities)— പീഥോം, റയംസേസ് (പുറ.1:11)

(3) യിസ്രായൽ മക്കളുടെ വർദ്ധനയും, ആൺകുട്ടികളെ നദിയിലിട്ടു കൊന്നുകളയാനുള്ള രാജകല്പനയും (പുറ.1:9-22)

(4) മോശെയുടെ ജനനവും ഫറവോന്റെ പുത്രിയും (പുറ.2:1-10)

(5) മോശെയുടെ മിദ്യാനിലേക്കുള്ള പലായനം (പുറ.2:11-22)

(6) ദൈവത്തിന്റെ പർവ്വതമായ ഹോരേബും മുൾപടർപ്പിലൂടെ മോശെക്കു ദൈവത്തിന്റെ പ്രത്യക്ഷതയും (പുറ.3)

(6) ദൈവത്തിന്റെ പേരെന്ത് ? ഞാനാകുന്നവൻ ഞാനാകുന്നു (I AM WHO I AM - പുറ.3:11-14)

(7) മോശെയുടെ തടസ്സവാദങ്ങളും, ദൈവത്തിന്റെ നിർദ്ദേശങ്ങളും (പുറ.4)

(8) മോശെയും അഹോരോനും ഫറവോന്റെ സമീപം (പുറ.5)

(9) അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം യഹോവ എന്ന നാമത്തിൽ (പുറ.6:3)

(10) വീണ്ടെടുപ്പ് (പുറ.6:6)

(11) മിസ്രയീമിലെ 10 ബാധകൾ (പുറ.7-12)

(12) പെസഹ (പുറ.12)

(13) കടിഞ്ഞൂലിനെ ദൈവത്തിനായി വേർതിരിക്കുന്നു (പുറ.13)

(14) ഫറവോൻ യിസ്രായേൽ ജനത്തെ പിൻതുടരുന്നു (പുറ.14:1-9)

(15) ചെങ്കടലിലൂടെ യിസ്രായേലിനു വിടുതലും മിസ്രയീമ്യർക്കു നാശവും (പുറ.14:10-31)

(16) ചെങ്കടൽ കടന്നവരുടെ സ്തോത്രഗീതം (പുറ.15:1-21)

(17) മാറായിലെ കയ്പിന്റെ അനുഭവവും, എലീമിലെ ആശ്വാസവും (പുറ.15:22-27)

(18) യിസ്രായേലിന്റെ പിറുപിറുപ്പും, സ്വർഗ്ഗത്തിൽ നിന്നു ദൈവത്തിന്റെ മന്നായും (പുറ.16)

(19) രെഫീദീമിൽ ജലക്ഷാമം, പാറയിൽ നിന്നു ജലം, അമാലേക്യരുമായുള്ള യുദ്ധം (പുറ.17)

(20) യിസ്രായേൽ ജനം സീനായി മരുഭൂമിയിൽ - ന്യായപ്രമാണയുഗം ആരംഭം (പുറ.19)

(21) ദൈവം പത്തു കല്പനകൾ നൽകുന്നു (പുറ.20)

(22) ദാസീദാസന്മാർക്കായുള്ള നിയമങ്ങൾ (പുറ.21)

(23) കുറ്റങ്ങളും അതിനുള്ള ശിക്ഷകളും (പുറ.22)

(24) വ്യാജവർത്തമാനത്തിനു വിലക്ക്, മൂന്നു ഉത്സവങ്ങൾ, കനാൻ അവകാശമാക്കൽ (പുറ.23)

(25) മോശെ പർവ്വതത്തിൽ — നിയമരക്തത്താൽ ഉടമ്പടി മുദ്രയിടൽ (പുറ.24)

(26) സമാഗനകൂടാരനിർമ്മാണം (പുറ.25-40).

## പുറപ്പാട് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പുസ്തകം —

(Exodus is a Book of Faith and Hope)

(1) വിശ്വാസത്താൽ മോശെയുടെ അമ്മയപ്പന്മാർ രാജാവിന്റെ കല്പനയെ ഭയപ്പെടാതെ കുഞ്ഞിനെ ഒളിപ്പിട്ടുവെച്ചു പ്രത്യാശയോടെ കാത്തിരുന്നു (എബ്രാ.11:23).

(2) വിശ്വാസത്താൽ മോശെ ഫറവോന്റെ പുത്രിയുടെ മകൻ എന്നറിയപ്പെട്ടു കൊട്ടരത്തിൽ കഴിയുന്നതിനേക്കാൾ ദൈവജനത്തോടു കൂടെ കഷ്ടം അനുഭവിക്കുന്നതു തിരഞ്ഞെടുത്തു (എബ്രാ.11:24-26).

(3) വിശ്വാസത്താൽ മോശെ ജീവനുള്ള ദൈവത്തിൽ വിശ്വസിച്ചു രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയീം വിട്ടു പോന്നു (എബ്രാ.11:27).

(4) വിശ്വാസത്താൽ യിസ്രായേൽ മക്കൾ ദൈവകല്പനയാൽ പെസഹ ആചരിച്ചു (എബ്രാ.11:28).

(5) വിശ്വാസത്താൽ യിസ്രായേൽ മക്കൾ ചെങ്കടൽ കടന്നു (എബ്രാ.11:29).

## പ്രത്യേകതകൾ :

(1) പഴയനിയമത്തിൽ ഏറ്റവും കൂടുതൽ അത്ഭുതങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് പുറപ്പാടിലാണ്.

(2) കത്തുന്ന മുൾപടർപ്പിന്റെ നടുവിൽ നിന്നു യഹോവ മോശെയോടു സംസാരിക്കുന്നു (പുറ.3).

(3) യഹോവ എന്ന നാമം ദൈവം വെളിപ്പെടുത്തുന്നു (പുറ.6)

(4) 10 കല്പനകൾ പുറപ്പാടിൽ വിശദീകരിക്കുന്നു (പുറ.20).

(5) ദൈവത്തിന്റെ കല്പന അനുസരിക്കാതെ ദൈവജനത്തെ പീഡിപ്പിച്ചവരെ ദൈവം ശിക്ഷിക്കുകയും തന്റെ ജനത്തെ രക്ഷിച്ചു ആശ്വാസം നൽകുകയും ചെയ്യുന്നു.

(6) പുസ്തകം ദൈവജനത്തിന്റെ അടിമത്വം മുഖേന ഞരക്കത്തിലും, കണ്ണുനീരിലും, വേദനയിലും ആരംഭിക്കുന്നു; എങ്കിലും സ്വാതന്ത്ര്യത്തിലും, സന്തോഷത്തിലും, സംഗീതത്തിലും, ദൈവമഹത്വത്തിലും അവസാനിക്കുന്നു. ദൈവം അവരുടെ മദ്ധ്യേ വസിക്കുന്നു.

(7) ചെങ്കടൽ കടക്കുന്നത് ഒരു വിശ്വാസി ലോകത്തോടു വേർപെടുന്നതിനെയും, ലോകത്തെ ജയിക്കുന്നതിനെയും, സ്നാനത്തെയും  കാണിക്കുന്നു.

(8) മിസ്രയീം ലോകത്തെ പ്രതിനിധീകരിക്കുന്നു.

(9) ജനങ്ങൾക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന മോശെ ക്രിസ്തുവിന്റെ സാദൃശ്യമായിരിക്കുന്നു.

(10) മേഘസ്തംഭവും അഗ്നിത്തൂണും ദൈവസാന്നിദ്ധ്യത്തെ പ്രകടമാക്കുന്നു.

(11) സമാഗമനകൂടാരവും അതിലെ ശുശ്രൂഷകളും വിശ്വാസി ദൈവത്തെ എങ്ങനെ ആരാധിക്കേണം എന്നു കാണിക്കുന്നു.

## പത്തു കല്നകൾ (പുറ.20:1–17)

(TEN COMMANDMENTS - Relation to God and Man)

### ദൈവത്തോടു ബന്ധത്തിൽ —

(1) യഹോവ നിന്റെ ദൈവം, അന്യദൈവങ്ങൾ ഉണ്ടായിരിക്കരുത്
(2) വിഗ്രഹം ഉണ്ടാക്കരുത്
(3) ദൈവത്തിന്റെ നാമം വൃഥാ എടുക്കരുത്
(4) ശബ്ബത്തു നാളിനെ ശുദ്ധീകരിക്ക

### മനുഷ്യനോടു ബന്ധത്തിൽ —

(1) അപ്പനെയും അമ്മയെയും ബഹുമാനിക്കുക
(2) കൊല ചെയ്യരുത്
(3) വ്യഭിചാരം ചെയ്യരുത്
(4) മോഷ്ടിക്കരുത്
(5) കള്ളസ്സാക്ഷ്യം പറയരുത്
(6) കൂട്ടുകാരനുള്ള യാതൊന്നിലെയും മോഹിക്കരുത്

**ബാധകളുടെ ഉദ്ദേശം —** (PURPOSES OF THE PLAGUES)

(1) സർവ്വശക്തനും വീണ്ടെടുപ്പുകാരനുമായ ദൈവത്തിന്റെ ശക്തിയെയും ഉന്നതിയെയും യിസ്രായേൽ മക്കളെ കാണിക്കുവാൻ.

(2) മിസ്രയീമ്യദേവന്മാരുടെ കഴിവില്ലായ്മയും, ശക്തിയില്ലായ്മയും മിസ്രയീമ്യരെ കാണിക്കുവാൻ.

# ന്യായപ്രമാണവും കൃപയുടെ പ്രമാണവും

## (LAW AND GRACE)

ദൈവം തന്റെ വിരലുകളാൽ എഴുതിയ ന്യായപ്രമാണവും അവർക്കു നല്കേണ്ട ഉപദേശങ്ങളും വാങ്ങുവാനായി മോശെയെ ദൈവം പർവ്വതത്തിലേക്കു വിളിക്കുന്നു (പുറ.24:12). ജനം പർവ്വതത്തിന്റെ അടിവാരത്തിൽ ആയിരിക്കുമ്പോൾ മോശെ ദൈവത്തോടൊപ്പം നാല്പതു പകലും നാല്പതു രാവും പർവ്വതത്തിൽ ആയിരുന്നു (പുറ.24:18). പർവ്വതത്തിന്റെ അടിവാരത്തിൽ പാളയമടിച്ചിരുന്ന ജനം തങ്ങളുടെ നേതാവായ മോശെ പർവ്വതത്തിൽ നിന്നു തിരികെ എത്തുവാൻ താമസിച്ചപ്പോൾ ദൈവത്തിന്റെ സ്ഥാനത്ത് ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനെ വണങ്ങി തുള്ളിച്ചാടി ആഹ്ലാദിച്ചു (പുറ.32:1-6). ദൈവികദർശനം ശരിയായി ലഭിച്ചിട്ടില്ലാത്ത ജനം തങ്ങൾ മിസ്രയീമിൽവെച്ചു കാണുകയും മിസ്രയീമ്യർ ആരാധിക്കുകയും ചെയ്ത കാളക്കുട്ടിയെ അവരുടെ ദൈവമായി തിരഞ്ഞെടുത്തു.

ദൈവത്തെ ആരാധിക്കേണ്ട ദൈവജനം മിസ്രയീമ്യരുടെ ദേവനായ കാളക്കുട്ടിയെ പൊന്നിൽ പണിതു ആരാധിക്കുന്നു! അവരുടെ ആരാധനയും പ്രവൃത്തിയും നോക്കുക — *"............... അപ്പോൾ അവർ : യിസ്രായേലേ, ഇതു നിന്നെ മിസ്രയീം ദേശത്തു നിന്നു കൊണ്ടു വന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു. ..... പിറ്റേന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു"* (പുറ.32:4-6).

വിവിധ ബാധകളിൽ നിന്നും, സംഹാരദൂതനിൽ നിന്നും, ചെങ്കടലിലൂടെ അത്ഭുതകരമായും അവരെ രക്ഷിച്ചതും ദൈവത്തിന്റെ നന്മകളും അവർ പാടെ മറന്നു. ഫലമോ ദൈവകോപത്താൽ ദൈവത്തിന്റെ ന്യായവിധി അവർക്കു നേരിടേണ്ടി വന്നു. പാളയത്തിലെ വിഗ്രഹാരാധനയുടെ ആഹ്ലാദഘോഷം പെട്ടെന്നു കരച്ചിലിലും അതിനെതുടർന്നു മൂവായിരം പേരുടെ മരണത്തിലും കലാശിച്ചു. *"ലേവ്യർ മോശെ പറഞ്ഞതുപോലെ ചെയ്തു. അന്നു ഏകദേശം മൂവായിരത്തോളം പേർ വീണു"* (പുറ.32:28). അതായത് ന്യായപ്രമാണം ലഭിച്ച ദിവസം മൂവായിരം പേർ കൊല്ലപ്പെട്ടു.

എന്നാൽ ദൈവസന്നിധിയിൽ കാത്തിരുന്ന ഒരു കൂട്ടം ജനത്തോട് ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്ന പത്രൊസിന്റെ ആഹ്വാനത്തിൽ 3000 പേർ നിത്യജീവന്റെ പങ്കാളികളായി. അവർക്കു നിത്യജീവൻ ലഭിച്ചു ദൈവമക്കളായിത്തീർന്നു. *"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു."* (അപ്പൊ.2:40-42).

മൂവായിത്തോളം പേർ അവരോടു ചേർന്നു എന്നാൽ അവർ രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു, പഴയകൂട്ടത്തിൽ നിന്നു വേർപെട്ടു ദൈവസഭയോടു ചേർന്നു. ന്യായപ്രമാണം കൊടുത്തപ്പോൾ ആരംഭത്തിൽ തന്നേ 3000 പേർ മരിച്ചു എങ്കിൽ കൃപയുടെ പ്രമാണം നല്കിയപ്പോൾ 3000 പേർ ജീവിക്കുവാനിടയായി. അതായത് ന്യായപ്രമാണം മരണം വെളിപ്പെടുത്തുമ്പോൾ കൃപയുടെ പ്രമാണം ജീവനും രക്ഷയും ന്ല്കുന്നു.

*"ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശിക്രിസ്തു മുഖാന്തരം വന്നു"* (യോഹ.1:17). *"എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല"* (ഗലാ.2:16).

# സമാഗമനകൂടാരം
# (TABERNACLE)

(പുറ.25:1-9 /പുറ.35;4-35/എബ്രാ.8)

മനുഷ്യസൃഷ്ടിയുടെ പ്രധാന ഉദ്ദേശ്യം ദൈവത്തിനു മനുഷ്യനുമായി കൂട്ടായ്മബന്ധം പുലർത്തുക എന്നതായിരുന്നു. എന്നാൽ പാപം ചെയ്കമൂലം മനുഷ്യൻ ദൈവവുമായുള്ള കൂട്ടായ്മ നഷ്ടപ്പെടുത്തി. മനുഷ്യനുമായി ദൈവം വീണ്ടും കൂട്ടായ്മബന്ധം പുലർത്തുവാനും അവരുടെ കൂടെ വസിക്കുവാനും ആഗ്രഹിച്ചു. ദൈവം യിസ്രായേലിനെ സ്വന്തജനമായി തിരഞ്ഞെടുത്തു. അവരുടെ നടുവിൽ വസിപ്പാൻ ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കുവാൻ ദൈവം മോശെയോടു കല്പിച്ചു. ദൈവത്തിന്റെ നിർദ്ദേശപ്രകാരം നിർമ്മിക്കപ്പെട്ട വിശുദ്ധമന്ദിരത്തെയാണ് സമാഗമനകൂടാരം എന്നു പറയുന്നത്.

*"ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്കു ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കേണം. തിരുനിവാസവും അതിന്റെ ഉപകരണങ്ങളും ഞാൻ കാണിക്കുന്ന മാതൃകപ്രകാരമൊക്കെയും തന്നേ ഉണ്ടാക്കേണം."* (പുറ.25:8).

പക്ഷേ ഈ വാസസ്ഥലം താൽക്കാലികമായിരുന്നു. ഏകദേശം 480 വർഷങ്ങൾക്കുശേഷം ദൈവകല്പനപ്രകാരം ശലോമോൻ അതിമനോഹരമായ ആലയം പണിഞ്ഞു (1.രാജാ.6:1). അതും മാറ്റപ്പെട്ടു. എന്നാൽ ഇന്നു ദൈവം വിശ്വാസികളുടെ ഹൃദയങ്ങളിൽ വസിക്കുന്നു (1.കൊരി.3:16).

## സമാഗമനകൂടാരത്തിന്റെ വിവിധപേരുകൾ —

(1) വിശുദ്ധമന്ദിരം (പുറ.25:8/എബ്രാ.9:1)

(2) സമാഗമനകൂടാരം (സംഖ്യാ.10:3/പുറ.33:7)

(3) സാക്ഷ്യകൂടാരം (അപ്പൊ.7:44).

(4) യഹോവയുടെ തിരുനിവാസം (1.ദിന.21:29).

(5) ദൈവത്തിന്റെ സമാഗമനകൂടാരം (2.ദിന.1:3)

(6) തിരുനിവാസം (പുറ.25:9/സങ്കീ.84:1

(7) കൂടാരം (എബ്രാ.9:2)

## സമാഗമനകൂടാരം എന്തിന്റെ സാദൃശ്യം —

(1) യേശുക്രിസ്തുവിനു സാദൃശ്യം — യോഹ.2:19-21/1:14/കൊലൊ.1:19/2:9

(2) ദൈവസഭെക്കു സാദൃശ്യം — പുറ.25:8

(3) ഓരോ വിശ്വാസിക്കും സാദൃശ്യം —2.കൊരി.6:16/1.കൊരി.3:16,17

(4) സ്വർഗ്ഗത്തിലുള്ളവയുടെ പ്രതിബിംബം — എബ്രാ.4:14/വെളി.4:7,8/യെഹെ.1:5-10

(5) സ്വർഗ്ഗത്തിലെ കൂടാരത്തിനു സാദൃശ്യം — എബ്രാ.8:5/9:23

## സമാഗമനകൂടാരത്തിലെ ഏഴു ഉപകരണങ്ങൾ —

(1) താമ്രയാഗപീഠം — ( BRAZEN ALTAR )

(2) താമ്രത്തൊട്ടി — ( BRAZEN LAVER )


(3) തങ്കനിലവിളക്ക് — ( GOLDEN LAMPSTAND )

(4) കാഴ്ചയപ്പത്തിന്റെ മേശ -- ( TABLE OF SHOBREAD)

(5) ധൂപപീഠം — ( ALTAR OF INCENSE )

(6) കൃപാസനം — ( MERCY SEAT )

(7) നിയമപെട്ടകം — (ARK OF COVENANT )




**സമാഗമനകൂടാരത്തിലെ ഏഴു ഉപകരണങ്ങളും ക്രിസ്തുവും — (സാദൃശ്യം)**

(1) യാഗപീഠം : ദൈവത്തിന്റെ കുഞ്ഞാട് (Lamp of God)
(2) താമ്രത്തൊട്ടി : ജീവജലം (Water of Life)
(3) കാഴ്ചയപ്പത്തിന്റെ മേശ: ജീവന്റെ അപ്പം (Bread of Life)
(4) നിലവിളക്ക് : ലോകത്തിന്റെ വെളിച്ചം (Light of the World)
(5) ധൂപപീഠം : കർത്താവിന്റെ പ്രാർത്ഥന (Prayer of the Lord)
(6) കൃപാസനം : ദൈവകരുണ (Mercy of God)
(7) നിയമപെട്ടകം : യേശുക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം (Death, Burial, Resurrection of Jesus Christ).

**സമാഗമനകൂടാരത്തിൽ ഏഴു (7) ഉപകരണങ്ങളുടെ സ്ഥാനം —**

(1) 2 എണ്ണം പ്രാകാരത്തിൽ — താമ്രയാഗപീഠം, താമ്രത്തൊട്ടി
(2) 3 എണ്ണം വിശുദ്ധസ്ഥലത്ത് — കാഴ്ചയപ്പത്തിന്റെ മേശ, നിലവിളക്ക്, ധൂപപീഠം
(3) 2 എണ്ണം അതിവിശുദ്ധസ്ഥലത്ത് — പെട്ടകം, കൃപാസനം

**വാതിലിനകത്തു പ്രവേശിച്ചാൽ വിജയകരമായ ക്രിസ്തീയജീവിതത്തിനുള്ള ഏഴു പടികൾ** —(7 സംപൂർണ്ണതയെ കുറിക്കുന്നു —വിശ്വാസിയുടെ ക്രിസ്തുവിലുള്ള പൂർണ്ണതയെയും)

**(1) താമ്രയാഗപീഠം —** ക്രൂശിന്റെ ചിത്രം (മാനസാന്തരം)
**(2) താമ്രത്തൊട്ടി —** പാപത്തിൽ നിന്നു ശുദ്ധീകരണം (വേർപാട്, ദൈനംദിന ശുദ്ധീകരണം)
**(3) കാഴ്ചയപ്പത്തിന്റെ മേശ -** കൂട്ടായ്മ, ക്രിസ്തുവിലും വചനത്തിലും വളർച്ച (വചനപഠനം)
**(4) നിലവിളക്ക് —** ക്രിസ്തീയസാക്ഷ്യം — പരിശുദ്ധാത്മാവാകുന്ന എണ്ണയാൽ ജ്വലിക്കുക
**(5) ധൂപപീഠം —** പ്രാർത്ഥന, സ്തോത്രം, മദ്ധ്യസ്ഥപ്രാർത്ഥന
**(6) കൃപാസനം —** സമ്പൂർണ്ണജയം, വിശ്രമം, സമാധാനം, ദൈവകരുണ
**(7) നിയമ പെട്ടകം —** സമ്പൂർണ്ണസമർപ്പണം

## സമാഗമന കൂടാരത്തിലെ വസ്തുക്കളും യേശുക്രിസ്തുവും —

**(1) സ്വർണ്ണം** — (Gold = Diety) — (പുറ.25:3) ദൈവത്വം — യേശുക്രിസ്തുവിന്റെ ദൈവത്വത്തെ കുറിക്കുന്നു (മത്താ.2:11).

**(2) വെള്ളി** — (Silver = Redemption) —(പുറ.25:3) വീണ്ടെടുപ്പ് –– യേശുക്രിസ്തു മൂലമുള്ള വീണ്ടെടുപ്പിനെ കുറിക്കുന്നു (പുറ.26:19,30/പുറ.13:16/1.പത്രൊ.1:18,19).

**(3) താമ്രം** —(Brass = Judgment) — (പുറ.25:3) ന്യായവിധി — പാപികളുടെ മേലുള്ള ന്യായവിധി വഹിച്ച യേശുക്രിസ്തുവിനെ കുറിക്കുന്നു (സംഖ്യാ.21:6-9/1.പത്രൊ.2:24).

**(4) നീലനൂൽ** — (Blue thread = Heavenly nature) —(പുറ.25:4) നീല നിറം സ്വർഗ്ഗത്തെ കുറിക്കുന്നു. ആകാശത്തിന്റെ നിറം നീല — യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു വന്നതിനെ കുറിക്കുന്നു - (സങ്കീ.19:1/ യോഹ.8:23). (ദൈവപുത്രൻ > യോഹന്നാന്റെ സുവിശേഷം).

**(5) ധൂമ്രനൂൽ** — (Purple = Royal) —(പുറ.25:4) രാജത്വത്തെ കുറിക്കുന്നു. രാജാക്കന്മാർ ധരിക്കുന്നതാണ് ധൂമ്രവസ്ത്രം. യേശുക്രിസ്തുവിന്റെ രാജത്വത്തെ കുറിക്കുന്നു (ലൂക്കൊ.1:32). (രാജാവ് > മത്തായിയുടെ സുവിശേഷം).

**(6) ചുമപ്പുനൂൽ** —(Scarlet red = Sacrifice) —(പുറ.25:4) ചുവപ്പ് രക്തത്തെ കുറിക്കുന്നു. രക്തം ചൊരിഞ്ഞുള്ള യാഗം. യേശുക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണത്തെ കുറിക്കുന്നു (1.യോഹ.1:7/എബ്രാ.9:19,22/യെശ.63:2/ വെളി.19:13). (ദാസൻ > മർക്കൊസിന്റെ സുവിശേഷം).

**(7) പഞ്ഞിനൂൽ** — വെള്ള — (Fine Linen > White = Righteousness / Holiness) — (പുറ.25:4) പഞ്ഞിനൂൽ — വെണ്മയുള്ളത് / വിശുദ്ധി — യേശുക്രിസ്തുവിന്റെ പാപമില്ലാത്ത അവസ്ഥയെയും വിശുദ്ധിയെയും കുറിക്കുന്നു. (ലൂക്കൊ.9:29/യെശ.1:18/വെളി.19:8) - (സമ്പൂർണ്ണമനുഷ്യൻ > ലൂക്കൊസിന്റെ സുവിശേഷം).

**(8) കോലാട്ടു രോമം** — (Goat's hair = Atonement > sin bearer) — യേശുക്രിസ്തു പാപം ചുമക്കുന്നവൻ (ലേവ്യ.16:20-22/ യെശ.53:6/ യോഹ.1:29/ 1.പത്രൊ.2:24).

**(9) ചുവപ്പിച്ച ആട്ടുകൊറ്റൻ തോൽ** —(Ram's skin dyed red = Humility of Christ) — ക്രിസ്തുവിന്റെ കഷ്ടാനുഭവം (ലൂക്കൊ.22:44 /മത്താ.26:36-39).

**(10) തഹശുതോൽ** — (Badger's skin = humility of Christ) — ബാഹ്യദർശനം — ആകർഷണമോ, മനോഹരത്വമോ ഇല്ലാത്ത തോൽ — (യെശ.53:2).

**(11) ഖദിരമരം** (Acacia/ Shittim wood = Humanity of Jesus) — ഖദിരമരം മരുഭൂമിയിലും വരണ്ടദേശത്തും വളരുന്നതും അഴകില്ലാത്തതും ആകുന്നു (പുറ.26:15/ സംഖ്യാ.25:1/യെശ.41:19). കണ്ടാൽ ആകർഷിക്കത്തക്ക ഭംഗിയോ, രൂപഗുണമോ, കോമളത്വമോ ഇല്ല. മരം തിരുവചനത്തിൽ മനുഷ്യത്വത്തെ കുറിക്കുന്നു. യേശുക്രിസ്തുവിനോടു ബന്ധപ്പെടുത്തുമ്പോൾ ക്രിസ്തുവിന്റെ മനുഷ്യത്വത്തെ വെളിപ്പെടുത്തുന്നു (യെശ.53:2,3). നിയമപെട്ടകം, കാഴ്ചയപ്പമേശ, യാഗപീഠം, പലകകൾ എന്നിവയ്ക്കു ഖദിരമരം ഉപയോഗിച്ചിരിക്കുന്നു..

## സമാഗമനകൂടാരത്തിലെ വാതിൽ, വാതിൽമറ, തൂണുകൾ –– (പുറ.26:31-37 / പുറ.36:37,38)

**വാതിൽ** — (Door) — പ്രവേശനം. സമാഗമനകൂടാരത്തിലെ ഏകവാതിൽ യേശുക്രിസ്തുവിലൂടെയുള്ള പ്രവേശനത്തെ കുറിക്കുന്നു. രക്ഷ യേശുക്രിസ്തുവിലൂടെ മാത്രം (യോഹ.10:9/അപ്പൊ.4:12).

**വാതിൽമറ** –- (Door screen) ---വിവിധവർണ്ണങ്ങളുള്ള വാതിൽ മറ യേശുക്രിസ്തുവിന്റെ സ്വഭാവവൈശിഷ്ട്യത്തെയും പദവികളെയും കുറിക്കുന്നു.

**തൂണുകൾ** -- (Pillars) --- ഭാരം വഹിക്കുന്നു. യേശുക്രിസ്തു നമ്മുടെ സകലഭാരങ്ങളും വഹിക്കുന്നവനാണ്. വിശ്വാസികളോടുള്ള ബന്ധത്തിൽ ഓരോ വിശ്വാസികളുടെയും ചുമതല അഥവാ ഉത്തരവാദിത്വത്തെ കുറിക്കുന്നു (യെശ.19:10/ഗലാ.2:9).

# തിരുവചനത്തിൽ കാണപ്പെടുന്ന വിവിധ ദൈവാലയങ്ങൾ —

ദൈവം, തനിക്കായി വേർതിരിക്കപ്പെട്ട, യിസ്രായേൽജനത്തിന്റെ നടുവിൽ വസിക്കുവാൻ തയ്യാറാക്കിയ മാർഗ്ഗങ്ങളിലൊന്നായിരുന്നു സമാഗമനകൂടാരം. സമാഗമനകൂടാരത്തിനു പുറമേ മറ്റു ദൈവാലയങ്ങളും തിരുവചനത്തിൽ കാണുന്നു.

ദൈവാലയം ദൈവത്തിന്റെ വാസസ്ഥലമാണ്. ദൈവം മനുഷ്യരോടൊപ്പം താമസിക്കുവാനും, നടക്കുവാനും, സംസാരിപ്പാനും, സ്നേഹിക്കുവാനും, കൂട്ടായ്മ പങ്കിടുവാനും ആഗ്രഹിക്കുന്നു.

## ദേവാലയവും ദൈവാലയവും —

മലയാളത്തിൽ ദൈവാലയം, ദേവാലയം എന്നീ വാക്കുകൾ ശ്രദ്ധിക്കുക —
ദേവാലയം = ദേവന്മാരുടെ ആലയം. ദൈവാലയം = ദൈവത്തിന്റെ ആലയം.
അനേക ദേവന്മാരുടെ പ്രതിഷ്ഠയുള്ള നമ്മുടെ നാട്ടിൽ അവയൊക്കെ ദേവാലയങ്ങളായിരിക്കുന്നു. നമ്മുടെ ദൈവം ദേവന്മാരുടെയും ദൈവമാണ്. ആയതിനാൽ ദൈവമക്കളുടെ ദൈവത്തിന്റെ ആലയം ദൈവാലയം. മലയാളം വേദപുസ്തകത്തിൽ ഒരിടത്തുപോലും ദേവാലയം എന്ന പദം ഉപയോഗിച്ചിട്ടില്ല. (മറ്റു ഭാഷകളിൽ മാറ്റമുണ്ടാകാം).

## ദൈവാലയത്തെ രണ്ടായി തിരിക്കാം —

**(1) ഭൗതിക ദൈവാലയം** (Physical Temple) —

ഇത് കൈപ്പണിയായുള്ളതാണ്. അതായത് ഭൂമിയുള്ള സാധനങ്ങൾ കൊണ്ടു പണിതത്; മനുഷ്യൻ പണിതത് — കെട്ടിടങ്ങൾ — (ഉദാ - കല്ല്, കട്ട, മണ്ണ്, സിമന്റ് മുതലായവ കൊണ്ടു പണിതത്)

**(2) ആത്മീക ദൈവാലയം** (Spiritual Temple) —

മനുഷ്യന്റെ കൈവേലയല്ലാത്തത് — ആത്മീകവും ദൈവീകവുമായ ദൈവാലയം.

## (1) ഏദെൻ തോട്ടത്തിലെ ദൈവാലയം (TEMPLE IN EDEN)

സ്വർഗ്ഗത്തിൽ അധിവസിക്കുന്ന ദൈവം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു മനുഷ്യരോടൊപ്പം വസിക്കുവാനും നടക്കുവാനും, സംസാരിപ്പാനും, കൂട്ടായ്മ പങ്കിടുവാനും ആഗ്രഹിച്ചു. ഏദെനിൽ ആദാമിനോടും ഹവ്വായോടും ചേർന്നു വസിച്ചു. ഇതായിരുന്നു ഭൂമിയിലെ ഒന്നാമത്തെ ദൈവാലയം. ഇതിനു ചുമരുകളോ പ്രാകാരങ്ങളോ യാപീഠങ്ങളോ ഇല്ലായിരുന്നു. എന്നാൽ മനുഷ്യന്റെ പാപത്തിലേക്കുള്ള വീഴ്ചയാൽ ദൈവവുമായുള്ള കൂട്ടായ്മക്കും ഒത്തൊരുമിച്ചുള്ള വാസത്തിനും തടസ്സമായി (ഉല്പ.2,3).

## (2) സമാഗമനകൂടാരം (TABERNACLE ) —

മിസ്രയീമ്യ അടിമത്വത്തിൽ ദൈവജനത്തിന്റെ പരിതാപകരമായ അവസ്ഥ ദൈവം കണ്ടു. മോശെ മുഖാന്തരം മിസ്രയീമിൽ നിന്നു വിടുവിച്ചു കനാനിലേക്കു അവരെ നടത്തി. അവർ സഞ്ചരിച്ച മരുഭൂമിയിൽ അവരോടൊപ്പം വസിക്കുവാൻ ദൈവം ആഗ്രഹിച്ചു. അതിനായി ദൈവം മോശെക്കു കൊടുത്ത മാതൃകപ്രകാരം സമാഗമനകൂടാരം പണിഞ്ഞു. ഈ ദൈവനിവാസം താൽക്കാലികവും യാത്രയിൽ കൊണ്ടുപോകത്തക്കവിധം മാറ്റി സ്ഥാപിക്കുവാൻ കഴിയുന്നതുമായിരുന്നു (പുറ.25-30/പുറ.35:30-40:38/ ലേവ്യാ.10:1-7). കാലങ്ങൾ ഏറെ കഴിഞ്ഞപ്പോൾ ശത്രുക്കളാൽ ഇതും നശിപ്പിക്കപ്പെടുവാൻ ഇടയായി.

## (3) ശലോമോന്റെ ദൈവാലയം (SOLOMON'S TEMPLE ) —

യിസ്രായേൽ ജനം വാഗ്ദത്തനാടായ കനാനിൽ പ്രവേശിച്ചശേഷം യിസ്രായേലിന്റെ രണ്ടാമത്തെ രാജാവായ ദാവീദ് ദൈവാലയം പണിയുവാൻ ആഗ്രഹിച്ചു. ദാവീദ് യുദ്ധവീരനായ രാജാവെന്ന നിലയിൽ രക്തച്ചൊരിച്ചിൽ നടത്തിയവനും, വാൾ കൈയ്യിലുള്ളവനുമായിരുന്നു. ആയതിനാൽ ദൈവാലയം പണിയുവാനുള്ള ദാവീദിന്റെ ആഗ്രഹം ദൈവം അനുവദിച്ചില്ല. തുടർന്നു ദാവീദിന്റെ ആഗ്രഹം തന്റെ മകനായ ശലോമോനിലൂടെ നിവർത്തിയാകുമെന്നു ദൈവം ദാവീദിനോടറിയിച്ചു. ശലോമോൻ അതിമനോഹരമായ ദൈവാലയം പണിതു (2.ദിന.7:1). സമാഗമനകൂടാരം യാത്രയിൽ മാറ്റി സ്ഥാപിച്ചുകൊണ്ടിരുന്നുവെങ്കിൽ ശലോമോന്റെ ദൈവാലയം സ്ഥിരമായ വാസസ്ഥലമായിരുന്നു. കാലം കഴിഞ്ഞതോടെ ദൈവജനം ദൈവസന്നിധി വിട്ടു വിഗ്രഹങ്ങളുടെ പുറകേ പോയി. ബാബിലോണ്യരാജാവായ നെബുഖദ്നേസർ ശലോമോൻ പണിത ഈ ദൈവാലയത്തെ ഇടിച്ചു നശിപ്പിച്ചു. ഉപകരണങ്ങൾ, സ്വർണ്ണം, താമ്രം, എന്നിവ കവർന്നെടുക്കുകയും ജനത്തെ അടിമകളാക്കി ബാബിലോണിലേക്കു കൊണ്ടുപോകുകയും ചെയ്തു (2.ശമൂ.7:1-29 / 2.ദിന.39:19/ 1.രാജാ.8:1-66 /യിരെ.32:28-44).

**(4) സെരൂബ്ബാബേലിന്റെ ദൈവാലയം** (ZERUBBABEL'S TEMPLE ) — (God in Zerubbabel's Temple) —

ബാബിലോണ്യപ്രവാസത്തിലായിരുന്നവർ മടങ്ങി വന്നു. സെരൂബ്ബാബേലിന്റെയും മഹാപുരോഹിതനായ യോശുവയുടെയും നേതൃത്വത്തിൽ ദൈവാലയം പണിതു. **എസ്രാ.6:15,16 --** *ദാര്യാവേശ് രാജാവിന്റെ വാഴ്ചയുടെ ആറാം ആണ്ടിൽ ആദാർമാസം മൂന്നാം തീയ്യതി ഈ ആലയം പണിതു തീർന്നു. യിസ്രായേൽ മക്കളും പുരോഹിതന്മാരും ലേവ്യരും ശേഷം പ്രവാസികളും സന്തോഷത്തോടെ ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠ കഴിച്ചു.* ശലോമോന്റെ ദൈവാലയത്തിന്റെ മനോഹാരിത കണ്ട മൂപ്പന്മാർ പുതിയ ദൈവാലയത്തിന്റെ അടിസ്ഥാനം കണ്ടപ്പോൾ കരഞ്ഞുപോയി. കാരണം ശലോമോന്റെ ആലയവുമായി തുലനം ചെയ്യുമ്പോൾ സെരൂബ്ബാബേൽ പണിതത് അത്ര ശ്രേഷ്ഠമായിരുന്നില്ല. പഴയ സൗന്ദര്യമോ പ്രൗഢിയോ ഇതിനില്ലായിരുന്നു(എസ്രാ.3:8,12). എന്നാൽ ദൈവം ഇതിൽ വസിക്കുകയും ഇതിനെ ഇഷ്ടപ്പെടുകയും ചെയ്തു. ദൈവം പുറമേയുള്ള ഭംഗിയല്ല, അവരുടെ ഹൃദയാന്തർഭാഗത്തെയാണ് നോക്കിയത്. പല യുദ്ധങ്ങളാൽ ഈ ദൈവാലയം അശുദ്ധമാക്കപ്പെട്ടു. കാലക്രമേണ അതു നശിച്ചുപോയി (എസ്രാ.6:1-22/എസ്രാ.3:1-8/ഹഗ്ഗാ.1-2).

**(5) ഹെരോദാവിന്റെ ദൈവാലയം** (HEROD'S TEMPLE ) —

ഹെരോദാവു പണിത ഈ ആലയത്തിന്റെ നിർമ്മാണത്തെപ്പറ്റി തിരുവചനത്തിൽ പറയുന്നില്ല. അതായത് ദൈവഹിതപ്രകാരമോ ദൈവമാതൃകപ്രകാരമോ പണിതതായിരുന്നില്ല. ഹെരോദാവു മഹാക്രൂരനും ദുഷിച്ചവനുമായിരുന്നു. ഇദ്ദേഹത്തിനു ദൈവഭയമോ യഹൂദന്മാരോടു പ്രത്യേക താൽപര്യമോ ഇല്ലായിരുന്നു. അക്കാരണത്താൽ തന്നെ ദൈവാലയം പണിതതിന്റെ ലക്ഷ്യം സ്വാർത്ഥത മാത്രമായിരുന്നു. മറ്റുള്ളവരുടെ മുമ്പാകെ താൻ വെറുക്കപ്പെട്ടവനാണെന്നു ഹെരോദാവിനു തന്നെ അറിയാമായിരുന്നു. തന്റെ മരണശേഷം തന്നെ ആരും ഓർക്കുകയില്ലെന്നു നിശ്ചയമുണ്ടായിരുന്നു. ആയതിനാൽ തന്റെ പേർ എന്നും നിലനിൽക്കുവാനായിരുന്നു ദൈവാലയം പണിതത്. യഹൂദന്മാരുടെ പ്രീതി സമ്പാദിക്കുക എന്ന ലക്ഷ്യവും ഉണ്ടായിരുന്നു.

പുതിയനിയമകാലത്ത് ഹെരോദാവിന്റെ ദൈവാലയം എന്ന പേരിൽ അറിയപ്പെട്ടിരുന്ന ദൈവാലയമാണിത് (യോഹ.2:20). കള്ളന്മാരുടെ ഗുഹയാക്കി തീർത്തുവെന്നാണ് കർത്താവു ഈ ആലയത്തെപ്പറ്റി പറഞ്ഞത് (മത്താ.21:13). ഹെരോദാവു പണിത ദൈവാലയത്തിന്റെ നാശത്തെക്കുറിച്ച് കർത്താവു മുന്നമേ പറഞ്ഞിരുന്നു (മത്താ.24:2). റോമയിലെ തീത്തോസ് കൈസർ തകർത്തു അതിരുന്നസ്ഥലം ഉഴുതു മറിച്ചു (മർക്കൊ.13:2/ലൂക്കൊ.1:11-20;2:22-38;2:42-51;4:21-24/യോഹ.2:19,20). പിന്നീട് മുസ്ലീങ്ങൾ ഇവിടം കൈവശപ്പെടുത്തി ഹെരോദാവിന്റെ ദൈവാലയം നിന്ന സ്ഥാനത്ത് അവർ പള്ളി പണിതു. ഈ ഭാഗം ഇപ്പോഴും പാലസ്തീൻ മുസ്ലീങ്ങളുടെ കൈവശമാണ്.

**(6) ക്രിസ്തുവിന്റെ ശരീരമാകുന്ന ദൈവാലയം** (TEMPLE OF CHRIST ) —

**യോഹ.2:19,21 —** *"യേശു അവരോടു : ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നു ഉത്തരം പറഞ്ഞു. ...... അവനോ തന്റെ ശരീരം എന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞതു."* ക്രിസ്തു ഇമ്മാനുവേലായി മനുഷ്യരോടൊപ്പം വസിച്ചു. യേശുക്രിസ്തുവിന്റെ വാസം മനുഷ്യനെ ദൈവത്തോടു സമീപസ്ഥരാക്കി. എന്നാൽ ക്രിസ്തുവിന്റെ ശരീരമാകുന്ന ദൈവലായവും നശിപ്പിക്കപ്പെട്ടു. റോമൻ പടയാളികൾ ഈ ആലയത്തെ മരത്തോടു ചേർത്തു ആണി അടിച്ചു താഴ്ത്തിയപ്പോൾ ഈ മന്ദിരവും മാറ്റപ്പെട്ടു.

**(7) കൃപാകാലത്തെ ദൈവാലയം** — (TEMPLE IN MAN ) — (GOD IN MAN ) —

പഴയനിയമകാലത്ത് ദൈവം തന്റെ ജനത്തിന്റെ (ഗോത്രങ്ങളുടെ മദ്ധ്യേ . സമാഗമനകൂടാരം) നടുവിൽ വസിച്ചു (God in the middle of Israel). ക്രിസ്തു ഭൂമിയിൽ ജീവിച്ചപ്പോൾ ദൈവം നമ്മോടു കൂടെ വസിച്ചു (God lived with Men > Immanuel). ഇന്ന് കൃപാകാലത്ത് ദൈവം നമ്മിൽ (വിശ്വാസിയിൽ) വസിക്കുന്നു (God lives in each Believer).

കൃപാകാലത്തെ ദൈവാലയം ഓരോ വിശ്വാസിയിലുമുള്ള ആലയമാണ്. ക്രിസ്തു വീണ്ടും വരുന്നതുവരെ വിശ്വാസികളുടെ ഹൃദയത്തിൽ ദൈവം വസിക്കുന്നു.

**1.കൊരി.3:16 —** *"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?"*

**2.കൊരി.6:16 —** *"ദൈവാലയത്തിനു വിഗ്രഹങ്ങളോടു എന്തു യോജ്യത. നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ."*

**കൊലൊ.1:27 —** *"മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു."* നമ്മുടെ ശരീരം വിശുദ്ധമാണെങ്കിലേ വിശുദ്ധനായ ദൈവം വസിക്കുകയുള്ളു. ദൈവത്തിനു നമ്മുടെ ശരീരത്തിൽ അല്പകാലം മാത്രമേ വസിക്കുവാൻ കഴിയൂ. എന്തെന്നാൽ നമ്മുടെ ശരീരം മരണത്തിനധീനമാണ്. മരണത്തോടു കൂടി ഭൗമികദേഹം നശിക്കും. പാപത്താൽ പ്രവേശിച്ച മരണത്താൽ ഈ ശരീരം നശിക്കുന്നതാണ് (1.കൊരി.6:19,20 /2.കൊരി.6:16-17).

## (8) സഭ - ദൈവത്തിന്റെ ആലയം (CHURCH - TEMPLE OF GOD ) —

സഭ ദൈവത്തിന്റെ ആലയമാണ്. മനുഷ്യന്റെ കൈവേലയല്ലാത്തതും ജീവനുള്ള കല്ലുകളാൽ പണിയപ്പെടുന്നതുമായ ദൈവത്തിന്റെ ആത്മീയഗൃഹം.

**മത്താ.18:20 —** *"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോടു പറയുന്നു."*

**1.പത്രൊ.2:5 —** *"നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മി കഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിത വർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു."*

**എഫെ.2:19-22 —** *"ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന്നു ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു."*

## (9) പീഡനകാലത്തെ ദൈവാലയം (TRIBULATION PERIOD TEMPLE ) —

സഭ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം പീഡനകാലത്തു ഭൂമിയിൽ എതിർക്രിസ്തുവിന്റെ കാലത്തുള്ള യെഹൂദന്മാർ പണിയുന്ന ആലയമാണിത്. പീഡനകാലത്തു പണിയപ്പെടുന്ന ആലയമായതിനാൽ ഇതിനെ പീഡനകാലത്തെ ദൈവാലയം എന്നറിയപ്പെടുന്നു. ഇതും നശിപ്പിക്കപ്പെടും (ദാനീ.9:27;11:45;12:7/2തെസ്സ.2:3,4/വെളി.11:1,2). പീഡനകാലത്തിന്റെ ആരംഭത്തിൽത്തന്നെ ദൈവാലയപണി നടത്തുകയും പീഡനകാലത്തിന്റെ മദ്ധ്യേയുള്ള മഹാപീഡനകാലത്ത് എതിർക്രിസ്തു യിസ്രായേലുമായി ഉടമ്പടി ലംഘിക്കുകയും ദൈവാലയത്തിൽ സ്വന്തം പ്രതിമ സ്ഥാപിക്കുകയും ചെയ്യും (വെളി.13:14). പീഡനകാലത്തു നിർമ്മിക്കുന്ന ദൈവാലയത്തെയാണ് അളക്കുവാൻ വെളിപ്പാടു പുസ്തകത്തിൽ യോഹന്നാനോടു കർത്താവു കല്പിക്കുന്നത് (വെളി.11:1,2).

## (10) സഹസ്രാബ്ദകാലത്തെ ദൈവാലയം (MILLENNIUM TEMPLE ) —

മഹാപീഡനകാലം കഴിയുന്നതോടെ ക്രിസ്തുവും സഭയും ഭൂമിയിലേക്ക് ഇറങ്ങിവരികയും ആയിരം ആണ്ടേക്കു പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു അഗാധകൂപത്തിൽ ബന്ധിക്കും (വെളി.20:1-3). ക്രിസ്തുവും സഭയും ഭൂമിയിൽ ആയിരം ആണ്ടു വാഴുകയും ചെയ്യും. ആയിരം ആണ്ടു വാഴ്ചയിൽ യെരൂശലേമിൽ സ്ഥാപിക്കപ്പെടുന്ന ദൈവാലയമാണ് സഹസ്രാബ്ദ കാലത്തെ ദൈവാലയം (യെശ.66:20/യെഹെ.40-48/സെഖ.6:12,13).

## (11) നിത്യകൂടാരം - നിത്യതയിലെ ദൈവാലയം (ETERNAL TEMPLE ) —

എല്ലാറ്റിലും മഹത്തായ ദൈവാലയമായിരിക്കുമിത്. സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും, അതിന്റെ മന്ദിരം ആയിരിക്കും (വെളി.21:22/വെളി.22:1-21). സർവ്വശക്തനായ പിതാവായ ദൈവം, കുഞ്ഞാടായ യേശുക്രിസ്തുവെന്ന ദൈവപുത്രൻ, പരിശുദ്ധാത്മാവാം ദൈവം എന്നിങ്ങനെ ത്രിയേകനാം ദൈവസാന്നിദ്ധ്യത്തിൽ സകലകാലവിശുദ്ധന്മാരും ഒത്തൊരുമിച്ചു വസിക്കുന്നു.

*"ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ ഇരിക്കും"* (വെളി.21:3) എന്നു സ്വർഗ്ഗത്തിൽ നിന്നു കേട്ട മഹാശബ്ദം ഇവിടെ നിവൃത്തിയാകുന്നു.

**2.കൊരി.5:11 —** *"കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു."*

**വെളി.21:22 —** *മന്ദിരം അതിൽ കണ്ടില്ല; സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു.*

# മന്ന (MANNA)

ദൈവജനമായ യിസ്രായേലിനു അവരുടെ മരുഭൂമിയാത്രയിൽ സ്വർഗ്ഗത്തിൽ നിന്നു ദൈവം വർഷിപ്പിച്ചു കൊടുത്ത ആഹാരമായിരുന്നു മന്ന (പുറ.16:11-15). മന്നായെ കുറിച്ചു തിരുവചനത്തിൽ വിവിധ പേരുകളിൽ വിശേഷിപ്പിച്ചിട്ടുണ്ട്.

(1) സ്വർഗ്ഗീയ ധാന്യം (grain of heaven) — (സങ്കീ.78:24)

(2) ശക്തിമാന്മാരുടെ അപ്പം (bread of the angels)—(സങ്കീ.78:25)

(3) സ്വർഗ്ഗീയഭോജനം (bread of heaven) —(സങ്കീ.105:40)

(4) യഹോവ ഭക്ഷിപ്പാൻ തന്നിരിക്കുന്ന ആഹാരം (The bread the LORD given to eat ) –- (പുറ.16:25)

(5) ആത്മീയാഹാരം (Spiritual food) –-(1.കൊരി.10:3)

യിസ്രായേൽ മക്കൾ വാഗ്ദത്തനാടായ കനാനിൽ എത്തുവോളം നാല്പതു വർഷക്കാലം മന്ന ഭക്ഷിച്ചു (പുറ.16:34,35/യോശു.5:11,12). സീൻ മരുഭൂമിയിൽ വെച്ചു അവർക്കു ആദ്യമായി മന്ന ലഭിച്ചു. രാവിലെ അവർ ജിജ്ഞാസയോടെ ചോദിച്ച ചോദ്യത്തിൽ നിന്നാണ് മന്ന എന്ന പദം വന്നിട്ടുള്ളത്. *ഇതെന്ത്?* (What is this?) (പുറ.16:15) എന്നായിരുന്നു ചോദ്യം. മൻ, ഹൂ (man hu) എന്ന എബ്രായപദ ങ്ങളുടെ അർത്ഥവും *ഇതെന്ത്?* എന്നാണ്.

മന്ന തേൻ പോലെ മാധുര്യമുള്ളതും (പുറ.16:31), മഞ്ഞുപോലെ വെളുത്തതും (പുറ.16:14,31), കൊത്തമ്പാലരി (മല്ലി) പോലെ ഉരുണ്ടതും (പുറ.16:31), വളരെ ചെറുതും (പുറ.16:14), സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കയച്ചതും (പുറ.16:14) സ്വർഗ്ഗീയ ആഹാരവുമായിരുന്നു (പുറ.16:4). മന്നയുടെ ഈ വിധത്തിലുള്ള സവിശേഷതകൾ കർത്താവായ യേശുക്രിസ്തുവിനെയും, കർത്താവിന്റെ സ്വഭാവസവി ശേഷതകളെയും പ്രകടമാക്കുന്നു.

(1) തേൻ പോലെ മാധുര്യമള്ളത് യേശുക്രിസ്തുവിന്റെ വായിൽ നിന്നു പുറപ്പെടുന്ന ലാവണ്യവാക്കു കളെ കുറിക്കുന്നു (ലൂക്കൊ.4:22).

(2) വെളുപ്പു കർത്താവിന്റെ പരിശുദ്ധിയെയും പാപമില്ലായ്മയെയും കുറിക്കുന്നു (എബ്രാ.7:26).

(3) ആകൃതിയിൽ ഉരുണ്ടത് സമ്പൂർണ്ണതയെയും (എബ്രാ.2:10/വെളി.1:17),

(4) ആകൃതിയിൽ ചെറുത് എളിമയെയും (ലൂക്കൊ.2:16), താഴ്മയെയും (ഫിലി.2:7,8) പ്രകടമാക്കുന്നു.

(5) ഭൂമിയിൽ ലഭിച്ച സ്വർഗ്ഗീയ ആഹാരം എന്നത് കർത്താവു സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു വന്ന (1.തിമൊ.1:15) ജീവന്റെ അപ്പമെന്നതിനെയും (യോഹ.6:35,41) വെളിപ്പെടുത്തുന്നു.

## മറഞ്ഞിരിക്കുന്ന മന്ന — The Hidden Manna —

വെളിപ്പാടിൽ പെർഗ്ഗമൊസ് സഭെക്കുള്ള ദൂതിൽ ജയിക്കുന്നവനു ക്രിസ്തു നൽകുന്ന പ്രതിഫ ലത്തിൽ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കുമെന്നു പറഞ്ഞിരിക്കുന്നു. *"ജയിക്കുന്നവന്നു ഞാൻ മറഞ്ഞി രിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന്നു വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും"*(വെളി.2:17). മറഞ്ഞിരിക്കുന്ന മന്ന എന്നതിനു വിവിധ ആത്മീകചിന്തകളുണ്ട് —

(1) ദൈവജനമായ യിസ്രായേൽ ഒഴികെ ഭൂമിയിൽ മറ്റൊരു ജാതിയും ഇതു കാണുകയോ ഭക്ഷിക്കു കയോ ചെയ്തിട്ടില്ല. ആ നിലയിൽ മന്ന സകലർക്കും മറെക്കപ്പെട്ടിരുന്നു (ആവ.8:3).

(2) നിയമപെട്ടകത്തിനകത്തു പൊൻപാത്രത്തിലിട്ടു വെച്ച മന്നയെ കുറിക്കുന്നു (പുറ.16:31-35/എബ്രാ.9:4). മരുഭൂമിയിൽ യാത്രാമദ്ധ്യേ ദൈവം തന്റെ ജനത്തിനു ഭക്ഷണം ഒരുക്കിയതു ഭാവി തലമുറകൾക്കു കാണേണ്ടതിനായിരുന്നു അങ്ങനെ സൂക്ഷിച്ചുവെച്ചത്.

(3) സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന ജീവന്റെ അപ്പമായ യേശുക്രിസ്തുവിനെയും (യോഹ.6:48-51/ യോഹ.1:10) മറഞ്ഞിരിക്കുന്ന മന്ന വെളിപ്പെടുത്തുന്നു.

(4) ദൈവജനത്തിന്റെ ആത്മീക ആഹാരമായ ജീവന്റെ വചനത്തെയും മറഞ്ഞിരിക്കുന്ന മന്ന കുറി ക്കുന്നു (മത്താ.4:4/യോഹ.6:58,63).

(5) യേശുക്രിസ്തുവിലൂടെ ഇപ്പോൾ നുകരുന്നതും ഭാവിയിൽ ലഭ്യമാകുന്നതുമായ സകല ആത്മീക അനുഗ്രഹങ്ങളെയും മറഞ്ഞിരിക്കുന്ന മന്ന സൂചിപ്പിക്കുന്നു.(എഫെ.1:3/1.കൊരി.2:9).

(6) കർത്താവായ യേശുക്രിസ്തുവാണ് മന്ന (സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന ജീവന്റെ അപ്പം).

(യോഹ.6.33-35). സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു വന്ന കർത്താവു മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു ഇന്നു സ്വർഗ്ഗസിംഹാസനത്തിൽ ഇരിക്കുന്നു. സകല ആത്മിക അനുഗ്രഹങ്ങളും കർത്താവിലൂടെയാണ് വിശ്വാസികൾക്കു ലഭിക്കുന്നത്.

സ്വർഗ്ഗത്തിൽ ഇരിക്കുന്ന കർത്താവു മറഞ്ഞിരിക്കുന്ന മന്ന എന്നപോലെ നമുക്കു ഇന്നു നഗ്ന നേത്രങ്ങളാൽ കാണുവാൻ സാധിക്കുന്നില്ല. നമ്മുടെ ഹൃദയദൃഷ്ടി കൊണ്ടു മാത്രമേ നമുക്കു ഈ മന്നയെ കാണുവാൻ കഴിയുകയുള്ളു. എന്നാൽ കർത്താവു വാനമേഘങ്ങളിൽ വീണ്ടും വരുമ്പോൾ മറഞ്ഞിരിക്കുന്ന മന്നയാകുന്ന കർത്താവിനെ നേരിൽ കാണുവാൻ കഴിയും. ജയിക്കുന്നവന്, അതായത് ക്രിസ്തുവിനോടുള്ള വിശ്വാസത്തിൽ വിശ്വസ്തതയോടെ നിൽക്കുന്നവന്, യേശുക്രിസ്തുവിനെ നേരിൽ ദർശിച്ചു നിത്യത മുഴുവനും മന്ന അനുഭവിക്കുവാൻ സാധിക്കും.

## സമാഗമനകൂടാരത്തിലെ വെളിച്ചത്തിന്റെ സംവിധാനം
## (Lighting system in the Tabernacle)

ബൈബിളിലെ ആദ്യപുസ്തകമായ ഉല്പത്തി, പ്രപഞ്ചസൃഷ്ടികളുടെ ഉത്ഭവത്തോടെ ആരംഭിക്കുന്നു. സൃഷ്ടിയുടെ ഒന്നാം ദിവസം — *"വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി"* (ഉലപ.1:1-3). തിരുവചനത്തിൽ വെളിച്ചം ബന്ധപ്പെട്ടിരിക്കുന്നത് — (1) ദൈവത്തോട് — യോഹ.8:12 (2) തിരുവചനത്തോട് — സങ്കീ.119:105,130 (3) ദൈവമക്കളോട് — മത്താ.5:14-16/ എഫെ.5:8 (4) ദൈവീക അനുഗ്രഹങ്ങളോട് —സദൃ.4:18. എന്നാൽ ഇരുട്ട് പിശാചിനോടും, പാപത്തോടും, ആത്മീയ അജ്ഞതയോടും, അവിശ്വാസത്തോടും, അസന്മാർഗ്ഗിക പ്രവർത്തനങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. വെളിച്ചം ലോകത്തിലെ സകലർക്കും സകലത്തിനും നിത്യജീവിതത്തിനും ആവശ്യമാണ്. വിശ്വാസികൾക്ക് ഭൗമീകവും ആത്മീയവുമായ വെളിച്ചം ആവശ്യമാണ്. ഭൗമീക വെളിച്ചം സൂര്യൻ, ചന്ദ്രൻ, വിദ്യുച്ഛക്തി എന്നിവയിലൂടെ ലഭിക്കുന്നു. എന്നാൽ ആത്മീയവെളിച്ചം ലഭിക്കുന്നത് ദൈവത്തിൽ നിന്നും ദൈവവചനത്തിലൂടെയുമാണ്.

പഴയനിയമത്തിൽ യിസ്രായേൽ മക്കളുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ വാസസ്ഥലമായ സമാഗമനകൂടാരത്തിൽ പ്രത്യേക വെളിച്ചത്തിന്റെ സംവിധാനം ഒരുക്കിയിരുന്നു. സമാഗനകൂടാരത്തിനു മൂന്നു ഭാഗങ്ങളുണ്ടായിരുന്നു: പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം. ഈ മൂന്നു ഭാഗങ്ങളിലും രാപ്പകൽ വ്യത്യാസമില്ലാതെയുള്ള പ്രവർത്തനങ്ങൾക്കും ശുശ്രൂഷകൾക്കും സർവ്വശക്തനായ ദൈവം പ്രത്യേക വെളിച്ചങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇവ വെളിച്ചം നല്കുന്നതിനു പുറമേ വിശ്വാസികൾക്കു അനേക ആത്മീയ ചിന്തകളും നല്കുന്നു.

(1) പരസ്യവെളിച്ചം (Public Light) > പ്രാകാരം > സൂര്യൻ

(2) സ്വകാര്യവെളിച്ചം (Private Light) > വിശുദ്ധസ്ഥലം > തങ്കവിളക്ക്

(3) വ്യക്തിപരമായവെളിച്ചം (Personal Light) > അതിവിശുദ്ധസ്ഥലം > ദൈവതേജസ്സ്

| TABERNACLE > 3 LIGHTS | | |
|---|---|---|
| **MOST HOLY PLACE** | **HOLY PLACE** | **OUTER COURT** |
| **(SHEKINAH GLORY)** | **(LAMPSTAND)** | **(SUN)** |
| **PERSONEL LIGHT (You are in the presence of God)** | **PRIVATE LIGHT (You are in the Church)** | **PUBLIC LIGHT (You are in the World)** |




**I -- പരസ്യവെളിച്ചം (PUBLIC LIGHT)** — പ്രാകാരത്തിൽ സൂര്യൻ (Sun in the Outer Court)

സാക്ഷ്യം — (1) ലോകത്തോട് (2) വിശ്വാസി എന്ന നിലയിൽ

പ്രാകാരത്തിൽ രണ്ട് ഉപകരണങ്ങൾ > (1) താമ്രയാഗപീഠം (2) താമ്രത്തൊട്ടി

**(1) താമ്രയാഗപീഠം** (പുറ.27:1-8 / പുറ.38:1-7) — ക്രിസ്തുവിലൂടെയുള്ള രക്ഷ

താമ്രയാഗപീഠം പ്രത്യേകതകൾ —

(1) കൂടാരത്തിലെ ഏറ്റവും വലിയത്

(2) സൂര്യപ്രകാശത്തിൽ

(3) പാപം നീക്കുന്നു - ക്ഷമ ജീവിതത്തിൽ കാണിക്കണം

(4) യാഗമൃഗം കത്തിയമരുന്നു > സമർപ്പണം > സ്വയം ഇല്ലാതാകണം

(5) ദൈവത്തിനു മഹത്വം കൊടുക്കണം

**(2) താമ്രത്തൊട്ടി** (പുറ.30:17-21/പുറ.38:8/പുറ.40;7) — ശുദ്ധീകരണം —

താമ്രത്തൊട്ടി പ്രത്യേകതകൾ —

(1) വേർപാട് -

(2) സാക്ഷ്യം — ദൈനംദിനശുദ്ധീകരണം — ലോകത്തിനു മുമ്പിലുള്ള സാക്ഷ്യം,

1.തെസ്സ.4:7 — "ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനത്രേ വിളിച്ചത്."

**II -- സ്വകാര്യവെളിച്ചം (PRIVATE LIGHT)** > വിശുദ്ധസ്ഥലം > തങ്കവിളക്ക് —
(Lampstand / Candlestick in the Holy Place)

വിശ്വാസികളുടെ മദ്ധ്യേയുള്ള സാക്ഷ്യ ജീവിതം, സഭയിൽ വിശ്വാസിയുടെ സാക്ഷ്യം.

**തങ്കവിളക്ക്** (പുറ.25:31-40 /പുറ.27:20,21/പുറ.37:317-24 ) പ്രത്യേകതകൾ —

(1) തങ്കവിളക്കിലെ വെളിച്ചം — സഭയിലെ ശുശ്രൂഷകൾ സ്വർഗ്ഗീയ വെളിച്ചത്തിൽ

(2) ഒരു വിളക്കു തണ്ട് -- ക്രിസ്തുവിനെ കുറിക്കുന്നു

(3) തണ്ടിന്റെ ഇരുവശവും മൂന്നു വീതം ശാഖകൾ — വിശ്വാസികളെ കുറിക്കുന്നു

(4) വിശുദ്ധസ്ഥലത്തു പ്രകാശിക്കുന്നതിനാൽ ലോകക്കാർക്കു കാണുവാൻ സാധിക്കുന്നില്ല.

**വിശുദ്ധസ്ഥലത്ത് മൂന്നു ഉപകരണങ്ങൾ —**

(1) തങ്കവിളക്ക് (കവരവിളക്ക്) — വിശ്വാസി വെളിച്ചത്തിൽ നടക്കണം. ദൈവവചന പഠനം

(2) കാഴ്ചയപ്പത്തിന്റെ മേശ — കൂട്ടായ്മ, ആരാധന, കർത്തൃമേശ

(3) ധൂപപീഠം — പ്രാർത്ഥനാജീവിതം, സ്തോത്രയാഗം.

**III -- വ്യക്തിപരമായവെളിച്ചം (PERSONEL LIGHT)** > അതിവിശുദ്ധസ്ഥലം > ദൈവതേജസ്സ്

**നിയമപെട്ടകം** (പുറ.25:10-22/ പുറ.37:1-9 —(The Ark of Covenant) (The Shekinah Glory in the Most Holy Place)

The Ark of Covenant was made of Wood and Gold and placed in the Most Holy Place has three distinct parts namely -- (1) Ark (2) Mercy Seat (3) Cherubim. The Ark speaks of divine grace, the Golden lid of the Ark (Mercy Seat) speaks of divine mercy and the Cherubim speaks of divine justice.

കൃപാസനം ഉൾപ്പെട്ട നിയമപെട്ടകം അതിവിശുദ്ധസ്ഥലത്ത് — അവിടെ വെളിച്ചം ദൈവത്തിന്റെ ഷെക്കീനാ അഥവാ ദൈവതേജസ്സിനാൽ.

സർവ്വശക്തനായ ദൈവവും വിശ്വാസിയും മാത്രമുള്ള കൂട്ടായ്മ. സമ്പൂർണ്ണ ആശ്രയം, സ്വസ്ഥത, സാമാധാനം, ഉന്നതമായ ബന്ധം.

(1) പരസ്യവെളിച്ചം — സൂര്യന്റെ വെളിച്ചം (Public Light > Sun)

(2) സ്വകാര്യവെളിച്ചം — കവരവിളക്കിന്റെ വെളിച്ചം (Private Light > Lampstand)

(3) വ്യക്തിപരമായ വെളിച്ചം — ദൈവതേജസ്സിന്റെ വെളിച്ചം (Personel Light > Shekinah Glory)

വിശ്വാസിയുടെ ജീവിതം ഒന്നാമത് പരസ്യജീവിതം, രണ്ടാമത് സഭയിലെ ജീവിതം, മൂന്നാമത് ദൈവവുമായുള്ള ജീവിതം. ഇവ മൂന്നും ഒരുപോലെ സാക്ഷ്യമുള്ളതായിരിക്കണം. എങ്കിൽ മാത്രമേ വിജയകരമായ വിശ്വാസജീവിതം നിലനിർത്തുവാനും ആത്മീയമായി ഉയരുവാനും സാധിക്കുകയുള്ളു (A Believer saved through Jesus Christ (entered through the Door of Salvation) begins with Public Testimony to the World, then Private Fellowship with the Church and finally Personal Fellowship with God).

## ക്രിസ്തു പുറപ്പാടിൽ — പെസഹാക്കുഞ്ഞാട്

(1) പെസഹാക്കുഞ്ഞാടുയേശുക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പിനെ കുറിക്കുന്നു (പുറ.12:10) —> യോഹ.1:36/1.കൊരി.5:7/വെളി.5:6).

(2) അതിൽ ഒരു അസ്ഥിയും ഒടിക്കരുതു (പുറ.12:46) എന്നത് ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനമാണ് (യോഹ.19:31-37/സങ്കീ.34:20)

(3) മാറയിലെ വെള്ളം മധുരമാക്കിത്തീർത്ത വൃക്ഷം (പുറ.15:23 -25), കാൽവറി ക്രൂശിൽ നമുക്കു വേണ്ടി യാഗമായിതീർന്ന യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നു (2.രാജാ.6:6,7)

(4) സ്വർഗ്ഗീയമന്ന (പുറ.16) — യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നുള്ള ജീവന്റെ അപ്പം (സങ്കീ.78:24,25/ യോഹ.6:35).

(5) അടിക്കപ്പെട്ടപാറയിൽ നിന്നൊഴുകിയ ജീവജലം (പുറ.17:6). അടിക്കപ്പെട്ട പാറ ക്രിസ്തു (1.കൊരി.10:4)

(6) സമാഗമനകൂടാരത്തിന്റെ തിരശ്ശീല (പുറ.26:31)— മന്ദിരത്തിലെ തിരശ്ശീല (മത്താ.27:51) / ദേഹമെന്ന തിരശ്ശീല (എബ്രാ.10:19) യേശുക്രിസ്തുവിനെ കുറിക്കുന്നു.

(7) സമാഗമനകൂടാരത്തിലെ യാഗപീഠം, പിച്ചളത്തൊട്ടി, കാഴ്ചയപ്പത്തിന്റെ മേശ, കവരവിളക്ക്, ധൂപപീഠം, സാക്ഷ്യത്തിന്റെ പെട്ടകം, കൃപാസനം ഇവ ഓരോന്നും യേശുക്രിസ്തുവിനെ കാണിക്കുന്ന സാധനപാഠകങ്ങളാണ് (പുറ.27).

(8) മഹാപുരോഹിതനും പുരോഹിതവസ്ത്രവും (പുറ.29,30,40) ക്രിസ്തുവിനോടു ബന്ധപ്പെടുന്നു.

(9) *"എന്നാൽ കഴുതയുടെ കടിഞ്ഞൂലിനെ ആട്ടിൻ കുട്ടിയെ ക്കൊണ്ടു വീണ്ടുകൊള്ളേണം. വീണ്ടു കൊള്ളുന്നില്ലെങ്കിൽ അതിന്റെ കഴുത്തു ഒടിച്ചു കളയേണം"* (പുറ. 34:20). പാപികളും, ദോഷികളും, കഴുത്തു ഒടിച്ചു കളയേണ്ടതായ കഴുതയുടെ അവസ്ഥയിലും ആയിരുന്ന മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്തത് യേശുക്രിസ്തുവാകുന്ന ആട്ടിൻകുട്ടിയാലാണ് എന്നുള്ള വസ്തുതയുടെ പ്രദർശനമാണിത് (1.പത്രൊ.1:18,19).

(10) ക്രിസ്തുവിന്റ ചില സാദൃശ്യങ്ങളും നിഴലുകളും പുറപ്പാടു പുസ്തകത്തിൽ കാണാം. ഉദാ: മോശെ, പെസഹാ, ഏഴ് ഉത്സവങ്ങൾ, പുറപ്പാടു, മന്നാ, പാറയിലെജലം, സമാഗമനകൂടാരം, മഹാപുരോഹിതൻ.

-----------------------------------

# (3)ലേവ്യപുസ്തകം — LEVITICUS

ലേവ്യരെ സംബന്ധിക്കുന്ന പുസ്തകം എന്ന അർത്ഥത്തിലാണ് ലേവ്യപുസ്തകം എന്ന പേരു ലഭിച്ചത് (Pertaining to the Levites). യാക്കോബിന്റെ ഭാര്യ ലേയായിലുണ്ടായ മൂന്നാമത്തെ പുത്രന്റെ പേര് ലേവി എന്നായിരുന്നു (ഉല്പ.29:34). ലേവി ഗോത്രത്തിൽ നിന്നുള്ളവരെയാണ് ദൈവാലയത്തിലെ വിശുദ്ധസ്ഥലത്തെ ശുശ്രൂഷകൾക്കായി എടുത്തിരുന്നത്. ഇവരെ ലേവ്യർ എന്നു വിളിച്ചിരുന്നു (പുറ.28:1-4 /എസ്രാ.2:70).

പൗരോഹിത്യം ലേവ്യരിൽ നിന്നാകയാലും, ഈ പുസ്തകത്തിൽ പുരോഹിതന്മാർക്കുള്ള ആരാധന സംബന്ധമായ നിർദ്ദേശങ്ങളും നിയമങ്ങളും വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലും ലേവ്യരെ സംബന്ധിക്കുന്ന പുസ്തകം എന്നർത്ഥത്തിൽ ലേവ്യപുസ്കം എന്ന പേര് യോജിക്കുന്നു. എന്നാൽ ഈ പുസ്തകം ലേവ്യരെ മാത്രം ഉദ്ദേശിച്ചുള്ള പുസ്തകമല്ല. യഹോവ മോശയോടു അരുളിച്ചെയ്തത് — "നീ യിസ്രായേൽ മക്കളോടു പറയേണ്ടതെന്തെന്നാൽ" — എന്ന വാക്യം ഈ പുസ്തകത്തിൽ 56 പ്രാവശ്യം ആവർത്തിക്കുന്നു. ആകയാൽ ഈ പുസ്തകം പുരോഹിതന്മാർക്കു മാത്രമല്ല എല്ലാ ദൈവജനത്തിനും ഉള്ളതാണ്.

വയ്യിഗ്രാ എന്ന പേരാണ് ഈ പുസ്തകത്തിന് എബ്രായ ബൈബിളിലുള്ളത്. വയ്യിഗ്രാ (Vayyigra = He called) എന്നതിനു അവൻ വിളിച്ചു എന്നർത്ഥം. യഹോവ സമാഗമനകൂടാരത്തിൽ വച്ചു മോശെയെ വിളിച്ച് അവനോട് അരുളിച്ചെയ്തത് (ലേവ്യ.1:1) എന്നു പുസ്തകാരംഭത്തിൽ പറഞ്ഞിരിക്കുന്നത് വയ്യിഗ്രാ എന്ന പേരിനോടു ചേരുന്നു.

ചെങ്കടൽ കടന്നുവന്ന ദൈവജനത്തിന് സീനായ് പർവ്വതത്തിന്റെ അടിവാരത്തിൽ വെച്ച് ദൈവം നൽകുന്ന പ്രമാണങ്ങളാണ് ഈ പുസ്തകത്തിന്റെ പശ്ചാത്തലം. ലേവ്യപുരോഹിതന്മാർക്കുള്ള പ്രമാണങ്ങൾ, ചുമതലകൾ, യാഗക്രമീകരണങ്ങൾ എന്നിവയൊക്കെ അടങ്ങിയിരിക്കുന്നു. യാഗങ്ങൾ അഥവാ ബലികൾ ആണ് ഇതിലെ പ്രധാന വിഷയം. യാഗങ്ങളിലൂടെ ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തെ ലേവ്യപുസ്തകം വിവരിക്കുന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല; ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുകയില്ല എന്നീ രണ്ടു പ്രമാണങ്ങളാണ് ലേവ്യപുസ്തകത്തിന്റെ ഉള്ളടക്കം.

ലേവ്യപുസ്തകത്തിന്റെ പ്രധാന സന്ദേശം "വിശുദ്ധി " എന്നതാണ്. ദൈവം വിശുദ്ധനാകയാൽ തന്റെ ജനവും വിശുദ്ധിയുള്ളവരായിരിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നു (ലേവ്യ.11:45). ദൈവത്തിന്റെ ജനം വിശുദ്ധജനമായിരിക്കേണ്ടതാണെന്നു പുതിയനിയമത്തിലും കാണുന്നു (മത്താ.5:48/ 1.പത്രൊ.1:15). പൗരോഹിത്യത്വത്തെക്കുറിച്ചു ലേവ്യപുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. മഹാപുരോഹിതനായ അഹരോനും, അഹരോന്റെ പുത്രന്മാരായ പുരോഹിതന്മാരും യഥാക്രമം യേശുക്രിസ്തുവിനെയും വിശ്വാസികളെയും കുറിക്കുന്നു. സഭാകാലത്തെ വിശ്വാസികളെല്ലാവരും രാജകീയപുരോഹിതവർഗ്ഗമാണ് (1.പത്രൊ.2:5,9).

| | |
|---|---|
| **എഴുത്തുകാരൻ** | : മോശെ |
| **എഴുതിയ കാലം, സ്ഥലം** | : 1450 — 1410 ബി.സി -സീനായ്മല |
| **താക്കോൽ വാക്ക്** | : വിശുദ്ധി |
| **താക്കോൽ വാക്യങ്ങൾ** | : ലേവ്യ.17:11/ ലേവ്യ.19:2 / ലേവ്യ.20:7,8 |
| **അദ്ധ്യായങ്ങൾ** | : 27 |
| **പ്രധാന അദ്ധ്യായം** | : ലേവ്യ.16 -- അതിപരിശുദ്ധസ്ഥലത്തേക്കുള്ള പ്രവേശനം |

**ലക്ഷ്യം** : പുരോഹിതന്മാർക്കു ആരാധനെക്കുള്ള നിർദ്ദേശങ്ങളും, യിസ്രായേൽ ജനത്തിനു വിശുദ്ധ ജീവിതത്തിനുള്ള നിർദ്ദേശങ്ങളും നൽകുക.

**വിഷയം** : വിശുദ്ധി (Holiness), യാഗം (Sacrifice), പ്രായശ്ചിത്തം (Atonement), ആചാരാനുഷ്ഠാനപരവും സാന്മാർഗ്ഗികവുമായ നിയമങ്ങൾ (Ceremonial and Moral Laws)

**പ്രധാനവ്യക്തികൾ** :

**(1) മോശെ** ( Moses) — ദൈവത്തിന്റെ അരുളപ്പാടുകളും നിയമങ്ങളും യിസ്രായേലിനെ അറിയിച്ചവൻ.

**(2) അഹരോൻ** (Aaron) — ആദ്യത്തെ മഹാപുരോഹിതനും മോശെയുടെ സഹോദരനും

**(3) നാദാബ്** ( Nadab) — അഹരോന്റെ പുത്രൻ— ദൈവകല്പന ലംഘിച്ചു മരണത്തിനിരയായവൻ (ലേവ്യ.10:1,2)

**(4) അബിഹൂ** (Abihu) — അഹരോന്റെ പുത്രൻ —ദൈവകല്പന ലംഘിച്ചു മരണത്തിനിരയായവൻ (ലേവ്യ.10:1,2)

**(4) എലെയാസർ** ( Eleazar) — അഹരോന്റെ പുത്രൻ — പുരോഹിതൻ (ലേവ്യ.10:6-20)

**(5) ഈഥാമാർ** ( Ithamar) — അഹരോന്റെ പുത്രൻ — പുരോഹിതൻ (ലേവ്യ.10:6-20)

**പുസ്തക വിഭജനം** : (27 അദ്ധ്യായങ്ങൾ)

(1) 1 — 17 ദൈവത്തോടു അടുക്കുന്നതിനുള്ള നിയമങ്ങൾ, യാഗങ്ങൾ, കർമ്മങ്ങൾ

(2) 18— 27 ദൈവമുമ്പാകെ നടക്കുന്നതിനുള്ള നിയമങ്ങൾ, വിശുദ്ധീകരണകല്പനകൾ

**പ്രധാനസംഭവം** : അന്യാഗ്നി മൂലമുള്ള നാദാബിന്റെയും അബീഹൂവിന്റെയും മരണം (ലേവ്യ.10:1-2).

**ലേവ്യപുസ്തകത്തിൽ ശാസ്ത്രം —**

മാംസത്തിന്റെ ജീവൻ രക്തത്തിൽ അല്ലോ ഇരിക്കുന്നത് (ലേവ്യ.16:11,14)

**അദ്ധ്യായവിഷയങ്ങൾ —**

(1) അഞ്ചുയാഗങ്ങൾ (ലേവ്യ.1-5)

(2) പാളയത്തിനു പുറത്ത് (ലേവ്യ.4:1,2/പുറ.29:14/എബ്രാ.13:12,13)

(3) യാപീഠത്തിന്റെ കൊമ്പുകളിൽ രക്തം പുരട്ടുന്നത് (ലേവ്യ.4:30)

(4) യാഗപ്രമാണങ്ങൾ —> ഹോമയാഗം (ലേവ്യ.6:8-13),ഭോജനയാഗം (ലേവ്യ.6:14-18), പാപയാഗം (ലേവ്യ.6:24-30), അകൃത്യയാഗം (ലേവ്യ.7:1-7), സമാധാനയാഗം (ലേവ്യ.7:11-38)

(5) അഹരോനെയും പുത്രന്മാരെയും അഭിഷേകം ചെയ്യുന്നു (ലേവ്യ.8)

(6) അഹരോന്റെയും പുത്രന്മാരുടെയും പുരോഹിതശുശ്രൂഷ (ലേവ്യ.9)

(7) അന്യാഗ്നി (ലേവ്യ.10)

(8) ആഹാരകാര്യങ്ങളിലെ നിബന്ധനകളും ശുദ്ധീകരണനിയമങ്ങളും (ലേവ്യ.11,12)

(9) കുഷ്ഠരോഗലക്ഷണങ്ങൾ, പാലിക്കേണ്ട നിയമങ്ങൾ, ശുദ്ധീകരണം (ലേവ്യ.13,14)

(10) അതിപരിശുദ്ധസ്ഥലത്തേക്കുള്ള മഹാപുരോഹിതന്റെ പ്രവേശനം (ലേവ്യ.16:1-11), അസസ്സേലിനു ചീട്ടുവീണ കോലാട്ടുകൊറ്റൻ (ലേവ്യ.16:8-10,20-22),ആത്മതപനത്തിന്റെ ഉത്സവം (ലേവ്യ.16:29), മഹാ പാപപരിഹാരദിവസം (ലേവ്യ.16:30-34)

(11) യാഗം അർപ്പിക്കേണ്ട സ്ഥാനം, തെറ്റിച്ചാൽ ശിക്ഷ, ജീവൻ രക്തത്തിലായതിനാൽ ഭക്ഷിക്കുന്ന തിനു വിലക്ക് (ലേവ്യ.17)

(12) നിയമാനുസൃതമല്ലാത്ത വിവാഹം (ലേവ്യ.18)

(13) വിവിധ നിയമങ്ങളുടെ ആവർത്തനം —> വിഗ്രഹാരാധന, ദരിദ്രനെ കരുതൽ, കള്ളസത്യം, വേല ക്കാരന്റെ കൂലിതാമസിപ്പിക്കൽ, ന്യായം വിധിക്കൽ, ഏഷണി, പ്രതികാരം, വയലിൽ കൂട്ടു വിത്തു വിത യ്ക്കൽ, മുഹൂർത്തം നോക്കൽ, പച്ചകുത്തൽ, വൃദ്ധനെ ബഹുമാനിക്കൽ —(ലേവ്യ.19)

(14) ദുഷ്ടതക്കെതിരായുള്ള ശിക്ഷകൾ —> മക്കളെ ബലികഴിക്കുക, ഭൂതാത്മാക്കളുമായുള്ള ബന്ധം, ലൈംഗികവൈകൃതങ്ങൾ (ലേവ്യ.20)

(15) പുരോഹിതന്മാർക്കുള്ള നിയമങ്ങൾ (ലേവ്യ.21,22)

(16) വിവിധ ഉത്സവങ്ങൾ, ശബ്ബത്ത്, ഏഴു പെരുന്നാളുകൾ —

(1) പെസഹപെരുന്നാൾ — ലേവ്യ.23:4,5

(2) പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ — ലേവ്യ.23:6-8

(3) ആദ്യഫലപെരുന്നാൾ —ലേവ്യ.23:10-14

(4) വാരോത്സവം അഥവാ പെന്തെക്കൊസ്ത് പെരുന്നാൾ — ലേവ്യ.23:15-21

(5) കാഹളധ്വനിയുടെ പെരുന്നാൾ — ലേവ്യ.23:23-25

(6) മഹാപാപപരിഹാരദിവസം — ലേവ്യ.23:26-32

(7) കൂടാരപ്പെരുന്നാൾ — ലേവ്യ.23:33-44

(17) നിലവിളക്കിനുള്ള എണ്ണ, കാഴ്ചയപ്പം (ലേവ്യ.24:1-9)

(18) ഏഴാം വർഷം ശബ്ബത്ത്, യോബേൽ സംവത്സരം, നഷ്ടപ്പെട്ട അവകാശത്തിന്റെ വീണ്ടെടുപ്പ്, സഹോദരന്റെ വീണ്ടെടുപ്പ് (ലേവ്യ.25)

(19) അനുഗ്രഹത്തിന്റെ വ്യവസ്ഥകൾ — വിഗ്രഹാരാധന പാടില്ല, ശബ്ബത്തുകൾ ആചരിക്കണം, അനുഗ്രഹവും ശാപവും(ലേവ്യ.26)

(20) നേർച്ചയുടെ നിയമങ്ങൾ — കടിഞ്ഞൂലുകൾ, ശപഥാർപ്പിതങ്ങൾ വീണ്ടെടുക്കുന്നത്, ദശാംശനിയമങ്ങൾ (ലേവ്യ.27).

## ശ്രദ്ധേയവിഷയങ്ങൾ —

## (1) അഞ്ചുയാഗങ്ങൾ — (ലേവ്യ.1-5)

യിസ്രായേൽ മക്കൾ തങ്ങളുടെ പാപപരിഹാരത്തിനും ദൈവവുമായുള്ള അവരുടെ ബന്ധം പുനഃസ്ഥാപിക്കേണ്ടതിനുമായി യാഗങ്ങൾ അർപ്പിക്കേണ്ടതായുണ്ടായിരുന്നു. അഞ്ചു യാഗങ്ങളാണ് അവയിൽ പ്രധാനമായിട്ടുള്ളവ. യിസ്രായേൽ ജനത്തിനായി നൽകപ്പെട്ട യാഗങ്ങൾ ക്രിസ്തുവിന്റെ ക്രൂശുമരണത്തോടെ ആവശ്യമില്ലാതായിത്തീർന്നു. ക്രിസ്തുവിന്റെ യാഗം ഒരിക്കലും എന്നേക്കുമുള്ള യാഗമായിരുന്നു. ക്രിസ്തുവിന്റെ ക്രൂശിലെയാഗമരണം മൂലം ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് പാപമോചനവും ദൈവവുമായുള്ള കൂട്ടായ്മബന്ധവും പുനഃസ്ഥാപിക്കപ്പെടുന്നു.

**> (1) ഹോമയാഗം (ലേവ്യ.1:3-9)** (BURNED OFFERING) —

ഒരുവന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാനായി അർപ്പിക്കുന്ന യാഗമാണ് ഹോമയാഗം. ദൈവത്തോടു അവനുള്ള ഭക്തി പ്രദർശിപ്പിക്കുവാൻ കഴിക്കുന്ന ഒരു സ്വമേധയാ യാഗമാണിത്. ഹോമയാഗത്തിനായുള്ള യാഗവസ്തുക്കൾ മൂന്നു തരത്തിലുള്ളതാണ്. > കന്നുകാലി — ധനവാന്മാർക്കായി > ആട് — ഇടത്തരക്കാർക്കായി > പക്ഷികൾ — സാധുക്കൾക്കായി. ഹോമയാഗം അർപ്പിക്കുന്നവൻ ബലിമൃഗത്തിന്റെ തലയിൽ കൈ വെയ്ക്കുന്നു. താൻ മൃഗത്തോടു ഏകീഭവിക്കുന്നുവെന്നും തനിക്കു പകരമായി മൃഗം കൊല്ലപ്പെടുന്നുവെന്നും അതിലൂടെ സമ്മതിക്കുന്നു. തീ ദൈവത്തിന്റെ വിശുദ്ധിയെയും നീതിയെയും കുറിക്കുന്നു. കളങ്കരഹിതമായ ക്രിസ്തുവിനെയാണ് ഹോമയാഗം കുറിക്കുന്നത്. ഒരു സമ്പൂർണ്ണയാഗമായി ക്രിസ്തുവിന്റെ മരണം ആയിരിക്കുന്നു.

**> (2) ഭോജനയാഗം (ലേവ്യ.2:1-16)** (GRAIN OFFERING)—

ആരാധനയും ദൈവത്തോടുള്ള ബഹുമാനവും ഭക്തിയും ഭോജനയാഗം പ്രദർശിപ്പിക്കുന്നു. ഇത് ഒരു സ്വമേധയാ യാഗമാണ്. ഭോജനയാഗം മൂലമുള്ള ആരാധന സാധുക്കൾക്കു ആശ്വാസമായിരുന്നു. കാരണം സാധാരണക്കാരന്റെ ആഹാരസാധനങ്ങളായ നേരിയമാവ്, എണ്ണ, കുന്തുരുക്കം, ഉപ്പ് എന്നിവയായിരുന്നു ഭോജനയാഗത്തിലെ ചേരുവകൾ. ഈ യാഗത്തിൽ ഒരു ഭാഗം യാഗപീഠത്തിന്മേൽ ദഹിപ്പിക്കേണ്ടതും ബാക്കി പുരോഹിതൻ ഭക്ഷിക്കേണ്ടതുമാണ്. യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെയാണ് ഭോജനയാഗം കുറിക്കുന്നത്. നേരിയമാവു ക്രിസ്തുവിന്റെ നിർമ്മലതയെയും വിശുദ്ധിയെയും വെളിപ്പെടുത്തുന്നു. എണ്ണ പരിശുദ്ധാത്മാവിന്റെ സാദൃശ്യമാണ്. അപ്പത്തിന്മേൽ എണ്ണ ഒഴിക്കണമെന്നത് സ്നാനസമയത്ത് യേശുക്രിസ്തു പരിശുദ്ധാത്മാവിൽ അഭിഷേകം ചെയ്യപ്പെട്ടതിനെ കാണിക്കുന്നു. കുന്തുരുക്കം തീയിൽ കത്തുമ്പോൾ സുഗന്ധം പുറപ്പെടുവിക്കുന്നു. ആകയാൽ കുന്തുരുക്കം ദൈവമുമ്പാകെ സൗരഭ്യവാസനയായിത്തീർന്ന ക്രിസ്തുവിനെ കാണിക്കുന്നു. ഉപ്പു ശുദ്ധീകരിക്കുന്നതും രുചി പകരുന്നതും കേടുകൂടാതെ സൂക്ഷിക്കുന്നതുമാകുന്നു. ഇതു ക്രിസ്തുവിന്റെ സ്വഭാവസവിശേഷതകളെ കുറിക്കുന്നു. ക്രിസ്തു സമ്പൂർണ്ണ മനുഷ്യനായി ജീവന്റെ അപ്പമായിത്തീർന്നതിനെ ഭോജനയാഗം കുറിക്കുന്നു.

### > (3) സമാധാനയാഗം (ലേവ്യ.3:1-5) (PEACE OFFERNG)—

സമാധാനയാഗത്തിനായി ഉപയോഗിച്ച യാഗമൃഗങ്ങൾ കാള, കുഞ്ഞാട്, കോലാട് എന്നിവയായിരുന്നു. ഇവ ഊനമില്ലാത്തതായിരിക്കണം. ഹോമയാഗം, ഭോജനയാഗം എന്നിവയെപ്പോലെ സമാധാനയാഗം സ്വമേധയാ യാഗവും സൗരഭ്യവാസനയായ യാഗവുമാണ്. സമാധാനയാഗത്തിന്റെ ഒരു ഭാഗം പുരോഹിതനും മറ്റൊരു ഭാഗം അർപ്പിക്കുന്ന വ്യക്തിയും ഭക്ഷിക്കാവുന്നതാണ്. ദൈവത്തോടുള്ള നന്ദി പ്രദർശിപ്പിക്കുന്ന യാഗമാണ് സമാധാനയാഗം. ഇതിലൂടെ ദൈവത്തോടുള്ള കൂട്ടായ്മയും തദ്വാരാ സമാധാനവും ലഭിക്കുന്നു. കാൽവറിയിൽ യാഗമായിത്തീർന്ന ക്രിസ്തുമൂലം ലഭിക്കുന്ന സമാധാനത്തെയാണ് സമാധാനയാഗം പ്രദർശിപ്പിക്കുന്നത്. ദൈവവുമായി നിരപ്പു പ്രാപിപ്പാൻ അഥവാ സമാധാനം പ്രാപിപ്പാൻ ഏകമാർഗ്ഗം ക്രിസ്തുവാണ്.

### > (4) പാപയാഗം (ലേവ്യ.4:1-35) (SIN OFFERNG) —

പാപപരിഹാരയാഗം അഥവാ പ്രായശ്ചിത്തയാഗം അനിവാര്യയാഗമാണ്. മനപ്പൂർവ്വമല്ലാതെ വന്ന അശുദ്ധി, അശ്രദ്ധ, അവഗണന, മുതലായവെക്കു പരിഹാരമായി നടത്തുന്ന യാഗമാണിത്. പാപം ഗൗരവമുള്ളതാണെന്നു കാണിക്കുകയും പാപിയെ ദൈവത്തോടു യഥാസ്ഥാനപ്പെടുത്തുകയുമാണ് ഇതിന്റെ ലക്ഷ്യം. പാപയാഗം അർപ്പിക്കുന്നത് ഒരു പുരോഹിതനാണെങ്കിൽ ഒരു കാളയെയും ഒരു സാധാരണവ്യക്തിയാണെങ്കിൽ ഒരു ആടിനെയും അർപ്പിക്കേണ്ടതാണ്. സാധാരണക്കാരന്റെ ജീവിതത്തിൽ വന്നു സംഭവിക്കുന്ന പാപങ്ങൾക്കു നൽകുന്നതിനേക്കാൾ കൂടുതൽ ഗൗരവം ദൈവത്തിന്റെ ശുശ്രൂഷകരുടെ പാപങ്ങൾക്കു ദൈവം നൽകുന്നു എന്നു ഇതു വെളിപ്പെടുത്തുന്നു. പാപിക്കു പകരക്കാരനായി കാൽവറിക്രൂശിൽ പരമയാഗമായിത്തീർന്ന ക്രിസ്തുവിനെ പാപയാഗം കുറിക്കുന്നു. ദൈവവുമായുള്ള നമ്മുടെ ബന്ധം ക്രിസ്തുവിന്റെ മരണത്താൽ അഥവാ പാപയാഗത്താൽ പുനഃസ്ഥാപിക്കപ്പെട്ടു.

### > (5) അകൃത്യയാഗം (ലേവ്യ.5:1-10) (TRESSPASS OFFERING) —

ദൈവത്തോടും മറ്റുള്ളവരോടും ചെയ്ത പാപത്തിനു പരിഹാരമായി അകൃത്യയാഗം അർപ്പിക്കുന്നു. ഈ യാഗം ദൈവത്തിനു അർപ്പിക്കുകയും അപരാധം ചെയ്യപ്പെട്ടവന് അഥവാ കഷ്ടം നേരിട്ടവനു നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നു. അവിശ്വസ്തനായ സാക്ഷി (5:1), ആചാരപരമായ അശുദ്ധി (5:2,3), വിശുദ്ധവസ്തുക്കളെക്കുറിച്ചുള്ള പാപം (5:15) എന്നീ പാപങ്ങൾക്കാണ് അകൃത്യയാഗം മൂലം പരിഹാരം വരുത്തിയിരുന്നത്. ഒരു സാധാരണ യിസ്രായേല്യൻ ആട്ടിൻകുട്ടിയെയോ, രണ്ടു പ്രാവിൻകുഞ്ഞിനെയോ അല്ലെങ്കിൽ ഒരിടങ്ങഴി നേരിയ മാവോ അവന്റെ കഴിവനുസരിച്ചു അകൃത്യയാഗത്തിനു കൊണ്ടു വരാം. എന്നാൽ ഒരു പുരോഹിതനാണെങ്കിൽ അകൃത്യയാഗത്തിനായി ഒരു ആടിനെ തന്നേ കൊണ്ടു വരണമായിരുന്നു. പുരോഹിതന്റെ പാപത്തിന്റെ ഗൗരവത്തെയാണിതു വെളിപ്പെടുത്തുന്നത്. ദൈവത്തോടും മനുഷ്യരോടും ചെയ്യുന്ന അകൃത്യങ്ങൾക്കും പാപപ്രവൃത്തികൾക്കും ക്രിസ്തുവിലൂടെ ലഭിക്കുന്ന പരിഹാരമാണ് അകൃത്യയാഗം കുറിക്കുന്നത്. അതായത് പാപത്തിന്റെ മാരകമായ പരിണിതഫലത്തെ ക്രിസ്തുവിന്റെ മരണം നീക്കിക്കളയുന്നു.

## (2) യോബേൽ സംവത്സരം (ലേവ്യ.25) —

യോബേൽ (yobel) എന്ന എബ്രായ വാക്കിനർത്ഥം ആട്ടിൻകൊമ്പു (rams horn) എന്നാണ്. അക്ഷരാർത്ഥത്തിൽ കാഹളധ്വനിയെ കുറിക്കുന്നു. മിസ്രയീമ്യ അടിമത്വത്തിൽ നിന്നു യിസ്രായേൽമക്കളെ ദൈവം മോചിപ്പിച്ചതിന്റെ ഓർമ്മെക്കായി ഓരോ 50 വർഷം കൂടുന്തോറും യെഹൂദന്മാർ മഹോത്സവം കൊണ്ടാടിയിരുന്നു. ഈ 50-ാം വർഷത്തെയാണ് **"യോബേൽ സംവത്സരം"** എന്നു വിളിച്ചിരുന്നത്.

പാപപരിഹാരപെരുന്നാളിന്റെ അവസാനത്തിൽ കാഹളധ്വനിയോടെ യോബേൽ വർഷം ആരംഭിക്കും. ആറുദിവസം കൊണ്ടു ആകാശവും ഭൂമിയും ചരാചരങ്ങളും സൃഷ്ടിച്ചശേഷം ദൈവം ഏഴാം ദിവസം വിശ്രമിച്ചതായി കാണുന്നു. താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽ നിന്നും ദൈവം ഏഴാം ദിവസം നിവൃത്തനായി. അതുകൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു (ഉല്പ.2:1-3). വിശ്രമദിനമായ ഏഴാം ദിനത്തെ ശബ്ബത്ത് (Sabbath) എന്നറിയപ്പെടുന്നു. ശബ്ബത്ത് (shabbat) എന്ന എബ്രായപദത്തിനർത്ഥം അദ്ധ്വാനം നിറുത്തുക, വിശ്രമിക്കുക (to cease work / to rest) എന്നാണ്.

മിസ്രയീമിലെ അടിമത്വത്തിൽ നിന്നു വിടുതൽ ലഭിച്ച യിസ്രായേൽ ജനം ചെങ്കടൽ കടന്നു മരുഭൂമിയിലൂടെ കനാൻ ലക്ഷ്യമാക്കി നടക്കുമ്പോഴാണ് ഏഴാം ദിവസം അവരുടെ ജീവിതത്തിൽ ശബ്ബത്ത് അഥവാ വിശ്രമത്തിന്റെ ദിനമായി വേർതിരിക്കണമെന്നു പ്രമാണമുണ്ടായത് (പുറ.16:23-29). ഇതു യിസ്രായേലിനു മാത്രമുള്ള കല്പനയായിരുന്നു. പിന്നീട് അവർക്കു പത്തു കല്പനകൾ കൊടുത്തപ്പോൾ സർവ്വജനത്തിനുമായി ശബ്ബത്ത് അഥവാ വിശ്രമദിവസം പ്രഖ്യാപിക്കുന്നു (പുറ.20:8-11). ഇപ്രകാരമുള്ള ഒരാഴ്ചവട്ടത്തിന്റെ ശബ്ബത്തിനു പുറമേ ശബ്ബത്ത് വർഷത്തെക്കുറിച്ചും ലേവ്യാപുസ്തകത്തിൽ പറയുന്നു. ഏഴാം വർഷത്തിൽ നിലത്തിനും കൂടെ ശബ്ബത്താചരണം കല്പനയായി നൽകി. നിലത്തിനു ശബ്ബത്തായിരിക്കുമ്പോൾ കൃഷി ചെയ്യുകയോ വിളവുകൾ ശേഖരിക്കുകയോ ചെയ്തിരുന്നില്ല.

കനാൻ കൈവശപ്പെടുത്തിയശേഷമാണ് ശബ്ബത്താചരണം യിസ്രായേലിനുണ്ടായത്. ആദ്യത്തെ ഏഴാം വർഷം ശബ്ബത്തു വർഷവും അൻപതാം വർഷം യോബേൽ വർഷവും ആയിരുന്നു. ഏഴു ശബ്ബത്തു വർഷങ്ങൾ അഥവാ 49 വർഷം കഴിയുമ്പോൾ യോബേൽ സംവത്സരം. ഓരോ ഏഴാം വർഷത്തിലും അവർ കൃഷി ചെയ്യുവാൻ പാടില്ലായിരുന്നു. ദേശത്തു തനിയെ ഉണ്ടായതും ആറാം വർഷം കൃഷിയിൽ നിന്നു അധികം ലഭിച്ചതുമായിരുന്നു അവരുടെ ആ വർഷത്തെ ആഹാരം.

50-ാം വർഷം യോബേൽ സംവത്സരമായി ആചരിക്കണം. കഴിഞ്ഞ 49 വർഷങ്ങൾക്കുള്ളിൽ വില്ക്കുകയോ വാങ്ങുകയോ ചെയ്ത എല്ലാ നിലങ്ങളും അതിന്റെ മുൻ ഉടമയ്ക്കു മടക്കി നൽകണം. കൂടാതെ ദരിദ്രനായി ഒരുവനെ അടിമയായി വിൽക്കപ്പെട്ടിരുന്നാലും യോബേൽ സംവത്സരത്തിൽ അവനും സ്വതന്ത്രനായിത്തീരും. യോബേൽ സംവത്സരത്തിൽ സകലകടബാദ്ധ്യതകളും ഇളച്ചു കൊടുക്കും (ആവ.25:2,3). ഇപ്രകാരമുള്ള വ്യവസ്ഥയുള്ളതിനാൽ ആരും വലിയ ധനവാനോ തീരെ ദരിദ്രനോ ആയിത്തീരുന്നില്ല.

വസ്തുവിന്റെ ഉടമസ്ഥത ദൈവത്തിനാണെന്നും ശാശ്വതമായ വില്പനയ്ക്കു മനുഷ്യർക്കു അവകാശവുമില്ല എന്ന വസ്തുത ഇതിലൂടെ വെളിപ്പെടുന്നു. യിസ്രായേല്യർ ദേശം കൈവശമാക്കിയെങ്കിലും ചില അതിപ്രധാന കാര്യങ്ങൾ അവർ ഓർക്കേണ്ടതുണ്ട്. ദേശം മുഴുവനും ദൈവത്തിന്റേതാണ് (ലേവ്യ.25:2,23,38); അവർ അനുഭവിക്കുന്ന സകല അനുഗ്രഹങ്ങളും ദൈവം നൽകിയതാണ് (ലേവ്യ.25:21); വീണ്ടെടുക്കപ്പെട്ടവർ എന്ന നിലയിൽ അവർ തന്നെ ദൈവത്തിന്റേതാണ് (ലേവ്യ.25:55) എന്ന കാര്യം യോബേൽ സംവത്സരം ഓർമ്മിപ്പിക്കുന്നു.

യിസ്രായേലിനു ന്യായപ്രമാണം കൊടുത്തപ്പോൾ ഏഴാം ദിവസവും ഏഴാം വർഷവും അമ്പതാം വർഷവും അവർക്കും ദേശത്തിനും സ്വസ്ഥത നൽകി. ദൈവത്തിനായി വേർതിരിക്കേണം എന്നാണ് സ്വസ്ഥതയുടെ ആശയം. ദൈവവുമായി വിശ്വാസത്താൽ നിരപ്പു പ്രാപിക്കുകയും, ദൈവകല്പനകളെ അനുസരിക്കുകയും ചെയ്യുന്നവർക്കു ലഭിക്കുന്ന സൗഭാഗ്യത്തെയാണ് പുതിയനിയമത്തിൽ ശബ്ബത്ത് അഥവാ സ്വസ്ഥത എന്നു പറയുന്നത്. സകല മനുഷ്യരുടെയും നഷ്ടപ്പെട്ട അവകാശം യോബേൽ സംവത്സരത്തിൽ മടങ്ങിവരുന്നു. അതുപോലെ പാപത്താൽ നഷ്ടപ്പെട്ട സകലഅവകാശങ്ങളും യേശുക്രിസ്തുവിനാലുള്ള വീണ്ടെടുപ്പുമൂലം തിരികെ ലഭിക്കുന്നതിനെയും, ക്രിസ്തുവിലൂടെ യഥാർത്ഥ സ്വാതന്ത്ര്യം കൈവരിക്കുന്നതിനെയും യോബേൽ സംവത്സരം വെളിപ്പെടുത്തുന്നു. വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നത് (എബ്രാ.4:3) എന്നു എബ്രായലേഖനത്തിൽ പുതിയനിയമവിശ്വാസികളെക്കുറിച്ചു പറയുന്നു. ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ പുതിയ സൃഷ്ടിയായിത്തീരുകയും (2.കൊരി.5:17) ക്രിസ്തുവിൽ സ്വസ്ഥതയും (മത്താ.11:28-30) സ്വാതന്ത്ര്യവും (ഗലാ.5:1) ലഭിക്കുകയും ചെയ്യുന്നു.

യോബേൽ വർഷം എന്നതിനു ഇംഗ്ലീഷിൽ ജൂബിലി വർഷം (Jubilee) എന്നു പറയുന്നു. 25 -ാം വർഷം രജതജൂബിലി ( Silver Jubilee), 50 -ാം വർഷം കനകജൂബിലി (Golden Jubilee), 75 -ാം വർഷം വജ്രജൂബിലി ( Diamond Jubilee), 100 -ാം വർഷം പ്ലാറ്റിനം ജൂബിലി ( Platinum Jubilee) എന്നീ വിവിധ പേരുകളിൽ ഇക്കാലത്തു ലോകക്കാർ ആഘോഷിക്കാറുണ്ട്.

.............................................................

## പുതിയനിയമ യാഗങ്ങൾ :

**(1) ആത്മികയാഗം** — (Spiritual Sacrifice)—

1.പത്രൊ.2:5 — "നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മികഗൃഹമായി യേശു ക്രിസ്തു മുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധപുരോഹിത വർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു."

**(2) സ്തോത്രയാഗം** — (Praise Offering) —

എബ്രാ.13:15 - "അതുകൊണ്ട് അവൻ മുഖാന്തരം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക."

സങ്കീ.50:23 - "സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു."

**(3) നീതിയാഗം** — (Sacrifice of Righteousness) —

സങ്കീ.4:5 — "നീതിയാഗങ്ങളെ അർപ്പിപ്പിൻ; യഹോവയിൽ ആശ്രയം വെപ്പിൻ."
സങ്കാ.51:19 — "അപ്പോൾ നീ നീതിയാഗങ്ങളിലും ഹോമയാഗങ്ങളിലുംസർവ്വാംഗഹോമങ്ങളിലും പ്രസാദിക്കും."

**(4) ജീവനുള്ള യാഗം** — (Living Sacrifice) —

റോമ.12:1 - "നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ."

**(5) സൗരഭ്യവാസനയാഗം** — (Sweet - Smelling sacrifice) —

എഫെ.5:1,2 —"ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന്നു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ."

**(6) വിശ്വാസമെന്ന യാഗം** — (Sacrifice of Faith) —

ഫിലി.2:17 —"എന്നാൽ നിങ്ങളുടെ വിശ്വാസം എന്ന യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേണ്ടി വന്നാലും ഞാൻ സന്തോഷിക്കും"

**(7) നന്മയും കൂട്ടായ്മയും എന്ന യാഗം** — - (Sacrifice of doing Good and Fellowship) —

എബ്രാ,13:16 - "നന്മ ചെയ്വാനും, കൂട്ടായ്മ കാണിപ്പാനും മറക്കരുത്. ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത്."

**(8) സുവിശേഷം അറിയിക്കുക എന്ന യാഗം** —(Ministering the Gospel of God --Offering of Gentiles)

റോമർ.15:15 - "എങ്കിലും ജാതികൾ എന്ന വഴിപാട് (യാഗം) പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ട് പ്രസാദകരമായിത്തീരുവാൻ ഞാൻ ദൈവത്തിന്റെ സുവിശേഷ ഘോഷണം പുരോഹിതനായി അനുഷ്ഠിച്ചുകൊണ്ട്........."

**(9) പാട്ട്, സ്തുതി, സ്തോത്രം** — (Offering of Song, Praise, Thanksgiving) —

സങ്കീ.69:30,31 - "ഞാൻ പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും; സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തും. അത് യഹോവെക്കു കാളയെക്കാളും കൊമ്പും കുളമ്പുമുള്ള മൂരിയെക്കാളും പ്രസാദകരം."

**(10) പ്രാർത്ഥനയെന്ന യാഗം** — (Sacrifice of Prayer) —

സങ്കീ.141:2 - "എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നത് സന്ധ്യായാഗമായും തീരട്ടെ."

**(11) തകർന്ന മനസ്സ്, നുറുങ്ങിയ ഹൃദയം** — (Sacrifice of broken spirit and contrite heart) —

സങ്കീ.51:17 - "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തെ ദൈവമേ, നീ നിരസിക്കയില്ല."

**(12) കൂട്ടായ്മ കാണിക്കുക** — (Sweet-Smelling Fellowship) —

ഫിലി.4:18 - "നിങ്ങൾ അയച്ചുതന്നത് സൗരഭ്യവാസനയായി ദൈവത്തിനു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി."

# വിശുദ്ധീകരണം മൂന്നു വസ്തുതകൾ

## (SANCTIFICATION / HOLINESS - Three Aspects)

**(1) സ്ഥാനീയ വിശുദ്ധീകരണം (POSITIONAL SANCTIFICATION) —**

(1) ഭൂതകാല വിശുദ്ധീകരണം

(2) ദൈവം നമ്മെ രക്ഷിച്ചു — വിശ്വാസി ഒരിക്കലും എന്നേക്കുമായി ദൈവത്തിനായി വേർതിരിക്കപ്പെട്ടു (പുതുജനനം / രക്ഷ)

(3) പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള രക്ഷ

(4) ആത്മാവിന്റെ രക്ഷ

(5) നീതീകരണം (Justification)

**(2) പുരോഗമനോന്മുഖമായ വിശുദ്ധീകരണം (PROGRESSIVE SANCTIFICATION) —**

(1) വർത്തമാന കാല വിശുദ്ധീകരണം

(2) ദൈവം നമ്മെ രക്ഷിച്ചു കൊണ്ടിരിക്കുന്നു (ഓരോ ദിവസവും വിശുദ്ധീകരണം)

(3) പാപത്തിന്റെ ശക്തിയിൽ നിന്നുള്ള രക്ഷ

(4) ദേഹിയുടെ രക്ഷ

(5) വിശുദ്ധീകരണം (Sanctification)

**(3) പരിപൂർണ്ണ വിശുദ്ധീകരണം (PERFECT SANCTIFICATION) —**

(1) ഭാവികാല വിശുദ്ധീകരണം

(2) ദൈവം നമ്മെ രക്ഷിക്കും

(3) പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നു രക്ഷ

(4) ദേഹത്തിന്റെ രക്ഷ

(5) തേജസ്കരണം (Glorification) — ഉത്പ്രാപണത്തിൽ

# ലേവ്യപൗരോഹിത്യം — (LEVITICAL PRIESTHOOD)

ലേവ്യപൗരോഹിത്യം മോശെയുടെ മൂത്തസഹോദരനായ അഹരോനിൽ ആരംഭിക്കുന്നു (പുറ.28:1-3). പുറപ്പാട് 29,30 അദ്ധ്യായങ്ങളിൽ പുരോഹിതന്മാരെയും അവരുടെ ശുശ്രൂഷകളെയും കുറിച്ചു പറയുന്നു. പൗരോഹിത്യ ശുശ്രൂഷകൾക്കായി ലേവിഗോത്രത്തിലെ അഹരോനെയും പുത്രന്മാരെയും തിരഞ്ഞെടുത്തു. പുരോഹിതന്മാർ എല്ലാവരും ലേവ്യഗോത്രത്തിലായിരിക്കുമ്പോൾത്തന്നെ എല്ലാ ലേവ്യരും പുരോഹിതന്മാരായിരുന്നില്ല. പുരോഹിതന്മാരല്ലാത്തവർക്കു വിവിധ ശുശ്രൂഷകൾ നല്കിയിരുന്നു.

ലേവിഗോത്രത്തെക്കുറിച്ചു പഠിക്കുമ്പോൾ ദൈവസന്നിധിയിൽ വരുവാൻ യോഗ്യരല്ലായിരുന്നു. ലേവിയുടെ പിതാവു യാക്കോബ് തന്റെ മക്കളെ വിളിച്ചു അനുഗ്രഹിക്കുന്നത് ഉല്പത്തി പുസ്തകം 49 -ൽ കാണുന്നു. ശിമെയോനെയും ലേവിയെയും വിളിച്ചു അനുഗ്രഹത്തിനു പകരം ശാപ വാക്കുകളാണ് പിതാവിൽ നിന്നുയരുന്നത്. *"ശിമെയോനും ലേവിയും സഹോദരന്മാർ; അവരുടെ വാളുകൾ സാഹസത്തിന്റെ ആയുധങ്ങൾ .... യിസ്രായേലിൽ ചിതറിക്കയും ചെയ്യും"* (ഉല്പ.49:5-7). എന്നാൽ പില്ക്കാലത്തു ദൈവകരുണയാൽ യിസ്രായേലിന്റെ പുരോഹിതന്മാർ ശപിക്കപെട്ട കൂട്ടത്തിൽ നിന്നു വരുന്നു. ശപിക്കപ്പെട്ട ലേവിയുടെ പുത്രന്മാർ അനുഗ്രഹിക്കപ്പെട്ടവരും യിസ്രായേലിനെ അനുഗ്രഹിക്കുന്ന പുരോഹിതന്മാരുമായി. അവർക്കു സമാഗമനകൂടാരത്തിന്റെ ഏറ്റവും അടുത്തു പാർപ്പാൻ അവസരം ലഭിച്ചു.

അവർക്കു പൗരോഹിത്യവും ദൈവകൃപയും ലഭിക്കുവാൻ കാരണമായത് അവരുടെ അനുസരണമാണെന്നു വേദപഠിതാക്കൾ അഭിപ്രായപ്പെടുന്നു. സീനായ്പർവ്വതത്തിൽ ദൈവസന്നിധിയിലേക്കു കയറിപ്പോയ മോശെ തിരികെ വരുവാൻ താമസിച്ചപ്പോൾ ദൈവജനം പർവ്വതത്തിന്റെ അടിവാരത്തിൽ പൊന്നുകൊണ്ടു ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനെ ആരാധിച്ചു (പുറ.32:1-6). യഹോവയുടെ കോപം അവർക്കു മേലുണ്ടായി. ജനം കെട്ടഴിഞ്ഞു. വിഗ്രഹാരാധനയിൽ മുഴുകിയ ജനത്തെ

കണ്ടപ്പോൾ മോശെ യഹോവയുടെ പക്ഷത്തിൽ ഉള്ളവർ എന്റെ അടുക്കൽ വരട്ടെ എന്നു കല്പിച്ചു (പുറ.32:26). ലേവ്യർ എല്ലാവരും അവന്റെ അടുക്കൽ എത്തിയപ്പോൾ വാളെടുത്തു ജനത്തിനിടയിൽ സംഹാരം ചെയ്‌വാൻ ആജ്ഞാപിച്ചു. ലേവ്യർ മോശെ പറഞ്ഞതുപോലെ ചെയ്തു. അന്നു ഏകദേശം മൂവായിരത്തോളം പേർ വീണു. പന്ത്രണ്ടു ഗോത്രങ്ങളിൽ വെച്ചു ലേവി ഗോത്രത്തിന്റെ അനുസരണം മൂലം ദൈവം അവരെ അനുഗ്രഹിച്ചു; ശുശ്രൂഷകൾക്കായി തിരഞ്ഞെടുത്തു. അക്രമവും സംഹാരവുമായി നടന്ന ലേവിയുടെ മക്കൾ ഇതാ അനുഗ്രഹിക്കപ്പെട്ടവരായി. ലേവിപുത്രന്മാരെ തന്റെ പുരോഹിതന്മാരാക്കി നിയമിക്കുകയും ആത്മീകശുശ്രൂഷകൾ ഏല്പിക്കുകയും ചെയ്യുന്നതായി മോശെയുടെ അനുഗ്രഹവാക്കുകളിലൂടെ കാണുന്നു (ആവ.33:8-11).

എന്നാൽ സീനായ് പർവ്വതത്തിന്റെ അടിവാരത്തിലുണ്ടായ വിഗ്രഹാരാധനയ്ക്കും അനന്തര സംഭവങ്ങൾക്കും മുമ്പു തന്നേ ദൈവം ലേവിഗോത്രത്തിലെ അഹരോനെയും കുടുംബത്തെയും പൗരോഹിത്യശുശ്രൂഷകൾക്കായി തിരഞ്ഞെടുത്തതു പുറപ്പാടു പുസ്തകത്തിൽ കാണുന്നു (പുറ28:1-4). സ്വന്ത പിതാവിനാൽ ശാപവാക്കുകൾ കേട്ട ലേവിഗോത്രം ദൈവത്തിന്റെ പൗരോഹിത്യശുശ്രൂഷയിൽ നിയമിച്ചത് ദൈവത്തിന്റെ അതിരറ്റ കൃപയാൽ തന്നേ.

ലേവിഗോത്രത്തിനുള്ള മറ്റൊരു പ്രത്യേകത ഭൂമിയിൽ അവകാശമില്ലാത്ത ഒരേ ഒരു ഗോത്രം ലേവിഗോത്രമായിരുന്നു എന്നതാണ്. സമാഗമനകൂടാരത്തിലും വിവിധ ദൈവീകശുശ്രൂഷകളിലും (സംഖ്യാ.3:21-26 / ആവ.17:8-13/ ആവ.33:10) അവർ പൗരോഹിത്യമുൾപ്പെടെയുള്ള പ്രത്യേക പദവികളും ശുശ്രൂഷകളും ഭരമേല്പിക്കപ്പെട്ടെങ്കിലും അവർക്ക് ഭൂമിയിൽ അവകാശം ഒന്നും നല്കിയിരുന്നില്ല. കാരണം അവരുടെ അവകാശവും ഓഹരിയും പ്രതിഫലവും എല്ലാം ദൈവം തന്നെയായിരുന്നു. *"യഹോവ പിന്നെയും അഹരോനോടു: നിനക്കു അവരുടെ ഭൂമിയിൽ ഒരു അവകാശവും ഉണ്ടാകരുതു; അവരുടെ ഇടയിൽ നിനക്കു ഒരു ഓഹരിയും അരുതു; യിസ്രായേൽ മക്കളുടെ ഇടയിൽ ഞാൻ തന്നേ നിന്റെ ഓഹരിയും അവകാശവും ആകുന്നു എന്നു അരുളിച്ചെയ്തു"* (സംഖ്യാ.18:20).

## ക്രിസ്തു ലേവ്യപുസ്തകത്തിൽ — പാപപരിഹാര ബലി

> ലേവ്യ.14:1 -7 വരെയുള്ള വാക്യങ്ങളിൽ പാളയത്തിനു പുറത്തു വെച്ചു അറുക്കപ്പെട്ട പക്ഷി യേശുക്രിസ്തുവിനെ കുറിക്കുന്നു. പാപകുഷ്ഠത്തിൽ ആയിരുന്ന മനുഷ്യനെ ശുദ്ധീകരിക്കുവാൻ കർത്താവായ യേശുക്രിസ്തു നഗരവാതിലിനു പുറത്തു വച്ചു കഷ്ടം അനുഭവിച്ചു, നമ്മുടെ പാപങ്ങൾക്കായി മരിച്ച് നമുക്കു പാപമോചനവും, സ്വാതന്ത്ര്യവും നൽകി (എബ്രാ. 13:12/ എബ്രാ. 9:26- 28 /എബ്രാ. 9:22).

> മഹാപുരോഹിതൻ തന്റെ വസ്ത്രം കീറുവാൻ പാടില്ല (ലേവ്യ.21:10). യേശുവിനെ വിസ്തരിച്ച മഹാപുരോഹിതനായ കയ്യഫാവ് തന്റെ പുരോഹിതവസ്ത്രം കീറിയതിനാൽ പൗരോഹിത്യം നീക്കപ്പെട്ടു (മത്താ.26:65/മർക്കൊ.14:63).

> ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെയും ശുശ്രൂഷകളുടെയും നിഴലുകൾ ഇതിലെ പൗരോഹിത്യം, യാഗങ്ങൾ, ഉത്സവങ്ങൾ എന്നിവയിൽ കാണാം.

(1) **പൗരോഹിത്യം** — ക്രിസ്തു അഭിഷിക്തനായ മഹാപുരോഹിതൻ (ലേവ്യ.8:1-9 /എബ്രാ.7:26-28).

(2) **യാഗങ്ങൾ** — യേശുക്രിസ്തു അഞ്ചു യാഗങ്ങളിൽ —

1. ഹോമയാഗം (സ്വമേധയാ) Burned Offering.

അദ്ധ്യാ. 1— സമ്പൂർണ്ണ യാഗമായി ക്രിസ്തുവിന്റെ മരണം (യോഹ. 10:17/റോമ.5:19/ എബ്രാ.10:10)

2. ഭോജനയാഗം (സ്വമേധയാ) Grain Offering--

അദ്ധ്യാ. 2 — ക്രിസ്തു സമ്പൂർണ്ണ മനുഷ്യനായി, സൗരഭ്യവാസനയായി (എഫെ. 5:2).

3. സമാധാനയാഗം (സ്വമേധയാ) Peace Offering--

അദ്ധ്യാ. 3 — മനുഷ്യനും, ദൈവവുമായി സമാധാനത്തിന്റെ നിരപ്പ് (എഫെ. 2:14,17/റോമ.5:1 / കൊലൊ.1:20).

4. പാപപരിഹാരയാഗം (അനിവാര്യം) Sin Offering

അദ്ധ്യാ. 4 — ക്രിസ്തു നമുക്കായി പാപം ആക്കപ്പെട്ടു (2.കൊരി. 5:17/1.പത്രൊ. 2:24).

5. അകൃത്യയാഗം (അനിവാര്യം) Tress Pass Offering —

അദ്ധ്യാ.5. — ക്രിസ്തു നമ്മുടെ പാപക്കടം വീട്ടി (ലൂക്കൊ.7:36-50).

(3) **ഏഴ് ഉത്സവങ്ങൾ —**

(1) പെസഹ പെരുന്നാൾ (ഒരു ദിവസം)

ക്രിസ്തുമൂലമുള്ള വിടുതൽ (ലേവ്യ.23:5).

(2) പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ (ഏഴു ദിവസം)

പഴയ അടിമത്വത്തിൽ നിന്നു പുതുജീവിതത്തിലേക്കു ക്രിസ്തു വഴിയായുള്ള പ്രവേശനം (ലേവ്യ.23:6—8).

(3) ആദ്യഫല പെരുന്നാൾ (ഒരു ദിവസം)

ദൈവകരുതലിനെ കുറിച്ചുള്ള ഓർമ്മ (ലേവ്യ.23:9-14)

(4) പെന്തക്കൊസ്തു പെരുന്നാൾ (ഒരു ദിവസം)

സമൃദ്ധിയിലുള്ള സന്തോഷം (ലേവ്യ.23:15-21)

(5) കാഹളധ്വനി പെരുന്നാൾ (ഒരു ദിവസം)

ദൈവത്തോടുള്ള നന്ദി, സന്തോഷം (ലേവ്യ. 23:23-25)

(6) മഹാപാപപരിഹാര പെരുന്നാൾ (ഒരു ദിവസം)

ദൈവവുമായുള്ള കൂട്ടായ്മ പുനസ്ഥാപിക്കുന്നു (ലേവ്യ.23:26-32).

(7) കൂടാരപ്പെരുന്നാൾ (ഏഴു ദിവസം)

ദൈവിക നടത്തിപ്പിൽ ആശ്രയം (ലേവ്യ. 23:33-43).

-----------------------------------

# (4) സംഖ്യാപുസ്തകം - NUMBERS

സംഖ്യകളുടെ പുസ്തകമാണ് സംഖ്യാപുസ്തകം. മോശെയുടെ പഞ്ച ഗ്രന്ഥങ്ങളിലെ നാലാം പുസ്തകം. അരിത്മോയ് (Arithmoi) എന്ന ഗ്രീക്കു പദത്തിൽ നിന്നുമാണ് ഈ പുസ്തകത്തിനു പേരു ലഭിച്ചത്. മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ ഗ്രീക്കു ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയവരാണ് ഈ പേരു നൽകിയത്. ഗ്രീക്കിൽ അരിത്മോയ് (Arithmoi) എന്ന പദത്തിനർത്ഥം സംഖ്യ (Number) എന്നാണ്. യിസ്രായേൽ ജനത്തിന്റെ സംഖ്യ അവരുടെ മരുഭൂപ്രയാണത്തിന്റെ ആരംഭത്തിലും അവസാനത്തിലും എണ്ണി തിട്ടപ്പെടുത്തിയതായി ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ (സംഖ്യാ.4:49 /സംഖ്യാ.26:1-4). "സംഖ്യാപുസ്തകം" എന്ന പേരു ലഭിക്കുവാൻ ഇടയായി.

യിസ്രായേലിന്റെ ചരിത്രത്തെ രേഖപ്പെടുത്തുന്ന മോശെയുടെ നാലാം പുസ്തകമാണിത്. എബ്രായഭാഷയിൽ ഈ പുസ്തകത്തിന്റെ പേര് മരുഭൂമിയിൽ എന്നർത്ഥമുള്ള ബെമിദ് ബാർ (Bemidbar) എന്നാണ്. യിസ്രായേൽ ജനത 40 വർഷക്കാലം മരുഭൂമിയിൽ കഴിഞ്ഞ വിവരങ്ങളാണ് ഈ പുസ്തകത്തിൽ. ആയതിനാൽ *"മരുഭൂമിയിൽ"* എന്ന പേരാണ് ഈ പുസ്തകത്തിനു അനുയോജ്യമായിരിക്കുന്നത്.

**സംഖ്യാപുസ്തകം വിവിധ പേരുകളാൽ അറിയപ്പെടുന്നു** —

(1) മോശെയുടെ നാലാം പുസ്തകം — Fourth Book of Moses

(2) യാത്രകളുടെ പുസ്തകം — Book of Journeys

(3) അലഞ്ഞുതിരിയലിന്റെ പുസ്തകം — Book of Wanderings

(4) മരുഭൂമിയിലെ ജീവിതത്തിന്റെ പുസ്തകം — Book of Wilderness Life

(5) പിറുപിറക്കലുകളുടെ പുസ്തകം — Book of Murmurings.

സീനായിൽ എത്തിയശേഷം യിസ്രായേൽജനം 38 -ൽ അധികം വർഷക്കാലം മരുഭൂമിയിൽ ഉഴന്നു നടന്നതും, അതിനുള്ള കാരണങ്ങളും ഈ പുസ്തകത്തിൽ കാണുന്നു. 40 ദിവസം കൊണ്ടു ഒററുനോക്കി തിരികെ വന്ന സ്ഥലത്തു എത്താൻ 40 വർഷങ്ങൾ വേണ്ടി വന്നു (സംഖ്യ.14:34). ദൈവത്തോടു മത്സരിക്കുകയും പിറുപിറുക്കുകയും ചെയ്ത ജനത്തെ കനാനിൽ കടക്കുവാൻ ദൈവം അനുവദിച്ചില്ല.

ആദ്യത്തെ 10 അദ്ധ്യായങ്ങളിൽ കനാൻ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ കാണുന്നു. യഹോവെക്കു അനിഷ്ടം തോന്നുമാറു ജനം പിറുപിറുത്തതായി സംഖ്യാ.11 -ൽ കാണുന്നു. തത്ഫലമായി യഹോവയുടെ തീ അവരുടെ ഇടയിൽ ഇറങ്ങി പാളയത്തിന്റെ അററങ്ങളിലുള്ളവരെ ദഹിപ്പിച്ചു കളഞ്ഞു. മഹാമരുഭൂമിയിൽ ദൈവം അവർക്കു മന്നയും, കാടപ്പക്ഷികളെയും കൊടുത്തു പോററിയെങ്കിലും അവർ ദൈവത്തോടു പിറുപിറുത്തു. അഹരോനും, മിര്യാമും മോശെയോടു മത്സരിക്കുന്നതായി സംഖ്യാ.12-ൽ കാണുന്നു. സംഖ്യാ.13,14 അദ്ധ്യായങ്ങളിൽ കനാൻ ദേശം ഒററു നോക്കുവാൻ പോയവർ തിരികെ വന്നു അവർ കണ്ട കാര്യങ്ങൾ വിവരിക്കുന്നു. കോരഹിന്റെയും, കൂട്ടരുടെയും മത്സരവും അവർക്കു ലഭിച്ച ശിക്ഷയും സംഖ്യാ.16-ൽ രേഖപ്പടുത്തിയിരിക്കുന്നു.

എല്ലാ പാപങ്ങളുടെയും ഉറവിടം അവിശ്വാസമാണെന്നു എബ്രായലേഖനത്തിൽ കാണുന്നു (എബ്രാ.3:12-19). ദൈവ ജനത്തിന്റെ മദ്ധ്യത്തിൽ കടന്നുകൂടിയ അവിശ്വാസം ദുരന്തങ്ങളിലേക്കു എത്തിച്ചു. അവർ മരുഭൂമിയിൽ വെച്ചു മരിച്ചു. പുരോഹിതനായ അഹരോൻ, സഹോദരി മിര്യാം എന്നിവർ വാഗ്ദത്ത ദേശം കാണാതെ മരിച്ചു. ജനത്തിന്റെ പിറുപിറുപ്പു നിമിത്തം മോശെ കോപിച്ചു യഹോവയോടു പാപം ചെയ്യുവാനിടയായി. സീൻ മരുഭൂമിയിൽ ജലം കിട്ടാതെ ജനം പിറുപിറുത്തപ്പോൾ വെള്ളം കൊടുക്കുവാൻ പാറയോടു കല്പിക്കുവാൻ ദൈവം ആവശ്യപ്പെട്ടു. കൽപ്പിക്കുന്നതിനു പകരം മോശെ രണ്ടു പ്രാവശ്യം പാറയെ അടിച്ചു (സംഖ്യാ.20:7-13). അതു കാരണമായി വാഗ്ദത്തദേശം ദൂരെ നിന്നു കാണുകയല്ലാതെ അതിൽ പ്രവേശിക്കുവാൻ അനുവദിച്ചില്ല (ആവ.3:23-27). നെബോ പർവ്വതത്തിൽ പിസ്ഗാ മുകളിൽ കയറി വാഗ്ദത്തനാട് ദൂരെ കണ്ടു തുടർന്നു മോശെ മരിച്ചു. മോശെയുടെ ശരീരം ദൈവം അടക്കിയതായി കരുതപ്പെടുന്നു (ആവ.34:1 -7).

സംഖ്യ.26 മുതൽ 33 വരെയുള്ള അദ്ധ്യായങ്ങളിൽ, മോവാബ് സമഭൂമിയിലെത്തിയ പുതിയ തലമുറയെ കനാൻ ദേശം കൈവശമാക്കുവാൻ ദൈവം ഒരുക്കുന്നു. ദൈവത്തിന്റെ ദീർഘക്ഷമയും, വിശ്വസ്തതയും ഇവിടെ കാണാം. ദൈവത്തിന്റെ ദയയും, ഖണ്ഡിതവും കാൺക ( The goodness and severity of God) എന്ന് റോമർ.11:22-ൽ വായിക്കുന്നു. ഇതു തന്നെയാണ് സംഖ്യാപുസ്തകത്തിൽ നിന്നും നമുക്കു ലഭിക്കുന്ന പാഠം. മറുതലിച്ച ജനത്തിനു ലഭിച്ച ശിക്ഷയിലൂടെ ദൈവത്തിന്റെ ഖണ്ഡിതം (കഠിനശിക്ഷ) കാണാം. അതായത് അവർ വാഗ്ദത്തദേശത്തു പ്രവേശിച്ചില്ല. ദൈവത്തിന്റെ ദയയോ പുതിയ തലമുറെക്കു ലഭിച്ചു.

പൗലൊസ് ഇതിലെ ദൃഷ്ടാന്തം ദൈവമക്കൾക്കു മുന്നറിയിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു *" അവരിൽ ചിലർ പരീക്ഷിച്ചു സർപ്പങ്ങളാൽ നശിച്ചുപോയതുപോലെ നാം കർത്താവിനെ പരീക്ഷിക്കരുതു. അവരിൽ ചിലർ പിറുപിറുത്തു സംഹാരിയാൽ നശിച്ചു പോയതുപോലെ നിങ്ങൾ പിറുപിറുക്കരുതു. ഇതു ദൃഷ്ടാന്തമായിട്ടു അവർക്കു സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധ്യുപദേശത്തിന്നായി എഴുതിയിരിക്കുന്നു."* (1.കൊരി.10:9-12).

ദൈവം തന്റെ ജനമായ യിസ്രായേലിനെ മരുഭൂമിയിലൂടെ വാഗ്ദത്തദേശമായ കനാനിലേക്കു നടത്തിയ വിവരണങ്ങളാണ് സംഖ്യാപുസ്തകത്തിലുള്ളത്. ഇതിലെ പ്രധാന വിഷയമെന്നത് വിശുദ്ധനായ ദൈവത്തോടുള്ള ദൈവജനത്തിന്റെ അവിശ്വാസവും അനുസരണക്കേടും മൂലം അവർക്കുണ്ടാകുന്ന കഷ്ടങ്ങളും ശിക്ഷകളും നാശവും ഉൾക്കൊള്ളുന്ന അനന്തരഫലങ്ങളാണ്. ദൈവത്തിനു തന്റെ ജനത്തോടുള്ള ക്ഷമ, വിശ്വസ്തത, കരുണ, സർവ്വാധികാരം ഒക്കെ സംഖ്യാപുസ്തകത്തിൽ വെളിപ്പെടുന്നു. ഇതിലൂടെ നമുക്കു ലഭിക്കുന്ന പാഠം — ദൈവാനുഗ്രഹങ്ങൾ ലഭിക്കുവാൻ ദൈവത്തോടു നാം അനുസരണമുള്ളവരായിരിക്കണം. ദൈവം തന്റെ നീതി നടപ്പാക്കുവാൻ പരീക്ഷകളും പരിശോധനകളും അയെക്കും. അതിൽ ദൈവജനം സമ്പൂർണ്ണസമർപ്പണമുള്ളവരായി ദൈവത്തോടു അനുസരണമുള്ളവരാകണം.

ഒരു തലമുറയുടെ ദൈവത്തോടുള്ള അനുസരണക്കേടും മത്സരവും ദൈവിക വാഗ്ദത്തങ്ങൾക്കു തടസ്സമാകാതെ അനുസരണമുള്ള മറ്റൊരു തലമുറയിലൂടെ ദൈവം തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റപ്പെടുമെന്നു സംഖ്യാപുസ്തകം വെളിപ്പെടുത്തുന്നു. മിസ്രയീമിൽ നിന്നു പുറപ്പെട്ട ഒരു തലമുറയിലെ ഏകദേശം ആറുലക്ഷം പുരുഷന്മാരിൽ (പുറ.12:37) യോശുവയും കാലേബും മാത്രമാണ് വാഗ്ദത്ത നാടിൽ പുതിയ തലമുറയോടൊപ്പം കനാനിൽ പ്രവേശിച്ചത്. *"കെനിസ്യനായ യെഫുന്നെയുടെ മകൻ കാലേബും നൂന്റെ മകൻ യോശുവയും യഹോവയോടു പൂർണ്ണമായി പറ്റിനിന്നതുകൊണ്ടു അവരല്ലാതെ മിസ്രയീമിൽ നിന്നു പോന്നവരിൽ ഇരുപതു വയസ്സു മുതൽ മേലോട്ടുള്ള ഒരുത്തനും ഞാൻ അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും സത്യം ചെയ്ത ദേശത്തെ കാണുകയില്ല; അവർ എന്നോടു പൂർണ്ണമായി പറ്റി നില്ക്കായ്കകൊണ്ടു തന്നേ."* (സംഖ്യാ.32:11,12).

| | | | |
|---|---|---|---|
| **എഴുത്തുകാരൻ** | : മോശെ (സംഖ്യ.33:2) | **എഴുതിയ കാലം** : | 1450 — 1410 ബി.സി. |
| **എഴുതിയ സ്ഥലം** | : മോവാബ് സമഭൂമി. | **താക്കോൽ വാക്ക്** : | പ്രയാണം |
| **പ്രധാനവാക്യങ്ങൾ** : | : സംഖ്യാ.14:22,23 / സംഖ്യാ.20:12 | **അദ്ധ്യായങ്ങൾ** : 36 | **പ്രധാന അദ്ധ്യായം** സംഖ്യാ.14 (പിറുപിറുപ്പു) |
| **പ്രധാന വ്യക്തികൾ** | : മോശെ, അഹരോൻ, മിര്യാം, യോശുവ, കാലേബ്, കോരഹ്, ബിലെയാം | | |
| **പ്രധാനവിഷയം** | : ജനസംഖ്യ, മരുഭൂമിയാത്ര, അവിശ്വാസം | | |

## **പുസ്തക വിഭജനം**: (36 അദ്ധ്യായങ്ങൾ)

(1) സംഖ്യാ. 1 — 13 — വാഗ്ദത്തദേശം പ്രാപിക്കാനുള്ള പഴയ തലമുറയുടെ ഒരുക്കം

(2) സംഖ്യാ.14 — 25 — അവിശ്വാസത്താലുള്ള അലഞ്ഞുതിരിയൽ

(3) സംഖ്യാ.26 — 36 — വാഗ്ദത്തദേശം പ്രാപിക്കാനുള്ള പുതിയ തലമുറയുടെ ഒരുക്കം

**പ്രത്യേകവിഷയങ്ങൾ**: നാസീർവ്രതം (സംഖ്യാ.6), മിര്യാമിന്റെ കുഷ്ഠം (സംഖ്യാ.12), അഹരോന്റെ തളിർത്തവടി (സംഖ്യാ.17)

**പ്രധാനസംഭവങ്ങൾ :**

കനാൻ ദേശം ഒറ്റുനോക്കൽ (സംഖ്യാ.13)

കോരഹിന്റെ മത്സരം (സംഖ്യാ.16)

മോശെയുടെ പാപം (സംഖ്യാ.20)

മിര്യാമിന്റെയും അഹരോന്റെയും മരണം (സംഖ്യാ.20:1,28)

അഗ്നിസർപ്പം (സംഖ്യാ.21)

ബിലെയാമിന്റെ വഞ്ചന (സംഖ്യാ.22,24)

യോശുവയുടെ തിരഞ്ഞെടുപ്പ് (സംഖ്യാ.27)

## കോരഹിന്റെ മത്സരം —

ലേവിയുടെ മകനായ കെഹാത്തിന്റെ മകനായ യിസ്ഹാരിന്റെ മകനായിരുന്നു കോരഹ് (സംഖ്യാ.16:1). ലേവ്യനും കെഹാത്യനുമായ കോരഹിനെ തിരുനിവാസത്തിലെ വേല ചെയ്യുവാനും സഭയുടെ ശുശ്രൂഷെക്കുമായി അവരുടെ മുമ്പാകെ നില്പാനും യിസ്രായേലിന്റെ ദൈവം ജനമദ്ധ്യേ നിന്നു വേർതിരിച്ചു തിരഞ്ഞെടുത്തതായിരുന്നു (സംഖ്യാ.16:9). തിരുനിവാസത്തിന്റെ ചുറ്റും പാർപ്പാനും സമാഗമനകൂടാരത്തോടുള്ള ബന്ധത്തിൽ വിവിധ ശുശ്രൂഷകൾ ചെയ്യുവാനും ലേവിപുത്രന്മാർക്കു ഭാഗ്യം ലഭിച്ചിരുന്നു (സംഖ്യാ.1:50,51/1.ദിന.15:2). എന്നാൽ കോരഹും കൂട്ടരും ഇതിൽ തൃപ്തിപ്പെടാതെ മോശെയുടെയും അഹരോന്റെയും സ്ഥാനത്തെ മോഹിച്ചു. സമാഗമനകൂടാരത്തിനകത്തുള്ള ശുശ്രൂഷ ചെയ്യുവാൻ കോരഹ് പുരോഹിതനായി തിരഞ്ഞെടുക്കപ്പെട്ടവനല്ല. എങ്കിലും ജനത്തിന്റെ നേതാവും മഹാപുരോഹിതനുമായിരിപ്പാൻ കോരഹ് മോഹിച്ചു. പൗരോഹിത്യപദവി അഹരോന്യ കുടുംബക്കാർക്കു മാത്രമായി ദൈവം വേർതിരിച്ചിരുന്നു.

കോരഹ്, ദാഥാൻ, അബീരാം, ഓൻ എന്നിവർ സഭാപ്രധാനികളും പ്രമാണികളുമായ ഇരുനൂറ്റമ്പതു പേരെയും കൂട്ടി മോശെയുടെയും അഹരോന്റെയും നേതൃത്വത്തിനെതിരായി കൂട്ടംകൂടി മത്സരിച്ചു. ദൈവം ഏല്പിച്ചിരിക്കുന്ന ശുശ്രൂഷയിൽ സംതൃപ്തരാകാതെ ഉന്നത അധികാരത്തിനു വേണ്ടിയുള്ള മത്സരം. തിരുവചനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു — *"അവൻ മോശെക്കും അഹരോന്നും വിരോധമായി കൂട്ടംകൂടി അവരോടു: മതി, മതി; സഭ ഒട്ടൊഴിയാതെ എല്ലാവരും വിശുദ്ധരാകുന്നു; യഹോവ അവരുടെ മദ്ധ്യേ ഉണ്ടു; പിന്നെ നിങ്ങൾ യഹോവയുടെ സഭെക്കു മീതെ നിങ്ങളെത്തന്നേ ഉയർത്തുന്നതു എന്തു? എന്നു പറഞ്ഞു"* (സംഖ്യാ.16:3).

അവരുടെ ലക്ഷ്യം പൗരോഹിത്യം എന്നു മനസ്സിലാക്കിയ മോശെ ദൈവസന്നിധിയിൽ കവിണ്ണുവീണു ദൈവത്തോടു അറിയിച്ചു. കോരഹിനോടും കൂടെയുള്ള 250 പേരോടും ധൂപകലശവുമായി ദൈവസന്നിധിയിൽ വരുവാൻ മോശെ ആജ്ഞാപിച്ചു (സംഖ്യാ.16:16,17). പൗരോഹിത്യശുശ്രൂഷയ്ക്ക് അവർക്കു ദൈവത്തിന്റെ അനുവാദമുണ്ടോ എന്നു അവരെ കാണിക്കുവാനായിരുന്നു. അധികാരത്തിനും പൗരോഹിത്യപദവിക്കുമായി മത്സരിച്ച കോരഹ്, ദാഥാൻ, അബീരാം എന്നിവരെയും അവരുടെ ഭാര്യമാരെയും മക്കളെയും ഭൂമി വായ് പിളർന്നു വിഴുങ്ങിക്കളഞ്ഞു എന്നു പറഞ്ഞിരിക്കുന്നു (സംഖ്യാ.16:32). കൂടാതെ അന്യധൂപം കാട്ടിയ 250 പേരെയും ദൈവാഗ്നിയാൽ ദഹിപ്പിച്ചു (സംഖ്യാ.16:35). കോരഹിന്റെയും കൂട്ടരുടെയും അതിദാരുണമായ മരണം കണ്ട യിസ്രായേൽ മക്കളുടെ സഭയെല്ലാം മോശെക്കും അഹരോനും വിരോധമായി പിറുപിറുത്തു. നിങ്ങൾ യഹോവയുടെ ജനത്തെ കൊന്നു കളഞ്ഞു എന്നു പറഞ്ഞു മോശെക്കും അഹരോനും എതിരായി സഭ കൂടിയപ്പോൾ ദൈവകോപം അവർക്കു നേരെയും ജ്വലിച്ചു. തൽഫലമായി 14,700 യിസ്രായേല്യർ ബാധയാൽ കൊല്ലപ്പെട്ടു. ഇവിടെയും മോശെ അവർക്കു വേണ്ടി ദൈവസന്നിധിയിൽ മദ്ധ്യസ്ഥത നിന്നതിനാലാണ് മരണസംഖ്യ ഇതിലും കൂടാതിരുന്നത് (സംഖ്യാ.16:41–50).

മോശെയും അഹരോനും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും വിവിധ ശുശ്രൂഷകൾക്കായി നിയമിതരുമായിരുന്നു. എന്നാൽ കോരഹും കൂട്ടരും അവർക്കെതിരായി സംഘടിച്ചു. നിങ്ങൾ മാത്രമാണോ ദൈവത്തോടു സംസാരിക്കുന്നത്, ഞങ്ങൾക്കും കഴിവുകളുണ്ട്, ഞങ്ങൾക്കും ഇതൊക്കെ ചെയ്യുവാൻ സാധിക്കും എന്നായിരുന്നു അവരുടെ നിലപാട്. എന്നാൽ മോശെ അവരോടു തർക്കിക്കാതെ അവരെ ഉപദേശിക്കുവാൻ നോക്കി. അതിൽ അവർ തൃപ്തരല്ലായിരുന്നു. നേതൃത്വത്തോടുള്ള മത്സരത്തിലും പിറുപിറുപ്പിലും അവർ മുന്നോട്ടു പോയത് അവരുടെ തന്നെ നാശത്തിനു കാരണമായിത്തീർന്നു. അവരുടെ മരണശേഷവും ദൈവജനത്തിനിടയിലുണ്ടായ പിറുപിറുപ്പ് കാണിക്കുന്നത് കോര

ഹിനും കൂട്ടർക്കും ദൈവജനത്തിനിടയിലുള്ള സ്വാധീനവും അവരുടെ സമാനമായ ചിന്താഗതിയുമാണ്. ദൈവത്തെയും, ദൈവത്താൽ സ്ഥാപിതമായ അധികാരങ്ങളെയും, ശുശ്രൂഷകരെയും എതിർക്കുകയും മത്സരിക്കുകയും ചെയ്യുന്നത് ദൈവം ഏറ്റവും ക്രോധത്തോടെ കണ്ടിരുന്നു എന്നുള്ളത് കോരഹിന്റെയും കൂട്ടരുടെയും അതിദാരുണമായ മരണത്തിലൂടെ വെളിപ്പെടുന്നു. ദൈവം തിരഞ്ഞെടുത്തു അധികാരപ്പെടുത്തിയവർക്ക് എതിരായി മത്സരിക്കുന്നത് ഏതു കാലത്തായാലും ശിക്ഷിക്കപ്പെടുമെന്നു യൂദാ ദുരുപദേഷ്ടാക്കളോടുള്ള ബന്ധത്തിൽ വ്യക്തമാക്കുന്നു (യൂദാ.11).

കോരഹിനെയും കൂട്ടരെയുംപോലെ അനേകർ സഭയിലേക്കു അധികാരമോഹികളായി നുഴഞ്ഞു വരുമെന്നതാണ് യൂദാ അറിയിക്കുന്നത്. ഇവരുടെ നാശവും ദൈവത്താൽ തന്നെ സംഭവിക്കും. ഇക്കാലങ്ങളിൽ അനേക വിശ്വാസത്യാഗികളായ ദുരുപദേഷ്ടാക്കൾ കോരഹിന്റെയും കൂട്ടരുടെയും മാർഗ്ഗം പിന്തുടരുന്നു. സഭയിൽ ദൈവം ഏർപ്പെടുത്തിയിരിക്കുന്ന ശുശ്രൂഷകരെ എതിർക്കുകയും അവരുടെ ഉപദേശങ്ങളെ നിസാരമാക്കി ദൈവജനത്തെ അവരുടെ വലയിൽ കുടുക്കുന്നു. ഭവനത്തിലോ, സഭയിലോ, ദേശത്തോ, പഠിക്കുന്ന സ്ഥാപനത്തിലോ, ഔദ്യോഗികമേഖലയിലോ എവിടെയായിരുന്നാലും ദൈവത്താൽ സ്ഥാപിതമായ അധികാരികളും നിയമങ്ങളുമുണ്ട്. അധികാരങ്ങളെയും അധികാരികളെയും മാനിക്കുക എന്നത് വിശ്വാസിയുടെ ഉത്തരവാദിത്തമാണ്. കർത്താവു ഭൂമിയിൽ ആയിരുന്നപ്പോൾ പിതാവായ ദൈവത്തിനു സമർപ്പിക്കപ്പെട്ടവനായി ദൈവഹിതം സമ്പൂർണ്ണമായി നിറവേറ്റി. എന്നു മാത്രമല്ല ഭരണാധികാരികളെയും കർത്താവു മാനിച്ചു. കൈസറുടെ അധികാരവും ദൈവം കൊടുത്തതാകയാൽ അതിനെയും കർത്താവു മാനിച്ചു.

വിശ്വാസികളായ നാമും ദൈവത്തിന്റെ ദാസന്മാരോടോ, ശുശ്രൂഷക്കാരോടോ, അധികാരികളോടോ, അധികാരങ്ങൾ അഥവാ നിയമങ്ങളോടോ മത്സരിക്കുവാൻ പാടില്ല. അധികാരമോഹികളാകുവാനും പാടില്ല. *“എന്നാൽ അഹരോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല”* (എബ്രാ.5:4) എന്ന ദൈവവചനം എപ്പോഴും നാം ഓർമ്മിക്കണം. സഭയുടെ സുഗമമായ നടത്തിപ്പിനും ദൈവജനത്തിന്റെ പരിപാലനത്തിനുമായി ദൈവം ചിലരെ സഭെക്കു ദാനമായി നല്കിയിട്ടുണ്ട് (എഫെ.4:11-13). അവരുടെ ശുശ്രൂഷകളെ മാനിക്കുകയും അനുസരിക്കുകയും മാത്രമല്ല അവർ ഞരങ്ങിക്കൊണ്ടു കർത്താവിന്റെ വേല ചെയ്യുവാൻ ഇടയാക്കയുമരുത്. *“നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ; അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു; ഇതു അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ; അല്ലാഞ്ഞാൽ നിങ്ങൾക്ക നന്നല്ല”* (എബ്രാ.13:17). ദൈവത്താൽ നല്കപ്പെട്ട അധികാരങ്ങളിലും ചുമതലകളിലും ശുഷ്കാന്തി കാണിച്ചു അതിൽ തൃപ്തിപ്പെട്ട് ദൈവത്തെ പ്രസാദിപ്പിക്കുകയാണ് വേണ്ടത്. അർഹതയില്ലാത്ത അധികാരത്തിലേക്കു കൈ നീട്ടിയ ശൗൽരാജാവിനും (1.ശമൂ.13:8-14), ഉസ്സിയാരാജാവിനും (2.ദിന.26:16-21) സംഭവിച്ചത് ഏറെ ഭയത്തോടെ ഓർക്കണം.

## സംഖ്യാപുസ്തകത്തിൽ ദൈവത്തോടുള്ള അനുസരണക്കേട് —

സീനായ് പർവ്വതത്തിൽ നിന്നു പുറപ്പെട്ട യിസ്രായേൽ ജനം വാഗ്ദത്ത ദേശമായ കനാൻ കൈവശമാക്കുവാൻ 38-ൽ അധികം വർഷം മരുഭൂമിയിൽ അലഞ്ഞുതിരിയേണ്ടി വന്നു. അത് ദൈവത്തോടുള്ള അവരുടെ അനുസരണമില്ലായ്മയും, മത്സരവും, പിറുപിറുപ്പും, ശാഠ്യവും നിമിത്തമായിരുന്നു. ദൈവത്തെ അവർ പരീക്ഷിക്കയും, കോപിപ്പിക്കുകയും, വാക്കു കേൾക്കാതിരിക്കയും ചെയ്തു. *“ എന്റെ തേജസ്സും മിസ്രയീമിലും മരുഭൂമിയിലും വെച്ചു ഞാൻ ചെയ്ത അടയാളങ്ങളും കണ്ടിട്ടുള്ള പുരുഷന്മാർ എല്ലാവരും ഇപ്പോൾ പത്തു പ്രാവശ്യം എന്നെ പരീക്ഷിക്കയും എന്റെ വാക്കു കൂട്ടാക്കാതിരിക്കയും ചെയ്തതുകൊണ്ടു അവരുടെ പിതാക്കന്മാരോടു ഞാൻ സത്യം ചെയ്തിട്ടുള്ള ദേശം അവർ കാണ്കയില്ല; എന്നെ നിരസിച്ചവർ ആരും അതു കാണ്കയില്ല.”* (സംഖ്യാ.14:22,23). യിസ്രായേൽ ജനം മാത്രമല്ല അവരെ നയിച്ച നേതാക്കൾപോലും ദൈവത്തോടു അനുസരണക്കേടു കാണിച്ചു. അവരുടെ അനുസരണമില്ലായ്മ, മത്സരം, പിറുപിറുപ്പു, ശാഠ്യം എന്നിവ സംഖ്യാപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു —

(1) ജനത്തിന്റെ മത്സരം (സംഖ്യാ.11:1-35)

(2) അഹരോന്റെയും മിര്യാമിന്റെയും മത്സരം (സംഖ്യാ.12:1-16)

(3) കോരഹ്, ദാഥാൻ, അബീരാം എന്നിവരുടെ മത്സരം (സംഖ്യാ.16:1-17:13)

(4) മോശെയുടെ അനുരണമില്ലായ്മ (സംഖ്യാ.20:7-13)

## ക്രിസ്തു സംഖ്യാപുസ്തകത്തിൽ —
## അടിക്കപ്പെട്ട പാറ

(A) അഹരോന്റെ വടി തളിർത്തു, പൂത്തു, ബദാംഫലം കായിച്ചിരുന്നതു(സംഖ്യാ.17:8) യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു മുൻകുറിയാകുന്നു. തളിർത്തു പൂത്തു ബദാംഫലം കായ്ച്ച വടി പൗരോഹിത്യത്തിനു അടയാളമായി നൽകിയതുപോലെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേററ യേശുക്രിസ്തു മൽക്കീസെദേക്കിന്റെ ക്രമപ്രകാരമുള്ള മഹാപുരോഹിതനാണ് (എബ്രാ.6:20).

(B) യേശുക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്ന നിഴലുകൾ സംഖ്യാപുസ്തകത്തിൽ കാണുന്നു.

(1) മരുഭൂമിയിൽ ഉയർത്തപ്പെട്ട താമ്രസർപ്പം(സംഖ്യാ.21:4-9/ യോഹ.3:14)

(2) ജനത്തിന്റെ ദാഹം ശമിപ്പിച്ച പാറ (സംഖ്യാ.20:1-13/ 1.കൊരി.10:4)

(3) സ്വർഗ്ഗത്തിൽ നിന്നു നൽകപ്പെട്ട മന്നാ (സംഖ്യാ.11:4-9/ യോഹ.6:48-51)

(4) ബിലെയാമിന്റെ പ്രവചനത്തിലെ പരാമർശം (സംഖ്യാ.24:17/ വെളി.22:16)

(5) അഗ്നിസ്തംഭവും, മേഘസ്തംഭവും (സംഖ്യാ.9:15-23/ യോഹ.8:12, 9:5/സങ്കീ.91:1/ ഉ.ഗീ.2:3)

(6) ചുവന്ന പശുക്കിടാവ് (സംഖ്യാ.19:1—6/ എബ്രാ.7:26)

(7) "കിണറേ പൊങ്ങിവാ; അതിന്നു പാടുവിൻ. പ്രഭുക്കന്മാർ കുഴിച്ച കിണർ, ജനശ്രേഷ്ഠന്മാർ ചെങ്കോൽ കൊണ്ടും തങ്ങളുടെ ദണ്ഡുകൾ കൊണ്ടും കുത്തിയ കിണർ" (സംഖ്യാ.21:17,18/യോഹ.4:14/ യോഹ.19:34).

(8) സങ്കേതനഗരം (സംഖ്യാ.35:10-15). സങ്കേതനഗരം പോലെ പാപിയ്ക്കു രക്ഷാനഗരമായി യേശുക്രിസ്തു.

(9) യാക്കോബിൽ നിന്നു ഒരു നക്ഷത്രം, യിസ്രായേലിൽ നിന്നു ഒരു ചെങ്കോൽ (സംഖ്യാ.24:17/മത്താ. 2:10,11/എബ്രാ.1:8/വെളി.22:16).

------------------------------------

# (5) ആവർത്തനപുസ്തകം — DEUTERONOMY

മോശെയുടെ പഞ്ചഗ്രന്ഥത്തിലുൾപ്പെട്ട ആവർത്തനപുസ്തകവും മറ്റു നാലു പുസ്തകങ്ങളോടൊപ്പം ഒറ്റ പുസ്തകമായിരുന്നു. ഗ്രീക്കിലേക്കു വിവർത്തനം ചെയ്തവരാണ് വിഷയക്രമമനുസരിച്ചു ഇതിനെയും ആവർത്തനപുസ്തകം എന്ന പേരിൽ പ്രത്യേകമായി ക്രമീകരിച്ചത്. ഡൂറ്റൊറോണമി (Deuteronomy) എന്ന ഇംഗ്ലീഷ് പദം രണ്ടാം നിയമം (Second Law) എന്നർത്ഥം വരുന്ന ഡ്യൂറ്ററോസ് നോമോസ് (Deuteros nomos) എന്ന ഗ്രീക്കു പദത്തിൽ നിന്നു വന്നിട്ടുള്ളതാണ് (Deuteronomy comes from the Greek words deutero (= second) + nomos (law) = Second Law ).

മോശെയുടെ ഈ അഞ്ചാം പുസ്തകത്തെ രണ്ടാം ന്യായപ്രമാണം ( The Second Law ) എന്നും, നിയമത്തിന്റെ ആവർത്തനം (Repetition of Law) എന്നും അറിയപ്പെടുന്നു. മുൻ പുസ്തകങ്ങളിലുള്ള (പുറപ്പാട്, ലേവ്യ, സംഖ്യാ) ന്യായപ്രമാണങ്ങളിൽ ചിലതും, പത്തു കല്പനകൾ മുഴുവനായും ഈ പുസ്തകത്തിൽ ആവർത്തിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ പേരുണ്ടായി. കേവലം ആവർത്തനമല്ല; എന്നാൽ ഉപദേശങ്ങളും പ്രബോധനങ്ങളും ഉൾക്കൊള്ളുന്നു. യിസ്രായേലിന്റെ 40 വർഷത്തെ മരുഭൂമി യാത്രയുടെ അന്ത്യത്തെ ആവർത്തനപുസ്തകം വിശദീകരിക്കുന്നു.

*"ആവർത്തനപുസ്തകം ഒരു ഓർമ്മയുടെയും തിരിഞ്ഞുനോട്ടത്തിന്റെയും പുസ്തകമാണ്.'* 120 വയസ്സുള്ള മോശെ 40 വർഷത്തെ മരുഭൂമിയാത്ര പിന്നിട്ടശേഷം വാഗ്ദത്തദേശം കൈവശമാക്കുവാൻ പോകുന്ന രണ്ടാം തലമുറയിലെ യിസ്രായേൽ ജനതയ്ക്കു നൽകുന്ന വിടവാങ്ങൽ സന്ദേശമാണിത്. ഒരു പുതിയതലമുറ വാഗ്ദത്ത ദേശത്തിലേക്കു പ്രവേശിക്കുവാൻ തയ്യാറായി നിൽക്കുന്നു. ദൈവഹിതപ്രകാരം ജീവിക്കുകയും അനുസരിക്കുകയും ചെയ്താൽ മാത്രമേ ദൈവീകവാഗ്ദത്തങ്ങൾ അനുഭവിക്കുവാൻ സാധിക്കൂ എന്നുള്ള കാര്യം ഈ തലമുറയോടു പറഞ്ഞുപദേശിക്കുന്നു. ഈ പുതിയ തലമുറയ്ക്കു നൽകുന്ന ഉപദേശങ്ങളും, നിയമങ്ങളും കഴിഞ്ഞകാല ചരിത്രങ്ങളും, സംഭവങ്ങളും ആവർത്തനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.പഴയകാല ചരിത്രങ്ങൾ അവരെ ഓർമ്മിപ്പിക്കുന്നതോടൊപ്പം ദൈവനിയമങ്ങളും ആവർത്തിച്ചു പറയുന്നു. അവർ ദൈവത്തിന്റെ വിശുദ്ധജനമാകയാൽ ദൈവത്തിന്റെ പ്രമാണങ്ങളും, ദൈവം നടത്തിയ വഴികൾ ഓർക്കുകയും അവയൊക്കെ അനുസരിക്കുകയും തങ്ങളുടെ മക്കളോടും മക്കളുടെ മക്കളോടും ഉപദേശിക്കുകയും വേണം (ആവ.4:1-9).

ആവർത്തനപുസ്തകത്തിലെ പ്രധാന സന്ദേശം — *" ഇതാ, ഞാൻ ഇന്നു അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെക്കുന്നു. ഇന്നു ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ നിങ്ങൾ അനുസരിക്കുന്നു എങ്കിൽ അനുഗ്രഹവും നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ അനുസരിക്കാതെ ഇന്നു ഞാൻ നിങ്ങളോടു കല്പിക്കുന്ന വഴിയെ വിട്ടുമാറി നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളുടെ പിന്നാലെ ചെല്ലുന്നു എങ്കിൽ ശാപവും വരും."* (ആവ.11:26 - 28 ). ദൈവജനം ദൈവിക നിയമങ്ങൾക്കും കല്പനകൾക്കും വിധേയരായി സമർപ്പിക്കപ്പെട്ടു അനുസരണയുള്ളവരായി ജീവിക്കണമെന്ന പാഠം ആവർത്തനപുസ്തകത്തിലൂടെ ലഭിക്കുന്നു (ആവ.30:2-10).

| | |
|---|---|
| **എഴുത്തുകാരൻ** | : മോശെ |
| **എഴുതിയ കാലം** | : ബി.സി. 1450 - 1410 |
| **എഴുതിയ സ്ഥലം** | : മോവാബ് സമഭൂമി |
| **അദ്ധ്യായങ്ങൾ** | : 34 |
| **പ്രധാന അദ്ധ്യായം** | : ആവ.17 |
| **പ്രധാന വാക്യങ്ങൾ** | : ആവ.7:9 / ആവ.10:12,13 /ആവ.30:2,19 |
| **താക്കോൽ വാക്ക്** | : നിയമം (ഉടമ്പടി) |
| **പ്രധാന വ്യക്തികൾ** | : മോശെ, യോശുവ |
| **വിഷയം** | : ഓർമ്മ, തിരിഞ്ഞുനോട്ടം, പുനഃപ്രതിഷ്ഠ |

## പുസ്തക വിഭജനം: (34 അദ്ധ്യായങ്ങൾ)

(1) യിസ്രായേൽ മക്കളുടെ യാത്രയും, അനുസരണത്തിനായുള്ള ആഹ്വാനവും (മോശെയുടെ ആദ്യത്തെ പ്രസംഗം) — ആവ.1:1 — ആവ.4:43

(2) ദൈവികനിയമങ്ങൾ ഉറപ്പിച്ചു കൊടുക്കുന്നു(മോശെയുടെ രണ്ടാമത്തെ പ്രസംഗം) ആവ.4:44 —26:19.

(3) യിസ്രായേലിനോടുള്ള ഉടമ്പടി പുതുക്കൽ(മോശെയുടെ മൂന്നാമത്തെ പ്രസംഗം) ആവ.27:1 —30:20

(4) മോശെയുടെ അന്ത്യസന്ദേശം) — ആവ.31:1—3

(5) മോശെയുടെ സംഗീതം — ആവ.32:1 —47

(6) മോശെ വാഗ്ദത്തദേശം ദർശിക്കുന്നു — ആവ.32:48—52

(7) മോശെയുടെ സാക്ഷ്യം, വിടവാങ്ങൽ — അവരെ അനുഗ്രഹിക്കുകയും ദൈവത്തിന്റെ വലിപ്പത്തെ ഉയർത്തി കാണിക്കുകയും ചെയ്യുന്നു — ആവ.33:1—29

(8) മോശെയുടെ മരണം — ആവ.34:1—12

## പ്രത്യേകതകൾ —

(1) ലേവ്യപുസ്തകത്തിൽ മുഖ്യമായി പുരോഹിതന്മാരോട് സംസാരിക്കുന്നു എങ്കിൽ ആവർത്തനത്തിൽ സാധാരണ ജനത്തോടാണ് സംസാരിക്കുന്നത്.

(2) യേശുകർത്താവ് തന്റെ സംസാരത്തിൽ ആവർത്തനപുസ്തകത്തിലെ ഭാഗങ്ങൾ ഉദ്ധരിച്ചിരുന്നു.

(3) ന്യായപ്രമാണത്തെ അടിസ്ഥാനപ്പെടുത്തി മോശെയുടെ നാലു പ്രസംഗങ്ങൾ ഇതിലുൾപ്പെടുന്നു.

(4) തിരുവചനത്തോടു കൂട്ടകയോ കുറയ്ക്കുകയോ ചെയ്യരുതെന്നു പറഞ്ഞിരിക്കുന്നു (ആവ.4:2).

(5) പത്തു കല്പനകൾ ആവർത്തിച്ചിരിക്കുന്നു (ആവ.5)

(6) ന്യായപ്രമാണത്തിന്റെ അന്തസത്ത (ആവ.6:5)

(7) യിസ്രായേലിനെ ദൈവം തിരഞ്ഞെടുത്തതിന്റെ കാരണം (ആവ.7:7)

(8) ഹൃദയപരിഛേദന — ഹൃദയം ദൈവസന്നിധിയിൽ പൂർണ്ണമായി തുറക്കുക (ആവ.10:16)

(9) പൂജാഗിരികൾ നശിപ്പിക്കുക — വിഗ്രഹാരാധനാകേന്ദ്രങ്ങൾ നശിപ്പിക്കുക (ആവ.12:2,3)

(10) അശേരാ പ്രതിഷ്ഠ പാടില്ല (ആവ.16:21)— മരം കൊണ്ടുള്ള വിഗ്രഹം അശേരാ — അസ്തോരെത്ത് ദേവിയുടെ പ്രതിഷ്ഠ (ന്യായാ.2:13/ ന്യായാ.6:26)

(11) യിസ്രായേൽ രാജാവിനുണ്ടായിരിക്കേണ്ട യോഗ്യതകൾ (ആവ.17:14–20)

(12) ദൈവത്തിന്റെ പ്രവാചകനാണോ എന്നു പരിശോധിക്കുവാൻ (ആവ.13:1–3/ ആവ.18:20–22)

(13) തൂങ്ങിമരിച്ചവൻ ശാപഗ്രസ്തൻ (ആവ.21:23 /ഗലാ.3:13).

## മോശെയുടെ നാലു പ്രഭാഷണങ്ങൾ —

മോശെയുടെ മരണത്തിനും ദൈവജനമായ യിസ്രായേലിന്റെ കനാൻ പ്രവേശനത്തിനും മുമ്പായി മോവാബ് സമഭൂമിയിൽ വെച്ചു മോശെയുടെ നാലു പ്രഭാഷണങ്ങൾ ആവർത്തനപുസ്തകത്തിൽ കാണുന്നുണ്ട്. അവർക്കു നല്കുന്ന അനുഗ്രഹങ്ങളും ഇതിലുൾപ്പെടുന്നു.

(1) ആവർത്തനം അദ്ധ്യായം — 1 മുതൽ 4 വരെ

(2) ആവർത്തനം അദ്ധ്യായം — 5 മുതൽ 26 വരെ

(3) ആവർത്തനം അദ്ധ്യായം — 27, 28

(4) ആവർത്തനം അദ്ധ്യായം — 29 മുതൽ 33 വരെ

മോശെ നെബോപർവ്വതത്തിൽ പിസ്ഗാ മുകളിൽ നിന്നു ദൂരെ വാഗ്ദത്തദേശമായ കനാൻ കാണുന്നതും, മോശെയുടെ മരണവും, മോശെയുടെ പിൻഗാമിയായി യോശുവ തിരഞ്ഞെടുക്കപ്പെടുന്നതും ആവർത്തനം 34–ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

*"യഹോവ അഭിമുഖമായി അറിഞ്ഞ മോശെയെപ്പോലുള്ള ഒരു പ്രവാചകൻ യിസ്രായേലിൽ പിന്ന ഉണ്ടായിട്ടില്ല"* (ആവ.34:12) എന്ന സാക്ഷ്യത്തോടെ ആവർത്തനപുസ്തകം അവസാനിക്കുന്നു.

**Deuteronomy is a " Book of Remembrances " of various things as detailed below:**

| NO | VERSE | WHAT TO REMEMBER |
|---|---|---|
| 1 | Due.4:9-13 | Remember Mount Sinai |
| 2 | Due.5:15 | Remember that you were Slaves |
| 3 | Due.7:18 | Remember what God did to Pharaoh and to all Egypt |
| 4 | Due.8:2 | Remember how God led you |
| 5 | Due.8:18 | Remember the Lord |
| 6 | Due.9:7 | Remember how you provoked God |
| 7 | Due.9:27 | Remember Abraham, Isaac and Jacob |
| 8 | Due.16:3 | Remember the day you came out of Egypt |
| 9 | Due.24:9 | Remember what the Lord did to Miriam |
| 10 | Deu.25:17 | Remember your enemies |
| 11 | Due.32:7 | Remember the days of old |

**Deuteronomy is a " Book that does not Forget " various things as detailed below:**

| NO | VERSE | WHAT DO NOT FORGET |
|---|---|---|
| 1 | Due.4:9 | Do not Forget the things your eyes have seen |
| 2 | Due.4:23 | Do not Forget the Covenant of the Lord |
| 3 | Due.6:12 | Do not Forget the Lord who brought you out of Egypt |
| 4 | Due.8:11 | Do not Forget the Lord by not keeping His Commandments |
| 5 | Due.8:19 | Do not Forget the Lord in following other gods |
| 6 | Due.9:7 | Do not Forget how you provoked the Lord |
| 7 | Due.25:19 | Do not Forget to blot out the remembrance of Amalek |

# യെശുരൂന്റെ ദൈവവും, ദൈവത്തിന്റെ യെശുരൂനും —

മോശെ യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നു കനാൻ ദേശത്തേക്കു ഒരിടയനെപ്പോലെ വളരെ കരുതലോടെ നയിച്ചു. നൂറ്റിയിരുപതു (120) വയസ്സുള്ള മോശെ 40 വർഷത്തെ മരുപ്രയാണം കഴിഞ്ഞു നെബോപർവ്വതത്തിൽ കയറുന്നതിനു മുമ്പു അവരെ അനുഗ്രഹിക്കുകയും ദൈവത്തിന്റെ ഉന്നതിയെ അവർക്കു കാണിച്ചു കൊടുക്കുകയും ചെയ്യുന്നു. ഇതാണ് ആവർത്തനപുസ്തകം 33-ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ യെശുരൂന്റെ ദൈവത്തെക്കുറിച്ചു ആവർത്തന പുസ്തകം 32, 33 അദ്ധ്യായങ്ങളിൽ പറയുന്നു. ദൈവത്തിന്റെ ഉന്നതി, മാറ്റമില്ലായ്മ, കരുണ, ദയ, സംരക്ഷണം എന്നിവയെല്ലാം ഇതിലൂടെ കാണുന്നു.

യെശുരൂൻ എന്നത് യിസ്രായേലിന്റെ വേറൊരു പേരാണ്. അർത്ഥം — നേരുള്ളവൻ, വത്സലൻ, പ്രിയപ്പെട്ടവൻ, സ്നേഹിക്കപ്പെട്ടവൻ, അനുഗ്രഹിക്കപ്പെട്ടവൻ എന്നൊക്കെയാണ്. യെശുരൂൻ എന്ന പേര് നാലുപ്രാവശ്യം തിരുവചനത്തിൽ ഉപയോഗിച്ചിരിക്കുന്നു. അത് ആവർത്തന പുസ്തകത്തിലും യെശയ്യാപ്രവചനത്തിലുമാണ് .

(1) ആവ.32:15 — *"യെശുരൂനോ പുഷ്ടിവെച്ചു ഉതെച്ചു; നീ പുഷ്ടി വെച്ചു കനത്തു തടിച്ചിരിക്കുന്നു. തന്നെ ഉണ്ടാക്കിയ ദൈവത്തെ അവൻ ത്യജിച്ചു, തന്റെ രക്ഷയുടെ പാറയെ നിരസിച്ചു."*

യിസ്രായേലിന്റെ സമ്പത്തിന്റെ സമൃദ്ധിയും അവരുടെ വിശ്വാസത്യാഗവുമാണ് ഇവിടത്തെ വിഷയം (ആവ.32:15-18). മരുഭൂമിയിൽ ദൈവത്തോടു അവർ അവിശ്വസ്തത കാണിച്ചു. അനേക അനുഗ്രഹങ്ങളും സമൃദ്ധിയും അവർക്കു ലഭിച്ചുവെങ്കിലും അവർ ദൈവത്തെ നിരസിച്ചു. യിസ്രായേലിന്റെ രക്ഷയുടെ പാറയെ തള്ളിക്കളഞ്ഞു. യിസ്രായേൽ പുഷ്ടിവെച്ചു കനത്തു തടിച്ചിരിക്കുന്നു എന്നാണ് പറയുന്നത്. തടിച്ച ഒരു മൃഗത്തെ നിയന്ത്രിപ്പാൻ പ്രയാസമാണ്. അനുസരണക്കേടുണ്ടാകുമ്പോൾ ഉടമസ്ഥനെപ്പോലും അനുസരിക്കാതെ തൊഴിക്കുവാനിടയാകും (ഹോശേ.4:16). ഇതു തന്നെയാണ് യിസ്രായേലിനു ദൈവം നല്കിയ സമൃദ്ധിയിൽ അവരിലുണ്ടായത്. അവർ രക്ഷയുടെ പാറയെ ഉപേക്ഷിച്ചു ഊമവിഗ്രഹങ്ങളുടെ പുറകേ പോയി. യിസ്രായേൽ തങ്ങളുടെ ഏകരക്ഷകനും ദൈവവുമായ യെശുരൂന്റെ ദൈവത്തെ മറന്നു. നമ്മുടെ ജീവിതത്തിൽ സമൃദ്ധിയും ഉന്നതിയും ലഭിക്കുമ്പോൾ ദൈവത്തെ മറക്കുവാൻ ഒരിക്കലും പാടില്ല എന്ന സന്ദേശം ലഭിക്കുന്നു.

(2) ആവ.33:5 — *"ജനത്തിന്റെ തലവന്മാരും യിസ്രായേൽ ഗോത്രങ്ങളും കൂടിയപ്പോൾ അവൻ യെശുരൂന്നു രാജാവായിരുന്നു."*

ദൈവപുരുഷനായ മോശെ തന്റെ മരണത്തിനു മുമ്പു യിസ്രായേൽ ഗോത്രങ്ങളെ അനുഗ്രഹിക്കുന്നതിനു പ്രാരംഭമായി പറയുന്ന വാക്യമാണിത്. യഹോവ മോശെ മൂലം യിസ്രായേലിനു ന്യായപ്രമാണം നല്കി. അവർ അന്നു സീനായ് പർവ്വതത്തിനുചുറ്റും കൂടിയിരുന്നു. *"അതേ, അവൻ ജനത്തെ സ്നേഹിക്കുന്നു; അവന്റെ സകല വിശുദ്ധന്മാരും തൃക്കയ്യിൽ ഇരിക്കുന്നു. അവർ തൃക്കാല്ക്കൽ ഇരുന്നു; അവൻ തിരുവചനം പ്രാപിച്ചു"* (ആവ.33:3). യെശുരൂനായ യിസ്രായേലിനെ സ്നേഹിക്കുന്ന ദൈവം, അവരെ കരങ്ങളിൽ വഹിക്കുന്ന ദൈവം, അവർ ദൈവപാദപീഠത്തിൽ ഇരിക്കുകയും തിരുവചനം പ്രാപിക്കുകയും ചെയ്തു. ചുരുക്കത്തിൽ തേജോമയനായ സർവ്വശക്തനായ യഹോവയായ ദൈവം യെശുരൂനു അഥവാ യിസ്രായേലിനു രാജാവുമായിരുന്നു.

(3) ആവ.33:26,27 — *"യെശുരൂന്റെ ദൈവത്തെപ്പോലെ ഒരുത്തനുമില്ല; നിന്റെ സഹായത്തിനായി അവൻ ആകാശത്തൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു. പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട് "* യിസ്രായലിന്റെ ദൈവത്തിന്റെ ഉന്നതി, അവരുടെ സഹായത്തിനായി മഹിമയോടെ ആകാശത്തിലൂടെ വരുന്ന ദൈവം, നിത്യനായ ദൈവം, സംരക്ഷിക്കുകയും താങ്ങുകയും ചെയ്യുന്ന ദൈവം എന്നിങ്ങനെ യെശുരൂന്റെ ദൈവത്തിന്റെ പ്രത്യേകതകൾ മോശെ തന്റെ അനുഗ്രഹ സന്ദേശത്തിനൊടുവിൽ വെളിപ്പെടുത്തുന്നു.

(4) യെശ.44:1,2 — *"ഇപ്പോഴോ, എന്റെ ദാസനായ യാക്കോബേ, ഞാൻ തിരഞ്ഞെടുത്ത യിസ്രായേലേ, കേൾക്ക. നിന്നെ ഉരുവാക്കിയവനും ഗർഭത്തിൽ നിന്നെ നിർമ്മിച്ചവനും നിന്നെ സഹായിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ ദാസനായ യാക്കോബേ, ഞാൻ തിരഞ്ഞെടുത്ത യെശുരൂനേ, നീ ഭയപ്പെടേണ്ടാ."*

യാക്കോബ് എന്നാൽ ദൈവത്തിന്റെ പ്രഭു അഥവാ യിസ്രായേൽ. യിസ്രായേൽ ദൈവത്തിന്റെ ദാസഗണമാണ്, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്, അവരുടെ സ്രഷ്ടാവാണ്, സഹായിച്ച ദൈവ

മാണ്. മാത്രവുമല്ല അവർ ദൈവത്തിന്റെ യെശുരൂൻ എന്ന നിലയിൽ നേരുള്ളവൻ, വത്സലൻ, പ്രിയപ്പെട്ടവൻ, സ്നേഹിക്കപ്പെട്ടവൻ, അനുഗ്രഹിക്കപ്പെട്ടവൻ ആകയാൽ ഭയപ്പെടേണ്ട ആവശ്യമില്ലെന്നും പ്രസ്താവിക്കുന്നു.

*"യെശുരൂന്റെ ദൈവത്തെപ്പോലെ ഒരുത്തനുമില്ല; നിന്റെ സഹായത്തിനായി അവൻ ആകാശത്തൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു. പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട് "* (ആവ.33:26,27) — (There is no one like the God of Jeshurun, Who rides the heavens to help you, And in His excellency on the clouds. The eternal God is your refuge, And underneath are the everlasting arms) —

ദൈവത്തിന്റെ യിസ്രായേലിനെക്കുറിച്ചും യിസ്രായേലിന്റെദൈവത്തെക്കുറിച്ചുമാണ് മോശെ പറയുന്നത്. ദൈവത്തിന്റെ യിസ്രായേലിനെ നോക്കുമ്പോൾ ഭൂമിയിൽ ഇതുപോലെ കരുണ, ദയ, സംരക്ഷണം, അനുഗ്രഹം, വിജയം ലഭിച്ച വേറൊരു ജാതിയുമില്ല. യിസ്രായേലിന്റെ ദൈവത്തെക്കുറിച്ചു നോക്കുമ്പോൾ ഈ ദൈവം സർവ്വശക്തൻ, മാറ്റമില്ലാത്ത ദൈവം, കീഴെശാശ്വത ഭുജമുള്ള ദൈവം, സംരക്ഷകൻ, മഹത്വത്തോടെ മേഘാരൂഢനായി വരുന്നൻ എന്നിങ്ങനെ അനേക സ്വഭാവ സവിശേഷതകളുണ്ട്.

**(1) യെശുരൂന്റെ ദൈവത്തെപ്പോലെ ഒരുത്തനുമില്ല** —(There is no one like the God of Jeshurun) —

യെശുരൂൻ എന്നത് യിസ്രായേലിന്റെ ഓമനപ്പേരാണ്. യഹോവെയ്ക്കു യിസ്രായേൽ പ്രിയപ്പെട്ടവനും, വത്സലനും, സ്നേഹിക്കപ്പെട്ടവനുമാണ്. യിസ്രായേൽമക്കളുടെ പ്രവർത്തനവും, ജീവിതവും, സ്വഭാവവും മനസ്സിലാക്കിയ മോശെക്കുപോലും അവരെക്കുറിച്ചു അഭിമാനിക്കാവുന്നതിനു പരിമിതിയുണ്ടായിരുന്നു. എന്നാൽ സർവ്വശക്തനായ ദൈവം അവരെക്കുറിച്ചു പറയുമ്പോൾ തന്നെ വിശേഷിപ്പിക്കുന്നത് യെശുരൂന്റെ ദൈവം, യാക്കോബിന്റെ ദൈവം, യിസ്രായേലിന്റെ ദൈവം എന്നാണ്. അവർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്. അത് അവരുടെ എണ്ണമോ, പെരുപ്പമോ, നന്മയോ, ബലമോ, ധനമോ ഒന്നും നോക്കിയില്ല.

''*നിന്റെ ദൈവമായ യഹോവെയ്ക്കു നീ ഒരു വിശുദ്ധജനം ആകുന്നു; ഭൂതലത്തിലുള്ള സകല ജാതികളിലും വെച്ചു നിന്നെ തനിക്കു സ്വന്തമായിരിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ സംഖ്യയിൽ സകലജാതികളേക്കാളും പെരുപ്പമുള്ളവരാകകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ടു തിരഞ്ഞെടുത്തതു: നിങ്ങൾ സകല ജാതികളെക്കാളും കുറഞ്ഞവരല്ലോ ആയിരുന്നതു"* (ആവ.7:6,7).

യെശുരൂൻ എന്നത് ദൈവത്തിന്റെ സ്നേഹത്തെ വെളിപ്പെടുത്തുന്നു. നാം ദൈവത്തിന്റെ യെശുരൂനാണ്. പുതിയനിയമത്തിൽ വിശ്വാസികളുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചു പറയുമ്പോൾ ഇതിനു സമാനമായ പ്രിയമുള്ളവർ, സ്നേഹമുള്ളവർ എന്ന പ്രയോഗങ്ങളാണ് കാണുന്നത് .

*"അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി........"* (കൊലൊ.3.:12).

*"ദൈവത്താൽ സ്നേഹിക്കപ്പെട്ട സഹോദരന്മാരേ നിങ്ങളുടെ തിരഞ്ഞെടുപ്പിനെ അറിയുന്നുവല്ലോ"* (1.തെസ്സ.1:4).

യെശുരൂന്റെ ദൈവത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ഈ ദൈവത്തെപ്പോലെ മറ്റൊരു ദൈവവുമില്ല എന്നതാണ്. ജാതികളുടെ ദേവന്മാർ കല്ലിലും മരത്തിലും നിർമ്മിക്കപ്പെട്ടവ. അവരുടെ ദേവന്മാർ സംഹാരത്തിന്റെ പ്രതീകമായി രുദ്രഭാവത്തോടെ സംഹാരത്തിനായി നില്ക്കുമ്പോൾ നമ്മുടെ ദൈവം കരുണയുള്ളവനാകയാൽ തന്റെ ദയായാൽ നമ്മെ ചുറ്റിയിരിക്കുന്നു.

**(2) നിന്റെ സഹായത്തിനായി അവൻ ആകാശത്തൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു**—(Who rides the heavens to help you, And in His excellency on the clouds) —

യെശുരൂന്റെ ദൈവം അവരുടെ സഹായത്തിനായി വരുന്നു. മോശെ തന്റെ ജനത്തോടു യാത്ര പറഞ്ഞു പിസ്ഗാമുകളിലേക്കു കയറുവാൻ പോകുന്നു. താൻ മാറ്റപ്പെട്ടാലും യെശുരൂന്റെ ദൈവം മേഘാരൂഢനായി അവരെ സാഹായിപ്പാനായി വരുന്നു. ഒരു ശത്രുവിനും യെശുരൂന്റെ മുമ്പാകെ എതിർത്തു നില്ക്കാൻ കഴികയില്ല. ദൈവത്തിൽ അഭയം കണ്ടെത്തിയ, സങ്കേതം ലഭിച്ച വേറൊരു ജനവുമില്ല. *"ദൈവമേ, നിന്റെ ദയ എത്ര വിലയേറിയതു! മനുഷ്യപുത്രന്മാർ നിന്റെ ചിറകിൻ നിഴലിൽ ശരണം പ്രാപിക്കുന്നു"* (സങ്കീ.36:7). *"അവൻ തന്റെ മാളികകളുടെ തുലാങ്ങളെ വെള്ളത്തിന്മേൽ നിരത്തുന്നു; മേഘങ്ങളെ തന്റെ തേരാക്കി, കാറ്റിൻ ചിറകിന്മേൽ സഞ്ചരിക്കുന്നു"* (സങ്കീ.104:3).

യിസ്രായേലിനു മാത്രമല്ല പുതിയ നിയമവിശ്വാസികൾക്കും ഇത് പ്രത്യാശയുടെ അനുഭവമാണ്. നമ്മുടെ കർത്താവ് ആകാശത്തൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരും. അതാണ് ദൈവവചനം വിളിച്ചറിയിക്കുന്നത് (മത്താ.24:30/ അപ്പൊ.1:9-11/1.തെസ്സ.4:16 -18).

## (3) പുരാതനനായ ദൈവം നിന്റെ സങ്കേതം — ( The Eternal God is your Refuge) —

യെശുരൂന്റെ ദൈവം പുരാതനനായ ദൈവമാണ് (Everlasting / Eternal God). പുരാതനനായ ദൈവം എന്നു പറയുമ്പോൾ ദൈവത്തിന്റെ പഴക്കം, വയസ്സ് അല്ല അർത്ഥമാക്കുന്നത്. ആരംഭവും അവസാനവുമില്ലാത്ത നിത്യനായ ദൈവത്തെയാണ് ഇവിടെ കാണുന്നത്. മനുഷ്യനു ആരംഭം ഉണ്ടെങ്കിലും അവസാനമില്ല. പുരാതനനായ ദൈവം എന്നത് നിത്യനായ ദൈവത്തിന്റെ സർവ്വശക്തിയും, അധികാരവും, സർവ്വാധിപത്യവുമാണ് വെളിപ്പെടുന്നത്. സകല സൃഷ്ടിക്കും മുമ്പേ അനാദിയായും ശാശ്വതവുമായുമിരിക്കുന്ന ദൈവമാണ് പുരാതനനായ ദൈവം. ഈ വലിയവനായ ദൈവം വിശ്വാസിയുടെ സങ്കേതമാണ്. ജാതികളുടെ ദേവന്മാരൊക്കെയും അവരുടെ കണ്ടു പിടുത്തങ്ങളും കൈവേലയും അവരുടെ സൃഷ്ടിയുമാണ്. അവെക്കു വായുണ്ടെങ്കിലും സംസാരിക്കുവാൻ കഴിയാത്തതും, ചെവിയുണ്ടെങ്കിലും കേൾക്കാൻ കഴിയാത്തവയും, കാലുണ്ടെങ്കിലും നടക്കാൻ കഴിയാത്തവയും, കയ്യുണ്ടെങ്കിലും ഒന്നും പ്രവർത്തിപ്പാൻ കഴിയാത്തതുമായ ഊമ വിഗ്രഹങ്ങളുമാണ് (സങ്കി.115:4-8).

യിസ്രായേലിന്റെ ദൈവം നിത്യനാണ്. യിസ്രായേലിന്റെ ദൈവത്തെക്കുറിച്ചു മോശെ സങ്കീർത്തനത്തിൽ വിവരിക്കുന്നത് — *"പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു"* (സങ്കീ.90:2). യിസ്രായേലിന്റെ ദൈവം മാത്രം പുരാതനനും, സത്യമായതും, ജീവിക്കുന്നവനുമായ ദൈവം എന്നു യെശയ്യാ പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നു. *"നിങ്ങൾ പ്രസ്താവിച്ചു കാണിച്ചു തരുവിൻ; അവർ കൂടി ആലോചിക്കട്ടെ; പുരാതനമേ ഇതു കേൾപ്പിക്കുകയും പണ്ടു തന്നേ ഇതു പ്രസ്താവിക്കയും ചെയ്തവൻ ആർ? യഹോവയായ ഞാൻ അല്ലയോ? ഞാൻ അല്ലാതെ വേറൊരു ദൈവവും ഇല്ല; ഞാൻ അല്ലാതെ നീതിമാനായൊരു ദൈവവും രക്ഷിതാവും ഇല്ല"* (യെശ.45:21). യിസ്രായേലിന്റെ ദൈവത്തെക്കുറിച്ചു ഹബക്കൂക് പറയുന്നത് — *"എന്റെ ദൈവമായ യഹോവേ, നീ പുരാതനമേ, എന്റെ പരിശുദ്ധനല്ലേയോ?"* (ഹബ.1:12).

പുരാതനനായ ദൈവം നിന്റെ സങ്കേതം എന്നു നമുക്കും പറയുവാൻ സാധിക്കും. രക്ഷിപ്പാനും സൂക്ഷിപ്പാനും കഴിവുള്ളവനിൽ ശരണപ്പെടുന്നതാണ് ആശ്രയം. മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതാണ് നല്ലത്. യിരെമ്യാ പ്രവാചകൻ പറയുന്നു — യഹോവയിൽ ആശ്രയിച്ചു യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ (യിരെ.17:7). കർത്താവിൽ ആശ്രയിക്കുന്നവൻ കർത്താവിനും മറ്റുള്ളവർക്കും പ്രയോജനപ്പെടുന്നു. എന്നാൽ പ്രതികൂലതകൾ ഉണ്ടാകാം, ഈശാനമൂലൻ ആഞ്ഞടിക്കാം, അലറുന്ന സിംഹം എന്ന പോലെ പിശാചു എതിർത്തു വരാം. എന്നാൽ ദൈവത്തിൽ സങ്കേതം വച്ചിരിക്കുന്നവർ വീഴാതെ തളരാതെ നിവർന്നു നില്ക്കും. ദേശത്തു സാക്ഷ്യമുള്ളവരായി ആത്മഫലം കായ്ക്കുന്നവരായിരിക്കും.

## (4) കീഴെ ശാശ്വതഭൂജങ്ങൾ ഉണ്ട് —(And underneath are the Everlasting Arms) —

യെശുരൂന്റെ ദൈവത്തിന്റെ നാലാമത്തെ പ്രത്യേകത കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട് എന്നതാണ്. ദൈവത്തിന്റെ കരങ്ങൾക്കു ഒരിക്കലും ബലം കുറയുന്നില്ല. ദൈവപുരുഷനായ മോശെയുടെ ഉയർത്തപ്പെട്ട കൈ അമാലേക്യരോടുള്ള യുദ്ധത്തിൽ ക്ഷീണിച്ചു തളർന്നപ്പോൾ അഹരോനും ഹൂരും അപ്പുറത്തും ഇപ്പുറത്തുമായി നിന്നു കൈകൾ താങ്ങേണ്ടി വന്നു (പുറ.17:11,12). ഏതു മനുഷ്യന്റെ കൈകളും ബലക്ഷയമുള്ളതും മാറ്റപ്പെടുന്നതുമാണ്. ദൈവത്തിന്റെ കൈകൾ വീര്യമുള്ളതും, ബലമുള്ളതും, ഉന്നതവുമാകുന്നു (സങ്കീ.89:13). ദൈവത്തിന്റെ വലങ്കൈയ്യും വിശുദ്ധഭുജവും ജയം നല്കുന്നു (സങ്കീ.98:1). ദൈവത്തിന്റെ കൈയ്യിൽ നിന്നു ആർക്കും നമ്മെ പിടിച്ചു പറിക്കുവാൻ കഴികയില്ല. കർത്താവിന്റെ ആടുകളായ നാം ആ ബലമുള്ള കരത്തിലാണ് (യോഹ.10:28). മല്ലനായ ഗോല്യാത്തിനോ, അനാക്യമല്ലന്മാർക്കോ, അന്ധകാരപ്രഭുവായ സാത്താനോ, അലറിക്കൊണ്ടു വരുന്ന സിംഹത്തിനോ, ദുഷ്ടാത്മശക്തികൾക്കോ ബലമുള്ള കൈക്കീഴിലിരിക്കുന്നവരെ ഒന്നും ചെയ്യാൻ കഴികയില്ല. *"അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ"* (1.പത്രൊ.5:6).

യെശുരൂന്റെ ദൈവത്തിനു ശാശ്വത ഭുജങ്ങൾ ഉണ്ട് എന്നത് ദൈവം തന്റെ മക്കളെ തന്റെ കരങ്ങളിൽ എപ്പോഴും താങ്ങും എന്നാണ്. എത്ര ഉയരത്തിൽ നിന്നു വീണാലും കഴുകൻ അതിന്റെ കുഞ്ഞുങ്ങളെ താങ്ങുന്നതുപോലെ ദൈവം തന്റെ ഭുജത്താൽ നമ്മെ താങ്ങിക്കൊള്ളും. *"കഴുകൻ തന്റെ കൂടു അനക്കി കുഞ്ഞുങ്ങൾക്കു മീതെ പറക്കുമ്പോലെ താൻ ചിറകു വിരിച്ചു അവനെ എടുത്തു തന്റെ ചിറകിന്മേൽ അവനെ വഹിച്ചു"* (ആവ.32:11). ദൈവകരങ്ങൾക്കുള്ളിൽ നിന്നു നാം എടുത്തു ചാടിയാലും വീഴുന്നത് ആ നീട്ടിയ ഭുജങ്ങൾക്കുള്ളിലാണ്. അനുസരണക്കേടു നിമിത്തം ദൈവകരങ്ങളിൽ നിന്നു വഴുതിപ്പോയ യോനായും, നിരാശനായി ചൂരച്ചെടിയുടെ കീഴിൽ തളർന്നു കിടക്കുന്ന ഏലീയാവും ദൃഷ്ടാന്തങ്ങളാണ്. ദൈവം അവരുടെ വീഴ്ചകളിൽ തള്ളിക്കളയാതെ അവരെ ശാശ്വത ഭുജങ്ങളിൽ വഹിക്കുകയായിരുന്നു. *''നിന്റെ കാൽ കല്ലിൽ തട്ടി പോകാതിരിക്കേണ്ടതിന്നു അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും"* (സങ്കീ.91:12) എന്നാണ് ദൈവകരുതലിനെക്കുറിച്ചു പറയുന്നത്. രോഗത്താൽ, പ്രയാസങ്ങളാൽ, സാമ്പത്തിക ബുദ്ധിമുട്ടുകളാൽ വിശ്വാസവും ഭക്തിയും ക്ഷീണിച്ചു പോകാം. സകല മനുഷ്യരും കൈവിടുന്ന അനുഭവമുണ്ടാകാം. ഈ സന്ദർഭങ്ങളിൽ കീഴെ ദൈവത്തിന്റെ ശാശ്വതഭുജങ്ങളുണ്ടെന്ന അറിവ് നമുക്കു ശക്തി പകരും. വറ്റിയതോടും ശൂന്യമായ തുരുത്തിയും കണ്ടു ഭയപ്പെടേണ്ടാ. ഏതു സമയത്തും യെശുരൂന്റെ ദൈവം നമ്മോടൊപ്പമുണ്ടായിരിക്കും. ദൈവത്തിന്റെ ബലമുള്ള കരങ്ങളിൽ അമർന്നിരിക്കാം.

## ആവർത്തനപുസ്തകം പ്രായോഗിക ജീവിതത്തിൽ —

ആവർത്തനപുസ്തകം ദൈവവചനത്തിന്റെ പ്രാധാന്യതയെ വെളിപ്പെടുത്തുന്നു. നാം ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല എങ്കിലും ആവർത്തന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവികപ്രമാണങ്ങളോടും ഉപദേശങ്ങളോടും പുതിയനിയമവെളിച്ചത്തിൽ അനുസരിക്കേണ്ടവരാണ്. ദൈവത്തെയും ദൈവവചനത്തെയും അനുസരിച്ചാൽ അനുഗ്രഹവും, അനുസരിക്കാതെ പാപത്തിൽ ജീവിച്ചാൽ ശാപവും അതിനുള്ള ശിക്ഷയും ലഭിക്കും. നാം ആരും തന്നെ ദൈവികപ്രമാണങ്ങൾക്കും കല്പനകൾക്കും അതീതരല്ല. മോശെ യിസ്രായേലിനെ മിസ്രയീമിലെ അടിമത്വത്തിൽ നിന്നു വിടുവിക്കുവാനായി ദൈവം തിരഞ്ഞെടുത്തയച്ച ദൈവദാസനായിരുന്നു. മോശെ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യൻ എന്ന സാക്ഷ്യം ലഭിച്ചവൻ (സംഖ്യാ.12:3), ദൈവത്തോടു അഭിമുഖമായി സംസാരിച്ചവൻ (പുറ.33:11/ആവ.34:12), ദൈവപുരുഷൻ എന്ന നാമം ലഭിച്ചവൻ (ആവ.33:1), യഹോവ അഭിമുഖമായി അറിഞ്ഞ മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ ഉണ്ടായിട്ടില്ല (പുറ.34:30) എന്നിങ്ങനെ വിവിധ സ്വഭാവശ്രേഷ്ഠതകൾ മോശെയോടുള്ള ബന്ധത്തിൽ കാണുന്നു. ദൈവജനത്തിനുള്ള ന്യായപ്രമാണവും മോശെയിലൂടെയാണ് ലഭിച്ചത്. എന്നാൽ മോശെയും ദൈവവചനം പൂർണ്ണമായി അനുസരിക്കണമായിരുന്നു. മരുഭൂമിയിലെ യാത്രക്കിടയിൽ ദൈവത്തിന്റെ വാക്കിനെ ലംഘിച്ചു പ്രവർത്തിക്കുവാനിടയായ മോശെക്കു വാഗ്ദത്തനാടായ കനാനിൽ പ്രവേശിക്കുവാൻ സാധിച്ചില്ല. കാദേശിൽ വെള്ളം ലഭിക്കുവാൻ പാറയോടു കല്പിക്കുവാൻ ദൈവം പറഞ്ഞപ്പോൾ മോശെ പാറയെ രണ്ടു പ്രാവശ്യം അടിച്ചു (സംഖ്യാ.20:7-12). അതു ദൈവത്തോടുള്ള മോശെയുടെ അനുസരണക്കേടും അവിശ്വാസവുമായിത്തീർന്നു. കല്പന ലംഘിക്കയാൽ വാഗ്ദത്തനാട്ടിൽ പ്രവേശിക്കയില്ലെന്നു ദൈവം കല്പിച്ചു. ദൈവപുരുഷനായ മോശെയുടെ ഒരു വീഴ്ചെക്കു ദൈവം ഇപ്രകാരം ശിക്ഷിച്ചെങ്കിൽ നാമും ദൈവത്തോടും ദൈവവചനത്തോടും എത്രമാത്രം അനുസരണവും സമർപ്പണവും ഉണ്ടായിരിക്കണമെന്നു ഇതിലൂടെ വെളിപ്പെടുന്നു.

വിശ്വാസവീരനായ **അബ്രഹാമിനെ** വിളിച്ചതിന്റെ ഒരു ഉദ്ദേശ്യം തന്റെ മക്കളോടും വരുന്ന തലമുറയോടും യഹോവയുടെ വഴിയിൽ നടപ്പാൻ കൽപ്പിക്കേണ്ടതിനു ആയിരുന്നു.

*ഉല്പ.18:19 — "യഹോവ അബ്രഹാമിനെക്കുറിച്ചു അരുളിച്ചെയ്തതു അവന്നു നിവൃത്തിച്ചു കൊടുപ്പാൻ തക്കവണ്ണം അബ്രഹാം തന്റെ മക്കളോടും തനിക്കു പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവൃത്തിച്ചുകൊണ്ടു യഹോവയുടെ വഴിയിൽ നടപ്പാൻ കൽപ്പിക്കേണ്ടതിന്നു ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നു."*

**മോശെ** സീനായ് മലയിൽവെച്ചു പാളയശുദ്ധീകരണം നടത്തി, ന്യായപ്രമാണം ഏറ്റു വാങ്ങി. അതിലെ വചനങ്ങൾ അവർ വായിച്ചു ഹൃദയത്തിൽ സംഗ്രഹിക്കുകയും മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും വേണം എന്നു കല്പിച്ചു.

***ആവ.6:4-9 —*** *"യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നേ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കേണം. ഇന്നു ഞാൻ നിന്നോടു കൽപ്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദ*

*യത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടന്നുറങ്ങുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം."*

കനാന്റെ കവാടത്തിലെത്തിയ യിസ്രായേലിനെ നയിക്കുവാൻ **യോശുവയെ** ബലപ്പെടുത്തിയതു ദൈവീകപ്രമാണങ്ങളായിരുന്നു. തന്റെ ജനത്തെ നടത്തുവാനായി യോശുവയെ തിരഞ്ഞെടുത്തപ്പോൾ നൽകിയ നിർദ്ദേശം, ദൈവവചനങ്ങൾ അവന്റെ വായിൽ നിന്നും നീങ്ങിപ്പോകരുതു എന്നായിരുന്നു. ***യോശു.1:8*** *— "ഈ ന്യായപ്രമാണപുസ്തകത്തിലുള്ളതു നിന്റെ വായിൽ നിന്നു നീങ്ങിപ്പോകരുതു; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന്നു നീ രാവും പകലും അതു ധ്യാനിച്ചു കൊണ്ടിരിക്കണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും."*

വേനൽക്കാലത്തു കരകവിഞ്ഞൊഴുകുന്ന യോർദ്ദാൻ വിഭാഗിക്കുവാൻ യോശുവാ ചെയ്തതു വചനം ഇരിക്കുന്ന ദൈവത്തിന്റെ നിയമപെട്ടകം വചനം പ്രമാണിക്കുന്ന പുരോഹിതന്മാരുടെ ചുമലിൽ വഹിച്ച് യോർദ്ദാനിലേക്കിറങ്ങുക എന്നതായിരുന്നു. ദൈവപുരുഷനായ മോശെ ദൈവത്തിന്റെ വടി നീട്ടി ചെങ്കടൽ വിഭാഗിച്ചു എങ്കിൽ ഇതാ, മോശെയുടെ ദാസനായ യോശുവാ ദൈവവചനത്താൽ, കരകവിഞ്ഞൊഴുകുന്ന യോർദ്ദാനെ വിഭാഗിക്കുന്നു **(യോശു.3:9–17)**.

കർത്താവിനെ മരുഭൂമിയിവെച്ചു പിശാചു പരീക്ഷിച്ചപ്പോൾ ആവർത്തനപുസ്തകത്തിലെ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് കർത്താവു അവനെ തോല്പിച്ചത്. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയിൽ അടിസ്ഥാനപ്പെട്ടുള്ള പരീക്ഷകളാണ് പിശാചു ഉന്നയിച്ചത്. ജഡമോഹത്തോടു ബന്ധപ്പെട്ടുള്ള പരീക്ഷയിൽ (മത്താ.4:3,4) ആവ.8:3 ലെ വചനവും, കണ്മോഹത്തോടുള്ള ബന്ധത്തിൽ (മത്താ.4:8–11) ആവ.6:13 ലെ വചനവും, ജീവനത്തിന്റെ പ്രതാപത്തോടുള്ള ബന്ധത്തിൽ (മത്താ.4:5–7) ആവ.6:16 ലെ വചനവും കർത്താവു ഉദ്ധരിച്ചു പിശാചിനെ തോല്പിച്ചു. കർത്താവു ഇപ്രകാരം വചനം ഉദ്ധരിച്ചു സംസാരിച്ചത് നാമും ദൈവവചനം ഹൃദയത്തിൽ സംഗ്രഹിക്കണമെന്നതിനെ വെളിപ്പെടുത്തുന്നു. ദൈവവചനം നമ്മുടെ കാലുകൾ അന്ധകാരവഴിയിലേക്കു പോകാതെ, കാലിനു ദീപമായി, പാതെക്കു പ്രകാശമായി ഇരിക്കുവാനും പാപം ചെയ്യാതിരിക്കുവാനും സഹായിക്കുന്നു. *"ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു"* (സങ്കീ.119:11).*"നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു."* (സങ്കീ.119:105).

നാം രക്ഷിക്കപ്പെട്ടതു ദൈവവചനത്താലാണ്. നാം വളരേണ്ടതും ഈ മായമില്ലാത്ത തെളിവചനത്താൽ ആയിരിക്കണം. പാപം ചെയ്യാതിരിപ്പാൻ, ദൈവസാന്നിദ്ധ്യം അനുഭവിക്കുവാൻ, എല്ലാവരെയും സ്നേഹിക്കുവാൻ, വിശുദ്ധിയിൽ വളരുവാൻ, കർത്താവിനു വേണ്ടി ഫലം പുറപ്പെടുവിക്കുവാൻ, പിശാചിനോടു എതിർത്തു നിലക്കുവാൻ, വിജയകരമായ ക്രിസ്തീയജീവിതം നയിക്കുവാൻ ദൈവവചനം പഠിക്കുകയും പ്രാവർത്തികമാക്കുകയും വേണം.

## ക്രിസ്തു ആവർത്തനപുസ്തകത്തിൽ — മോശെയെപ്പോലുള്ള പ്രവാചകൻ

(1) "നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിച്ചു തരും; അവന്റെ വചനം നിങ്ങൾ കേൾക്കണം"(ആവ.18:15 ,18/ അപ്പൊ.7:37) എന്നത് യേശുക്രിസ്തുവിനെ കുറിക്കുന്നു.

(2) യേശുക്രിസ്തു ഈ ലോകത്തിൽവെച്ചു സാത്താനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ പിശാചിനെ തോൽപ്പിക്കുവാൻ ആവർത്തനപുസ്തകത്തിലെ വാക്യങ്ങൾ ഉപയോഗിച്ചതായി കാണുന്നു (ആവ.8:3 —> മത്താ.4:4 / ആവ.6:16 —> മത്താ.4:7,6:13 / ആവ.10:20 —> മത്താ.4:10).

(3) വിവാഹം കഴിച്ച ഭാര്യയെ ഉപേക്ഷിക്കുന്നതിനെപ്പററിയുള്ള (ആവ. 24:1 –4) വചനങ്ങൾ യേശുക്രിസ്തു ഉദ്ധരിക്കുന്നു (മത്തായി.19:7,8 / മർക്കൊസ് 10:4).

(4) "യെശുരൂന്റെ ദൈവത്തെപ്പോലെ ഒരുത്തനുമില്ല; നിന്റെ സഹായത്തിനായി അവൻ ആകാശത്തൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു. പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ടു" ആവ.33:26,27. വിശ്വാസികളുടെ സങ്കേതവും, സഹായവുമായ യേശുക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയെ അഥവാ രണ്ടാം വരവിനെ കുറിക്കുന്നു (1 തെസ്സ.4:16, 17/വെളി.1:7).

-----------------------------------

# പഞ്ചഗ്രന്ഥങ്ങളും വിശ്വാസിയും

## (PENTATEUCH AND BELIEVERS)

**(1) ഉല്പത്തി —** സകലത്തിന്റെയും ആരംഭം കുറിക്കുന്ന പുസ്തകമാണ് ഉല്പത്തി. പാപം ചെയ്ത മനുഷ്യനോടു കരുണതോന്നിയ ദൈവം അവരെ നീതിയിൻ വസ്ത്രം അണിയിപ്പിച്ചു. അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച ഞാൻ വീണ്ടും ജനിച്ചിരിക്കുന്നു. യേശുക്രിസ്തുവിലൂടെ ദൈവം നീതിയുടെ വസ്ത്രം ദാനമായി നല്കി. ഞാൻ ക്രിസ്തുവിൽ ഒരു പുതിയസൃഷ്ടി. എനിക്കു പുതിയ ഹൃദയം, പുതിയ തുടക്കം - സകലത്തിനും ആരംഭം.

2.കൊരി.5.17 — *"ഒരുത്തൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞുപോയി. ഇതാ അതു പുതുതായി തീർന്നിരിക്കുന്നു."*

**(2) പുറപ്പാട് —** വീണ്ടെടുക്കപ്പെട്ട മനുഷ്യനെയാണ് പുറപ്പാടിൽ കാണുന്നത്. ദൈവം എന്നെ നാശകരമായ, മരണകരമായ സാത്താന്റെ അടിമത്വത്തിൽ നിന്നു വീണ്ടെടുത്തു. ഞാൻ ദൈവത്തിനായി എന്നേക്കുമായി വേർതിരിക്കപ്പെട്ടു.

എബ്രാ.9:12 — *"ഒരു കൂടാരത്തിൽകൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാങ്ങളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിലേക്കു പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പു സാധിപ്പിച്ചു."*

യോഹ.8.31-36 — *"എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും......"*

**(3) ലേവ്യപുസ്തകം —** വീണ്ടെടുക്കപ്പെട്ടവരാണ് ദൈവത്തെ ആരാധിക്കുന്നതെന്നു ലേവ്യാപുസ്തകത്തിൽ കാണുന്നു. ക്രിസ്തുവിന്റെ ഏകയാഗത്താൽ എനിക്കു വിശുദ്ധനായ ദൈവത്തോടു നിരപ്പു അഥവാ സമാധാനം ലഭിച്ചു. പുരോഹിതൻ എന്ന നിലയിൽ എനിക്കു ദൈവത്തെ ആരാധിക്കുവാൻ സാധിക്കുന്നു. ദൈവം വിശുദ്ധൻ ആകയാൽ ഞാൻ വിശുദ്ധിയിൽ ജീവിക്കണം (ലേവ്യ.11:45)

1.പത്രൊ.1.18-*"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ."*

**(4) സംഖ്യാപുസ്തകം —** മരുഭൂമി പ്രയാണത്തെ സംഖ്യാപുസ്തകം വെളിപ്പെടുത്തുന്നു. മരുഭൂമിയിലെ വാസം പരീക്ഷകളും പ്രയാസങ്ങളും ശോധനയും നിറഞ്ഞതാണ്. ദൈവത്തെ ആരാധിക്കുന്ന തന്റെ ജനം അന്യരും പരദേശികളുമെന്ന നിലയിൽ ലോക മരുഭൂമിയിലുടെ യാത്ര ചെയ്യുന്നു. കാനാനിലേക്കു യാത്ര ചെയ്യുന്ന യിസ്രായേലിനെപ്പോലെ സ്വർഗ്ഗസീയോനെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്നവരാണ് വിശ്വാസികൾ. ഞാൻ ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്നു. വിശ്വാസം എന്റെ അടിസ്ഥാനം. ദൈവത്തിന്റെ നന്മകളെ എണ്ണി എണ്ണി സ്തുതിക്കുവാൻ സാധിക്കുന്നു.

എബ്രാ.3.1--*''അതുകൊണ്ടു വിശുദ്ധസഹോദരന്മാരേ, സ്വർഗ്ഗീയവിളിക്കു ഓഹരിക്കാരായുള്ളോരേ, നാം സ്വീകരിച്ചു പറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ."*

എബ്രാ.3.12 - *''സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിന്നു അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ."*

**(5) ആവർത്തനപുസ്തകം —** മരുഭൂമിയിലെ പരിശോധനയിലൂടെ കടന്നുപോയ ജനം ദൈവത്തോടും ദൈവീക നിയമങ്ങളോടും അനുസരണമുള്ളവരായിരിക്കണമെന്നു ആവർത്തന പുസ്തകം വെളിപ്പെടുത്തുന്നു. വിശ്വാസിയായ ഞാൻ ദൈവത്തിന്റെ നിയമങ്ങൾ പാലിക്കണം. ആവർത്തിച്ചു ചിന്തിച്ചു അതിൻ പ്രകാരം ജീവിക്കണം. ദൈവത്തെ അനുസരിക്കണം. ദൈവികനന്മകൾ മറക്കാതെ എപ്പോഴും ഓർക്കണം.

യോഹ.14.15 — *"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും."*

യോഹ.14.21- *"എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ചു അവന്നു എന്നെത്തന്നെ വെളിപ്പെടുത്തും."*

റോമ.11:22 —*"ആകയാൽ ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാൺക; വീണവരിൽ ദൈവത്തിന്റെ ഖണ്ഡിതവും; നിന്നിലോ നീ ദയയിൽ നിലനിന്നാൽ ദയയും തന്നേ; അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും."*

## BIBLIOGRAPHY

| | |
|---|---|
| The Bible Exposition Commentary | Warren .W. Wiersbe |
| The Bible Knowledge Commentary | J.F. Walvood & R.B. Zuck |
| Mac Arthur Bible Hand Book | John Mac Arthur |
| Life Application Study Bible | Tyndale Publications |
| Believers Bible Commentary | William Mac Donald |
| Bible Survey | Samson Henry, Kollam |
| Tabernacle | Samson Henry, Kollam |
| തിരുവചന ഉപദേശസത്യങ്ങൾ | Samson Henry, Kollam |
| സത്യവേദപുസ്തകം | Bible Society of India |
| പ്രീമിയർ സ്റ്റഡി ബൈബിൾ | Premier Bible Publications |
| ദാനീയേൽ റഫറൻസ് ബൈബിൾ | Dr. A.P. Daniel |
| ബൈബിൾ ജ്ഞാനഭാഷ്യം - 1 | G. Suseelan |
| ബൈബിൾ കൺകോർഡൻസ് | G. Suseelan |

*NOTES --*